# മാനന്തവാടി രൂപതാ ബുള്ളറ്റിൻ

"ദൈവത്തോട് ചേർന്നു നിൽക്കുവിൻ;
അവിടുന്ന് നിങ്ങളോടും
ചേർന്നു നിൽക്കും" (യാക്കോബ് 4:8)

Printed, Published and Edited by
Fr. Thankachan *alias* Joseph Paruvummel, Published from Bishop's House
Mananthavady, P.B. No. 1, Wayanad 670645.
Owned by the Roman Catholic Diocese of Mananthavady.
Printed at St. Joseph's Offset Press, Mananthavady 670645.

വാല്യം 07 നവംബർ–2016 ലക്കം 11

ഒറ്റപ്രതി 10 രൂപ വാർഷിക വരിസംഖ്യ 120 രൂപ

# ഉള്ളടക്കം


| | |
|---|---|
| സർക്കുലർ ........................................................ | 05 |
| സർക്കുലർ ........................................................ | 09 |
| സർക്കുലർ ........................................................ | 14 |
| രൂപതാകച്ചേരി വാർത്തകൾ ........................................ | 21 |
| വൈദികരുടെ മാസധ്യാനം ........................................ | 23 |
| ബൈബിൾ അപ്പോസ്റ്റലേറ്റ് ........................................ | 25 |
| മതബോധനരംഗം ........................................................ | 29 |
| ചെറുപുഷ്പമിഷൻലീഗ് ................................................ | 32 |
| *Department of Youth Ministry* ........................................ | 44 |
| കെ.സി.വൈ.എം. ........................................................ | 46 |
| കുടുംബപ്രേഷിതത്വം ................................................ | 50 |
| സീയോൻ വാർത്തകൾ ................................................ | 55 |
| ജീസസ് യൂത്ത് മിനിസ്ട്രി ................................................ | 57 |
| വിൻസെന്റ് ഡി പോൾ സൊസൈറ്റി ........................ | 58 |
| സാമൂഹ്യ സേവനരംഗം (WSSS) ........................................ | 63 |
| ബയോവിൻ അഗ്രോ റിസർച്ച് ........................................ | 67 |
| റേഡിയോ മാറ്റൊലി ................................................ | 70 |
| Mary Matha Arts & Science Collge ........................................ | 73 |
| CEADOM വിദ്യാഭ്യാസ മേഖല ........................................ | 74 |
| ഡിഎഫ്സി ........................................................ | 76 |
| അറിയിപ്പുകൾ ........................................................ | 80 |
| പാസ്റ്ററൽ സെന്റർ, പ്രോഗ്രാം ........................................ | 85 |
| ബിഷപ്സ് പ്രോഗ്രാം ................................................ | 86 |

Ref: 2983/K-5/KCBC/OL/DS

# കാരുണ്യത്തിന്റെ അസാധാരണ ജൂബിലിവർഷ സമാപനം കേരള കത്തോലിക്കാസഭയിൽ

**ചൈതന്യ പാസ്റ്ററൽ സെന്റർ, കോട്ടയം**
**2016 നവംബർ 12, ശനി**

## കെസിബിസി പുറപ്പെടുവിക്കുന്ന സർക്കുലർ

വന്ദ്യവൈദികരേ, പ്രിയ സന്ന്യസ്തരേ, സഹോദരീ സഹോദരന്മാരേ,

'കരുണയുടെ മുഖം' എന്ന ഫ്രാൻസിസ് പാപ്പായുടെ പ്രബോധനം കരുണയുടെ അസാധാരണ ജൂബിലിവർഷമാചരിക്കാൻ നമ്മെ പ്രചോദിപ്പിച്ചു. ആധുനികസമൂഹം പുറമ്പോക്കുകളിലേക്കു വലിച്ചെറിഞ്ഞവരെ ഹൃദയപൂർവം പരിഗണിക്കാൻ നാം ശ്രമിക്കുകയായിരുന്നു. കുറെയെങ്കിലും ആ വഴിയേ ചരിക്കാൻ നമുക്കു കഴിഞ്ഞു. ദൈവത്തിന്റെ സ്വഭാവം ദൈവമക്കളുടെ സ്വഭാവമായി പരിണമിക്കുവാനും വിശ്വാസം പ്രവൃത്തികളിലൂടെ സജീവമാക്കുവാനും (യാക്കോ 2:15) നാം കരുതലോടെ ശ്രദ്ധിച്ചു.

കാരുണ്യം ദൈവത്തിന്റെ നാമവും മുഖവും സ്വഭാവവുമാണെന്നു ഗ്രഹിച്ച് നാം അതു സാക്ഷ്യപ്പെടുത്തി. കരുണയുടെ മുഖമായ യേശുക്രിസ്തുവിനെ ജീവിതംകൊണ്ട് ഉച്ചൈസ്തരം പ്രഘോഷിക്കാൻ നമുക്കായി. കാരുണ്യജൂബിലിവർഷത്തിന്റെ ആചരണത്തിലൂടെ ക്രിസ്തുകരുണയുടെ തുടർച്ചയായ തിരുസ്സഭയുടെ മുഖശ്രീ വർദ്ധമാനമാക്കുന്നതിൽ കേരള കത്തോലിക്കാസഭ വിജയിച്ചു എന്നുവേണം വിലയിരുത്താൻ. സഭയും സഭയുടെ മണവാളനായ യേശുമിശിഹായും ഇത്ര സമാകർഷകമായി പൊതുജനമധ്യത്തിൽ അവതരിപ്പിക്കപ്പെട്ട ചരിത്രമുഹൂർത്തങ്ങൾ അപൂർവമായതിനാൽ കരുണയുടെ ജൂബിലിവർഷാചരണം അനുപമമായിരുന്നു എന്നു പറയാതെ വയ്യാ. കാരുണ്യമെന്നത് കേവലം ഒരു നാമമല്ലെന്നും പ്രത്യുത, ക്രിയയാണെന്നും മനോഭാവമാണെന്നുമുള്ള അവബോധം വിശ്വാസികളിൽ ആഴമായി പതിയാൻ ഇടയായതിനെ ഓർത്ത് നമുക്ക് ദൈവത്തിനു നന്ദിപറയാം.

ദൈവത്തിന് ഒരു പുതിയ പേരു കണ്ടെത്തിയ തിരുസഭാതലവനായ പരിശുദ്ധ ഫ്രാൻസിസ് പാപ്പാ, തന്റെ ജീവിതത്തിൽ

അനുവർത്തിച്ചുവന്ന ശൈലി സഭയ്ക്കു നല്കിയതുവഴി സഭയിൽ ആക മാനം മാറ്റവും നവീകരണവും പുതുജീവനും ഉണ്ടായി എന്നു സന്തോഷത്തോടെ അനുസ്മരിക്കട്ടെ. കാലഘട്ടത്തിന്റെ വെല്ലുവിളികൾക്കും വിശ്വാസപ്രതിസന്ധിക്കുമെതിരേയുള്ള സഭയുടെ മറുപടിയാണത്.

ദൈവത്തിന്റെ കാരുണ്യം വ്യക്തിപരമായി അനുഭവിക്കുവാനുള്ള അവസരമായി കരുണയുടെ സവിശേഷജൂബിലിവർഷത്തെ കാണണമെന്ന് പാപ്പാ പഠിപ്പിച്ചു. അതിനായി കരുണയുടെ കവാടങ്ങൾ തുറന്നു. വിശുദ്ധ കുമ്പസാരമെന്ന കരുണയുടെ കൂദാശ കൂടക്കൂടെ സ്വീകരിക്കണമെന്നും കരുണയുടെ മൂർത്തീകരണവും പൂർത്തീകരണവുമായ ദിവ്യകാരുണ്യത്തിൽ വിശ്വാസികൾ ആഴപ്പെടണമെന്നും പരിശുദ്ധ പിതാവ് പഠിപ്പിച്ചു. ദൈവകരുണ അനുഭവിക്കുവാൻ ഒരുവന് കൗദാശികമാർഗങ്ങൾ തുറന്നുകിടക്കുന്നു എന്നതാണ് ക്രൈസ്തവന്റെ വിളിയും ഭാഗ്യവും.

കരുണയുടെ ഭാഷ മനുഷ്യനു മാത്രമല്ല, ഏതു ജീവജാലങ്ങൾക്കും മനസ്സിലാകുന്ന ഭാഷകൾക്കതീതമായ ഭാഷയത്രേ. സ്നേഹത്തിന്റെ ഭാഷ്യമാണത്. ഈ ഭാഷയുടെ ബാലപാഠവും തുടർപാഠങ്ങളും തന്റെ മക്കളെ പഠിപ്പിക്കുവാൻ സഭാമാതാവ് ഒരു വർഷം നീക്കിവയ്ക്കുകയായിരുന്നു. സഭയ്ക്കാകമാനം അത് ഒരു പഠനശിബിരവും പരിശീലനക്കളരിയുമായിരുന്നു; പൊതുസമൂഹത്തിനാകട്ടെ, ഒരു സാധനപാഠവും അനുകരണീയമായ മാതൃകയും. സ്നേഹദാരിദ്ര്യമനുഭവിക്കുന്ന – സ്നേഹം വറ്റിവരണ്ട – ഒരു ലോകത്തിന് നല്കാൻ പറ്റുന്ന പ്രത്യൗഷധവും മൃതസഞ്ജീവനിയുമായിരുന്നു കരുണയുടെ വർഷാചരണം. കരുണ തടംകെട്ടി നില്ക്കേണ്ടതല്ല, നദിപോലെ ഒഴുകേണ്ടതാണ്. ഒരിക്കലും "വറ്റാത്ത നദി" എന്നാണ് കാരുണ്യത്തെ ഫ്രാൻസിസ് പാപ്പാ വിശേഷിപ്പിക്കുന്നത് (*കരുണയുടെ മുഖം,* No.24).

"കരുണയുടെ ഐക്കൺ" എന്ന് ലോകം അംഗീകരിച്ച മദർ തെരേസയെ ജൂബിലിവർഷത്തിൽ വിശുദ്ധയായി പ്രഖ്യാപിച്ചത് നമുക്കേവർക്കും വലിയ സന്തോഷമാണ് സമ്മാനിച്ചത്. "അവിടുത്തെ കാരുണ്യം അനന്തമാണ്" എന്നു സങ്കീർത്തകനോടൊപ്പം (സങ്കീ. 136) നമുക്കും പാടാം. ജൂബിലിവർഷാചരണം സമാപിച്ചാലും ദൈവകരുണയ്ക്കുവേണ്ടിയുള്ള നമ്മുടെ അർത്ഥനയും കാരുണ്യപ്രവൃത്തികളും അവിരാമം തുടരുകതന്നെ ചെയ്യും.

വർഷാചരണത്തിന്റെ ഔദ്യോഗികമായ സമാപനത്തിനുള്ള തയ്യാറെടുപ്പിലാണ് ഓരോ പ്രാദേശിക സഭയും രൂപതകളും. കേരള കത്തോലിക്കാസഭയിൽ 2016 നവംബർ 12-ാം തീയതി കരുണയുടെ

ജൂബിലി വർഷത്തിന് ഔദ്യോഗിക സമാപനം കുറിക്കുന്നതാണ്. കരുണയുടെ ഈറ്റില്ലവും പാഠശാലയുമായ കുടുംബത്തോടു ബന്ധപ്പെട്ട കുടുംബ പ്രേഷിതത്വത്തിന്റെയും പൊതുസമൂഹത്തിൽ കാരുണ്യം പ്രസക്തമായി അവതരിപ്പിക്കുന്ന കെ.സി.ബി.സി. ജസ്റ്റീസ്, പീസ് ആന്റ് ഡവലപ്മെന്റ് കമ്മീഷന്റെയും നേതൃത്വത്തിലും ഇതര കമ്മീഷനുകളുടെ സഹകരണത്തിലുമാണ് സമാപനം നടത്തപ്പെടുന്നത്.

2016 നവംബർ 12 ശനിയാഴ്ച കോട്ടയം ചൈതന്യ പാസ്റ്ററൽ സെന്ററും (തെള്ളകം), തെള്ളകം പുഷ്പഗിരി ദൈവാലയവും കേന്ദ്രീകരിച്ച് സമ്മേളനം നടത്തപ്പെടുന്നു. കാരുണ്യവർഷത്തിന്റെ മാനങ്ങൾ വ്യക്തമാക്കുംവിധം ദൈവകരുണ പ്രഘോഷിച്ചും കാരുണ്യപ്രവൃത്തിയുടെ പ്രസക്തമായ സമീപനങ്ങൾ പൊതുസമൂഹത്തിൽ അവതരിപ്പിച്ചും ഭൂമിയോടും പ്രകൃതിയോടുമുള്ള നമ്മുടെ കരുതൽ പങ്കുവച്ചും ഈ ദിനം ആചരിക്കുന്നതാണ്.

കേരള കത്തോലിക്കാസഭയിലെ അഭിവന്ദ്യ പിതാക്കന്മാരുടെ സാന്നിധ്യവും നേതൃത്വവും നമ്മോടൊപ്പമുണ്ടാകും. കേരളത്തിലെ കത്തോലിക്കാരൂപതകളുടെ പാസ്റ്ററൽ കൗൺസിൽ അംഗങ്ങളും ഭാരവാഹികളും, വിവിധ പ്രേഷിതവേദികൾക്കും സഭാസംഘടനകൾക്കും നേതൃത്വം നല്കുന്ന വൈദിക-സന്ന്യസ്ത-അല്മായ നേതാക്കന്മാരും വിശ്വാസികളും ഇതിൽ പങ്കെടുക്കണമെന്ന് വിനയപൂർവം അഭ്യർത്ഥിക്കുന്നു.

കോട്ടയത്തും സമീപപ്രദേശത്തുമുള്ള 3 അതിരൂപതകളിലെയും 3 രൂപതകളിലെയും ദൈവജനത്തിന്റെ വർധിച്ച പങ്കാളിത്തമാണ് സമ്മേളനത്തിന്റെ  ഗരിമ വർദ്ധിപ്പിക്കുന്നത്. ആർച്ചുബിഷപ് തോമസ് മാർ കൂറിലോസ് (തിരുവല്ല), മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത് (എറണാകുളം), ചങ്ങനാശ്ശേരി, കോട്ടയം, വിജയപുരം, പാല, കാഞ്ഞിരപ്പള്ളി രൂപതകളിലെ വികാരി ജനറൽമാർ എന്നിവർ ഉൾപ്പെട്ട കമ്മറ്റിയുടെ മേൽനോട്ടത്തിലാണ് സമ്മേളനം നടത്തപ്പെടുക. കോട്ടയം ക്നാനായ അതിരൂപത വികാരിജനറൽ മോൺ. മൈക്കിൾ വെട്ടിക്കാട്ട് അച്ചൻ കൺവീനറായി വിപുലമായ കമ്മറ്റിയുടെ നേതൃത്വത്തിൽ ഒരുക്കങ്ങൾ പൂർത്തിയായിവരുന്നു.

ഓരോ രൂപതയിൽനിന്നും കാരുണ്യത്തിന്റെ മുഖങ്ങൾ പ്രകാശമാനമാക്കിയ ചില കുടുംബങ്ങളെയും സ്ഥാപനങ്ങളെയും വെല്ലുവിളികൾ സാധ്യതകളാക്കി മാറ്റി സമൂഹത്തിന് ഈടുറ്റസംഭാവനകൾ നല്കിയ ചില വ്യക്തികളെയും കാരുണ്യശുശ്രൂഷയ്ക്കായി ജീവിതം സമർപ്പിച്ച വൈദികരെയും സന്യസ്തരെയും, ഒപ്പം ഇതരമതവിശ്വാസി

കളായ ഏതാനും കാരുണ്യദീപങ്ങളെയും സമ്മേളനത്തിൽ ആദരിക്കുന്നതായിരിക്കും.

വിശദമായ അറിയിപ്പുകൾ യഥാസമയം സംഘടനകൾ നല്കുന്നതായിരിക്കും. ലളിതമായി നടത്തപ്പെടുന്നതെങ്കിലും അനിവാര്യമായ സാമ്പത്തിക ഭാരങ്ങൾ പങ്കുവയ്ക്കുവാൻ ഔദാര്യം കാണിക്കണമെന്നു കൂടി അഭ്യർത്ഥിക്കുന്നു. ഏവരുടെയും സഹകരണവും പങ്കാളിത്തവും പ്രതീക്ഷിച്ചുകൊണ്ട്,

സ്നേഹാദരങ്ങളോടെ,

**കർദിനാൾ ബസേലിയോസ് ക്ലീമിസ് കാതോലിക്കാബാവ**
പ്രസിഡന്റ്, കെ.സി.ബി.സി.

**ആർച്ച്ബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**
വൈസ് പ്രസിഡന്റ്, കെ.സി.ബി.സി.

**ബിഷപ്പ് ജോസഫ് കരിയിൽ**
സെക്രട്ടറി ജനറൽ, കെ.സി.ബി.സി.

---

**NB:- ഈ സർക്കുലർ 2016 നവംബർ മാസം 6-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കുകയോ ചെയ്യേണ്ടതാണ്.**

Ref: 2982/K-5/KCBC/OL/DS

# കാരുണ്യവർഷാചരണത്തോടനുബന്ധിച്ച് കേരളാ കത്തോലിക്കാ മെത്രാൻ സമിതിയുടെ സാമൂഹ്യനീതിക്കും വികസനത്തിനുമായുള്ള കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

അഭിവന്ദ്യ പിതാക്കൻമാരേ, വന്ദ്യ വൈദികസഹോദരരേ, സന്യസ്തരേ, പ്രിയ ദൈവമക്കളേ,

ആഗോള കത്തോലിക്കാതിരുസഭ കാരുണ്യവർഷാചരണത്തിലൂടെ കടന്നുപോകുകയാണല്ലോ. ദൈവത്തിന്റെ കരുണയുടെ മുഖം സമൂഹമധ്യേ പ്രതിഫലിപ്പിക്കേണ്ടവരാണ് നാമേവരും. ഇതിനോടകം നിങ്ങളേവരും ഏറ്റെടുത്തു നടത്തിയിട്ടുള്ള എല്ലാ ദൈവികശുശ്രൂഷകളെയും ഓർത്ത് ഞങ്ങൾ ദൈവത്തിനു നന്ദിപറയുകയും നിങ്ങളേവരെയും ദൈവനാമത്തിൽ അനുമോദിക്കുകയും ചെയ്യുന്നു. സ്വീകരിക്കുന്നതിനെക്കാൾ നല്കുന്നതിലാണ് കാരുണ്യം എന്ന തിരിച്ചറിവിലാണ് സഭയുടെ എല്ലാ പ്രവർത്തനങ്ങളും. ദൈവത്തിന്റെ ദാനമാണല്ലോ ഈ ഭൂമിയും അതിലെ സമസ്ത ചരാചരങ്ങളും. സൃഷ്ടിയുടെ മകുടമായ മനുഷ്യനാകട്ടെ, അവയുടെ സംരക്ഷകനും. ഉത്പത്തിപുസ്തകത്തിനൊരു പര്യായം പറയുകയാണെങ്കിൽ പരിസ്ഥിതി സംരക്ഷണത്തിന്റെ സുവിശേഷം എന്നതായിരിക്കും ഏറ്റവും ഉചിതം.

പരിശുദ്ധ ഫ്രാൻസിസ് മാർപ്പാപ്പ ഈ കാരുണ്യവർഷത്തിൽ നിരന്തരമായി ലോകത്തെ ഉദ്ബോധിപ്പിക്കുന്ന കാര്യമാണ് "സൃഷ്ടിയുടെ സംരക്ഷണം". സൃഷ്ടിയുടെ സംരക്ഷണം ഒരു മഹത്തായ കാരുണ്യ പ്രവൃത്തിയായിട്ടാണ് പരിശുദ്ധ പിതാവ് ഉദ്ബോധിപ്പിക്കുന്നത്. നാം അതിവസിക്കുന്ന ഈ ഭൂമി നമ്മുടെ പൊതുഭവനമാണല്ലോ. പരിശുദ്ധ പിതാവിന്റെ ആഹ്വാനം അനുസരിച്ച് കേരളാ കത്തോലിക്കാ സഭ അതിന്റെ സാമൂഹ്യസേവനവിഭാഗമായ കേരളാ സോഷ്യൽ സർവ്വീസ് ഫോറത്തിലൂടെ "പ്രകൃതിയോട് കാരുണ്യം" എന്ന ദർശന

ത്തിലൂന്നിയാണ് ഈ വർഷത്തെ പ്രധാന പ്രവർത്തനങ്ങളെല്ലാം ക്രമീകരിച്ചിരിക്കുന്നത്. പ്രത്യേകിച്ചും, ഇന്ന് ലോകം നേരിടുന്ന പ്രധാന വെല്ലുവിളികളായ വരൾച്ച, ശുദ്ധജലക്ഷാമം, ജലമലിനീകരണം എന്നിവയെ പ്രാദേശികമായി പരിഹരിക്കുന്നതിന് ഉതകുന്ന ജലസാക്ഷരത പ്രവർത്തനങ്ങളിലൂടെ സഭയൊന്നാകെ മുന്നേറി, പ്രകൃതിയോട് കാരുണ്യം കാണിക്കേണ്ടത് ഈ കാലഘട്ടത്തിന്റെ ആവശ്യകതയാണ്. അതിനാൽ സഭയിലെ എല്ലാ ഭക്തസംഘടനകളും ശുശ്രൂഷാവേദികളും സ്ഥാപനങ്ങളും, കുടുംബങ്ങളും ഈ ജലസാക്ഷരതായജ്ഞത്തിൽ സജീവമായി പങ്കുചേരുവാൻ നിങ്ങളേവരെയും ഞങ്ങൾ ആഹ്വാനം ചെയ്യുകയാണ്.

കുടിവെള്ളം ലഭിക്കുക എന്നത് എല്ലാ മനുഷ്യരുടെയും അടിസ്ഥാന അവകാശമാണ്. ലോകത്തിൽ ആറിൽ ഒരാൾക്കുമാത്രമേ കുടിവെള്ളസൗകര്യം ഉള്ളൂ എന്നു തിരിച്ചറിയുമ്പോഴാണ് വെള്ളത്തിന്റെ പ്രാധാന്യം നാം മനസ്സിലാക്കുക. ഭൂമി ഒരു ജലഗ്രഹമാണ്. ഭൂമിയുടെ 75% ജലമാണ്. അതിൽ ഒരു ശതമാനംമാത്രമാണ് ശുദ്ധജലം. ആകെയുള്ള ഈ ഒരു ശതമാനം ശുദ്ധജലത്തിൽ 70% മഞ്ഞുമലകളും മഞ്ഞുപാളികളുമായിട്ടാണ് സ്ഥിതിചെയ്യുന്നത്; ബാക്കി 29% ഭൂഗർഭജലവും. അവശേഷിക്കുന്ന ഒരു ശതമാനം മാത്രമാണ് നമുക്ക് കുടിവെള്ളമായി ഉപയോഗിക്കുവാൻ ലഭ്യമായിട്ടുള്ളത്. ലോകത്തിൽ ആകെയുള്ള ജലം ഒരു ലിറ്റർ കുപ്പിയിൽ ഒതുക്കിയാൽ അതിൽ ഒരു ടീസ്പൂൺ മാത്രമാണ് ശുദ്ധജലം.

ഭാരതത്തിൽ 92% ജലവും കൃഷിയാവശ്യങ്ങൾക്കും 3% വ്യാവസായികാവശ്യങ്ങൾക്കും ബാക്കി 5% വീട്ടാവശ്യങ്ങൾക്കുമായിട്ടാണ് ഉപയോഗിക്കുന്നത്. കേരളത്തിന് ആവശ്യമായ മുഴുവൻ വെള്ളവും ലഭിക്കുന്നത് മഴയിൽ നിന്നുമാത്രമാണ്. മഞ്ഞുരുകി വെള്ളം ലഭിക്കുവാൻ നമുക്ക് സാദ്ധ്യതയില്ല. മഴവെള്ളം വഹിച്ചുകൊണ്ടുപോയി നാടിന്റെ നാനാഭാഗത്തും എത്തിക്കുവാൻ ചെറുതെങ്കിലും 44 നദികൾ നമുക്കുണ്ട്. കൂടാതെ മഴവെള്ളം സംരക്ഷിക്കുവാൻ മറ്റ് ജലാശയങ്ങളുമുണ്ട്. കായൽ, കുളം, തോട്, കിണർ മുതലായവയാണവ.

കേരളത്തിന്റെ കാലാവസ്ഥയെ ഏറ്റവും സ്വാധീനിക്കുന്നതും ജലവിഭവശേഷിയുടെ നിർണ്ണായകഘടകവുമായ രണ്ടു മഴക്കാലങ്ങളാണ് ഇടവപ്പാതിയും തുലാവർഷവും. ഈ മഴയെ കാര്യക്ഷമമായി നാം സംര

ക്ഷിച്ചാൽ നമ്മുടെ നാട് ഇന്ന് അനുഭവിക്കുന്ന ശുദ്ധജലദൗർലഭ്യത്തിന് വലിയൊരളവുവരെ പരിഹാരമാകും. ഒരു വർഷം നമുക്കു ലഭിക്കുന്ന 3000 മില്ലിമീറ്റർ മഴയുടെ 92 ശതമാനവും ഒഴുകി നഷ്ടമാകുകയാണ്. ഈ യാഥാർത്ഥ്യങ്ങളെല്ലാം തിരിച്ചറിഞ്ഞ് ജലസംരക്ഷണത്തിനും ജലത്തിന്റെ നീതിപൂർവ്വകമായ ഉപയോഗത്തിനും സഭയൊന്നൊകെ ഉണർന്നു പ്രവർത്തിക്കേണ്ടതുണ്ട്.

നാം നേരിടുന്ന ജലപ്രതിസന്ധിക്ക് പ്രധാന കാരണങ്ങൾ ആളോഹരി ജല ഉപയോഗത്തിലെ വർദ്ധനവ്, വ്യാവസായിക വളർച്ച, നഗരവൽക്കരണം, ജലസേചനത്തിന്റെ വർദ്ധനവ് മുതലായവയാണ്. വനനശീകരണവും ജലസ്രോതസുകളുടെ നശീകരണവും നികത്തലും, ജലമലിനീകരണവും ജലലഭ്യതയെ സാരമായി ബാധിക്കുന്നുണ്ട്. വരുംതലമുറയ്ക്കായി കരുതിവയ്ക്കേണ്ട ഭൂഗർഭജലം അനിയന്ത്രിതമായി ഊറ്റിയെടുക്കുന്ന കുഴൽകിണർസംസ്കാരം ആത്മശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്. ജലദൗർലഭ്യം മുൻകൂട്ടി മനസ്സിലാക്കി നമ്മുടെ ജലവും ജലസ്രോതസ്സുകളും കൈയടക്കുന്നതിനുള്ള ശ്രമങ്ങൾ ദേശീയ, അന്തർദേശീയ ജലമാഫിയകൾ ആരംഭിച്ചുകഴിഞ്ഞു. വരും നാളുകളിലെ നിക്ഷേപം ജലലഭ്യമായ മണ്ണായിരിക്കുമെന്ന തിരിച്ചറിവ് നമുക്ക് ഉണ്ടായിരിക്കേണ്ടതാണ്.

നമ്മുടെ കിണറുകളാണ് ഈ നാടിന്റെ വലിയ സമ്പത്ത്. 55 ലക്ഷത്തിൽപരം കിണറുകൾ ഉള്ള സംസ്ഥാനമാണ് കേരളം. എന്നാൽ കുടിവെള്ള പൈപ്പുകളുടെ വരവോടെ സ്വന്തം കിണറുകളെ പലരും ഉപേക്ഷിച്ചുകളഞ്ഞു. ജലമലിനീകരണം വഴി നമ്മുടെ കിണറുകളും കുളങ്ങളും മലിനമാക്കപ്പെടുന്നുണ്ട്. പൈപ്പുപൊട്ടലും ജലവിതരണത്തിലെ പാകപ്പിഴകളും ഒരുവശത്ത് അരങ്ങേറുമ്പോൾ അമിത ഉപയോഗവും മഴയുടെ ലഭ്യതക്കുറവും നിമിത്തം ഇത്തരം പദ്ധതികളുടെ പ്രഭവസ്ഥാനങ്ങളിൽ വെള്ളംവറ്റുന്ന സ്ഥിതിവിശേഷങ്ങളും നാം മറന്നുപോകരുത്. ലോകത്തിൽ 40% രോഗങ്ങളും പകരുന്നത് കുടിവെള്ളത്തിലൂടെയാണ്. ആയതിനാൽ ലോറിവെള്ളവിതരണത്തെ ആശ്രയിക്കുന്നവർ അതിന്റെ ഗുണനിലവാരം ഉറപ്പാക്കേണ്ടതാണ്. പൈപ്പുവെള്ളത്തിൽ ക്ലോറിന്റെ അളവ് നിശ്ചിത അളവിൽ കൂടിയാൽ അത് മാരകമായ ക്യാൻസർ രോഗത്തിനു കാരണമായേക്കുമെന്ന് ശാസ്ത്രീയപഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. അതിനാൽ പൈതൃകമായി ലഭിച്ച കിണറുകളെ പരിപോഷിപ്പിച്ച് നിർത്തേണ്ടതാകുന്നു. പുരയിടങ്ങളിൽ ലഭ്യമാ

കുന്ന മഴവെള്ളത്തെ പടിയ്ക്കുപുറത്ത് ആക്കാതെ നമ്മുടെ തൊടികളിലും തെങ്ങിൻതടങ്ങളിലും സംരക്ഷിച്ചും ഒപ്പം മണ്ണിലെ ജൈവാംശം വർദ്ധിപ്പിച്ചും, മുറ്റത്തും കിണറുകൾക്കുചുറ്റും മഴക്കുഴികളും ചാലുകളും നിർമ്മിച്ച് കിണറുകളുടെ ഉറവകളെ പരിപുഷ്ടിപ്പെടുത്തി കിണർ റീചാർജിങ്ങ് പദ്ധതിയിൽ എല്ലാ കുടുംബങ്ങളും ഉൾച്ചേരേണ്ടതാണ്. ഈ മേഖലയിൽ നമ്മുടെ രൂപതാ സോഷ്യൽ സർവ്വീസ് സൊസൈറ്റികൾ നാളിതുവരെ ഏറ്റെടുത്തു നടപ്പിലാക്കിയിട്ടുള്ള സ്ഥലജലസംരക്ഷണപദ്ധതികളും ഇടപെടലുകളും നമ്മുടെ മുഖ്യധാരാ പ്രവർത്തനങ്ങളായിരുന്നു. നമ്മുടെ ഭവനങ്ങളുടെയും ദേവാലയങ്ങളുടെയും സ്ഥാപനങ്ങളുടെയും മുറ്റം ടാർ ചെയ്യുന്നതും കോൺക്രീറ്റ് ചെയ്യുന്നതും ടൈൽസു പാകുന്നതും മഴവെള്ളത്തെ ആട്ടിപ്പായിക്കുന്ന പ്രവർത്തനങ്ങളാണ്. ഇതും ഒരു ആത്മശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.

ഭൂമി ഉണ്ടായ കാലത്ത് ഉള്ള അത്രയും ജലംമാത്രമേ ഇന്നുമുള്ളൂ. ഈ വെള്ളം എല്ലാവരുടെയും പൊതുസ്വത്താണ്. തുലോം പരിമിതമായ ഈ ജലസമ്പത്തിനെ മാലിന്യനിക്ഷേപത്തിലൂടെയും, രാസകീടവളപ്രയോഗത്തിലൂടെയും ഡിറ്റർജെന്റ് ഉൽപന്നങ്ങളുടെ അമിത ഉപയോഗം വഴിയും മലിനമാക്കിക്കൂടാ. താരതമ്യേന ഏറ്റവും ശുദ്ധമായ മഴവെള്ളത്തെ മഴക്കാലത്ത് പരമാവധി പ്രയോജനപ്പെടുത്തേണ്ടതാണ്. ശേഷിച്ച കാലത്തേക്ക് മഴവെള്ളസംഭരണികളിൽ സൂക്ഷിച്ചുവച്ച് ഉപയോഗിക്കുന്നതും മാതൃകാപരമാണ്. കിണറിലെ വെള്ളം ഒരു സ്ഥിര നിക്ഷേപം പോലെ സൂക്ഷിക്കാം.

ജലസംരക്ഷണത്തിനായി ഒരു പെരുമാറ്റച്ചട്ടം ഉണ്ടാക്കുകയും അത് നടപ്പിലാക്കുകയും ചെയ്യേണ്ടത് ഇന്നിന്റെ ആവശ്യകതയാണ്. ലഭ്യമായ ശുദ്ധജലത്തെ മിതമായി ഉപയോഗിക്കാൻ പുതിയ തലമുറയ്ക്ക് പറഞ്ഞുകൊടുക്കേണ്ടതാണ്. വീട്ടിൽ ഒരു പ്രാവശ്യം ഉപയോഗിച്ച വെള്ളം തോട്ടം നനയ്ക്കാനോ, ചെടികൾക്കു വേണ്ടിയോ പുനരുപയോഗിക്കാവുന്നതാണ്. നമ്മുടെ കുഞ്ഞുങ്ങൾ വെള്ളത്തിന്റെ വില മനസ്സിലാക്കട്ടെ. അന്ത്യവിധിയിൽ "എനിക്കു ദാഹിച്ചു; നിങ്ങൾ എനിക്കു കുടിക്കാൻ വെള്ളം തന്നില്ല" എന്ന തെറ്റ് അറിയാതെ ചെയ്തു പോയി എന്നു പറയേണ്ട അവസ്ഥ നമുക്ക് ഉണ്ടാകാതിരിക്കട്ടെ. ആയതിനാൽ നമുക്ക് ദൈവം തരുന്ന മഴയെ കാത്തുസൂക്ഷിക്കാം, കിണറുകളെ സംരക്ഷിക്കാം, ജലസ്രോതസ്സുകളെ മലിനമാക്കാതിരിക്കാം.

നമുക്കും വരുംതലമുറയ്ക്കുംവേണ്ടി ജലസുരക്ഷ ഉറപ്പാക്കുവാൻ ജല സാക്ഷരതാപ്രവർത്തനങ്ങൾ സഹായിക്കട്ടെ. ജലസംരക്ഷണയജ്ഞ ങ്ങൾ സംഘടിപ്പിക്കുവാൻ നമുക്ക് കരങ്ങൾ കോർക്കാം. ദൈവം നമ്മെയും നമ്മുടെ പ്രകൃതിയെയും ജലസമൃദ്ധിയാൽ അനുഗ്രഹിക്കട്ടെ.

**ആർച്ച് ബിഷപ്പ് തോമസ് മാർ കൂറീലോസ്**
ചെയർമാൻ, കെസിബിസി ജസ്റ്റീസ്, പീസ് &
ഡവലപ്പ്മെന്റ് കമ്മീഷൻ

**ബിഷപ്പ് മാർ ജോർജ്ജ് മഠത്തിക്കണ്ടത്തിൽ**
വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റീസ്, പീസ് &
ഡവലപ്പ്മെന്റ് കമ്മീഷൻ

**ബിഷപ്പ് ഡോ. സെൽവിസ്റ്റർ പൊന്നുമുത്തൻ**
വൈസ് ചെയർമാൻ, കെസിബിസി ജസ്റ്റീസ്, പീസ് &
ഡവലപ്പ്മെന്റ് കമ്മീഷൻ

---

**NB:- ഈ സർക്കുലർ സൗകര്യപ്രദമായ ഒരു ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീ കരിച്ച് കൊടുക്കുകയോ ചെയ്യേണ്ടതാണ്.**

Ref: 2992/K-5/KCBC/OL/DS

# ബൈബിൾ ഞായർ
## 2016 ഡിസംബർ 18

### കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ പുറപ്പെടുവിക്കുന്ന സർക്കുലർ

കർത്താവിൽ പ്രിയപ്പെട്ട സഹോദരീ സഹോദരന്മാരേ,

ഡിസംബർ 18 ഞായറാഴ്ച കേരളസഭ 'ബൈബിൾ ഞായറാ' യും ഡിസംബർ 'ബൈബിൾ പാരായണമാസ'മായും ആഘോഷിക്കുകയാണ്. *'സ്നേഹത്തിന്റെ സന്തോഷം'* എന്ന അപ്പസ്തോലികാഹ്വാനത്തിൽ ഫ്രാൻസിസ് പാപ്പാ കുടുംബങ്ങൾ ശാക്തീകരിക്കുവാൻ സഭയെ മുഴുവൻ ആഹ്വാനംചെയ്യുന്ന പശ്ചാത്തലത്തിൽ 'കുടുംബവും ദൈവവചനവും' എന്ന വിഷയം പരിചിന്തനം ചെയ്യുന്നത് ഉചിതമായിരിക്കും. ക്രൈസ്തവകുടുംബങ്ങളെ പടുത്തുയർത്തുന്നതിൽ ദൈവവചനത്തിനു നിർണായക പങ്കുണ്ടെന്നത് നിസ്തർക്കമാണ്.

**കുടുംബങ്ങളും ബൈബിളിലെ രക്ഷാകര ചരിത്രവും**

ക്രൈസ്തവ കാഴ്ചപ്പാടിൽ ദൈവം ഏകാന്തതയല്ല, സംസർഗമാണെന്ന് പരിശുദ്ധപിതാവ് ഫ്രാൻസിസ് പാപ്പ സ്നേഹത്തിന്റെ സന്തോഷത്തിൽ നമ്മെ ഓർമിപ്പിക്കുന്നുണ്ട്: 'നമ്മുടെ ദൈവം അവിടുത്തെ അഗാധതരമായ രഹസ്യത്തിൽ ഏകാന്തതയല്ല, പിന്നെയോ കുടുംബമാണ്' (AL 13). പുരുഷനും സ്ത്രീയുമായി സൃഷ്ടിക്കപ്പെടുന്ന മനുഷ്യൻ (ഉത്പ. 1:27) കുടുംബമെന്ന ദൈവത്തിന്റെ പ്രതിച്ഛായയിൽ പങ്കുചേരുന്നു. കുടുംബം ദൈവമെന്ന അപരിമേയരഹസ്യത്തിൽ അടിസ്ഥാനമിട്ടിരിക്കുന്നുവെന്നു മാത്രമല്ല, അത് ദൈവികവെളിപ്പെടുത്തലിന്റെ പശ്ചാത്തലവുമാണ്.

കുടുംബകഥകളിലൂടെ വെളിപ്പെടുന്ന രക്ഷാകരചരിത്രമാണ് ബൈബിളിന്റെ ഉള്ളടക്കം എന്നു പറയാം. ആദിമാതാപിതാക്കൾക്കു മാർഗനിർദേശങ്ങൾ നല്കുന്ന ദൈവം (ഉത്പ. 2:16-17), നീതിമാനായ നോഹയ്ക്കും കുടുംബത്തിനും സംരക്ഷണ പേടകമൊരുക്കുന്നവൻ (ഉത്പ. 7:1), സന്താനങ്ങളില്ലാത്ത വൃദ്ധദമ്പതികളിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട ജനത്തിനു രൂപം കൊടുക്കുന്നവൻ (ഉത്പ. 12:1-3) തുടങ്ങി

കുടുംബങ്ങളെ പരിപാലിക്കുകയും നയിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ മിഴിവാർന്ന ചിത്രങ്ങളാൽ ബൈബിളിലെ ആദ്യഭാഗംതന്നെ സമ്പന്നമായിരിക്കുന്നു. അബ്രാഹത്തിന്റെയും യാക്കോബിന്റെയും കുടുംബങ്ങൾ, രക്ഷിക്കുന്ന ദൈവത്തിന്റെ സ്വയം വെളിപ്പെടുത്തലിന്റെ പശ്ചാത്തലമാകുന്നത് ഉത്പത്തിഗ്രന്ഥം വിവരിക്കുന്നു. ഇസ്രായേൽ എന്ന കുടുംബത്തിന്റെ പിതാവായി കർത്താവായ ദൈവത്തെ മോശയുടെ ഗീതം ചിത്രീകരിക്കുന്നുണ്ട് (നിയ 32:6). ദൈവവും ഇസ്രായേലുംതമ്മിലുള്ള ബന്ധം വിവരിക്കാൻ പിതാവ്-മകൻ, മാതാവ്-ശിശു, ഭർത്താവ് -ഭാര്യ തുടങ്ങിയ കുടുംബ പ്രതീകങ്ങൾ പ്രവാചകർ സമൃദ്ധമായി ഉപയോഗിക്കുന്നു (ഏശ. 46:3-4; 66:12-14; ജറെ. 2:2). മാതാവിന്റെ മടിയിൽ കിടക്കുന്ന ശിശുവും (സങ്കീ. 131:2) ഇസ്രായേൽ ശിശുവായിരുന്നപ്പോൾ ദൈവം ചൊരിഞ്ഞ സ്നേഹവും (ഹോസി. 11:1) ബൈബിളിലെ മനോജ്ഞങ്ങളായ കുടുംബക്കാഴ്ചകളാണ്.

മനുഷ്യകുടുംബങ്ങളിലെ സുന്ദരനിമിഷങ്ങൾ മാത്രമല്ല, സംഘർഷങ്ങളും കയ്പുനിറഞ്ഞ അനുഭവങ്ങളും ബൈബിളിൽ വിഷയമാകുന്നു. കായേൻ ആബേലിനെ വധിക്കുന്നിടത്തു തുടങ്ങുന്നതാണ് കുടുംബങ്ങളിലെ അക്രമവും സംഘർഷങ്ങളും. പൂർവപിതാക്കന്മാരായ അബ്രാഹം, ഇസഹാക്ക്, യാക്കോബ് എന്നിവരുടെ കുടുംബങ്ങളിൽനിന്നുപോലും അസ്വസ്ഥതകൾ ഒഴിയുന്നില്ല. ദാവീദിന്റെ കുടുംബത്തെ ചൂഴ്ന്നുനില്ക്കുന്ന പ്രശ്നങ്ങൾ (2 സാമു. 15:30-31), തോബിത്തിന്റെ കുടുംബത്തിലെ ദൈന്യതകൾ (തോബിത് 1-2), ജോബിന്റെ ജീവിതത്തിലെ കയ്പേറിയ പരാതികൾ (ജോബ് 19:13-17) തുടങ്ങിയവ സാധാരണങ്ങളായ കുടുംബാനുഭവങ്ങൾക്ക് ബൈബിളിൽ എന്തുമാത്രം പ്രാധാന്യമുണ്ടെന്ന് വ്യക്തമാക്കുന്നു. ഈജിപ്തിലേക്ക് പലായനം ചെയ്യേണ്ടിവരുന്ന യേശുവും മാതാപിതാക്കളും (മത്താ. 2:13-23) എല്ലാക്കാലങ്ങളിലുമുള്ള അഭയാർഥികുടുംബങ്ങളുടെ നൊമ്പരത്തിലാണ് പങ്കുചേരുന്നത്.

കുടുംബങ്ങൾ ദൈവത്തിന്റെ രക്ഷാകരമായ ഇടപെടലിന്റെ വേദികളാകുന്നതും കുടുംബപ്രശ്നങ്ങൾ രമ്യമായി പരിഹരിക്കപ്പെടുന്നതും ബൈബിളിൽ നിരവധി തവണ നാം വായിക്കുന്നുണ്ട്. ഇടയന്മാർ തമ്മിലുള്ള കലഹം ലോത്തും അബ്രാഹവും വേർപിരിയാൻ ഇടയാക്കിയെങ്കിലും (ഉത്പ. 13:5-12) ഉദാരമതിയായ അബ്രാഹം ലോത്തിനും കൂട്ടർക്കും അവർക്കിഷ്ടപ്പെട്ട ഫലഭൂയിഷ്ഠമായ ഭൂമിതന്നെ നല്കി. പക്ഷേ, ദൈവം അബ്രാഹത്തെയും കുടുംബത്തെയും പതിന്മ

ടങ്ങ് അനുഗ്രഹിക്കുന്നു. ഭിന്നതകൾ മറന്ന് ഏസാവും യാക്കോബും അനുരഞ്ജനപ്പെടുന്നു (ഉത്പ. 33:1-11). തന്നെ ദ്രോഹിച്ച സഹോദര ങ്ങളോട് ജോസഫ് കാണിക്കുന്ന അനുകമ്പ സഹോദരങ്ങൾക്കുപോലും വിശ്വസിക്കാനാവുന്നില്ല (ഉത്പ. 45:1-8; 50:15-31). കുടുബങ്ങൾക്ക് രൂപംനല്കുകയും അവയെ പരിപാലിക്കുകയും നേർവഴിക്കു നയിക്കു കയും ചെയ്യുന്ന ദൈവത്തിന്റെ ഇതുപോലുള്ള രക്ഷാകരമായ ഇടപെട ലുകൾ കുടുംബങ്ങൾക്ക് പ്രചോദനമേകുന്ന ബൈബിൾ ദൃശ്യങ്ങളാണ്.

**വചനം കുടുംബത്തിന്റെ ജീവസ്രോതസ്സ്**

കുടുംബം സ്വയം മനസ്സിലാക്കുന്നതും അതിന്റെ ആരംഭവും ലക്ഷ്യവും തിരിച്ചറിയുന്നതും അർത്ഥം കണ്ടെത്തുന്നതും ദൈവവചന ത്തിലാണ്. ബെനഡിക്ട് പതിനാറാമൻ പാപ്പായുടെ കർത്താവിന്റെ വചനം (വെർബും ദോമിനി) എന്ന അപ്പസ്തോലികാഹ്വാനം നമ്മെ ഓർമപ്പെടുത്തുന്നതുപോലെ, ദൈവവചനം നാം ആരെന്നും നമ്മുടെ മനുഷ്യാവസ്ഥയും ജീവിതസായൂജ്യവും പൂർണമായും വെളിപ്പെടു ത്തുന്നു (VD 6). വചനം നമ്മെ യഥാർത്ഥജീവനിലേക്കു നയിക്കുന്നു. യേശുവാണ് ജീവൻ നല്കുന്ന വചനം. ജീവന്റെ വചനം ശ്രവിക്കു കയും കാണുകയും സ്പർശിക്കുകയും സൂക്ഷിച്ചു വീക്ഷിക്കുകയും ചെയ്തുവെന്ന് യോഹന്നാൻശ്ലീഹ അവകാശപ്പെടുമ്പോൾ (1 യോഹ. 1:1) ജീവന്റെ ഉറവിടമായ യേശുവിനെത്തന്നെയാണ് ഉദ്ദേശിക്കുന്നത്. പത്രോസ്ശ്ലീഹ പറയുന്നതുപോലെ, നിത്യജീവന്റെ വചനങ്ങൾ യേശു വിന്റെ പക്കലാണുള്ളത് (യോഹ. 6:68). ജീവൻ സമൃദ്ധിയായി ഉണ്ടാ കാൻ കുടുംബങ്ങൾ യേശുവിൽ എത്തിച്ചേരണം.

കുടുംബങ്ങളോടുള്ള യേശുവിന്റെ പ്രത്യേക കരുതലും സ്നേഹവും സുവിശേഷങ്ങളിൽ ഉടനീളം പ്രകടമാണ്. ലാസറിന്റെയും മർത്തായുടെയും മറിയത്തിന്റെയും ഭവനം യേശുവിന്റെ സവി ശേഷമായ സ്നേഹത്തിനു സാക്ഷ്യം വഹിച്ചു (ലൂക്ക 10:38-42; യോഹ. 11:5). പത്രോസിന്റെ ഭവനത്തിലും (മത്താ 8:14-15) ജായ്റോ സിന്റെ ഭവനത്തിലും (മർക്കോ 5:21-24, 35-43) രോഗികളെ യേശു സൗഖ്യപ്പെടുത്തി. സക്കേവൂസിന്റെ ഭവനത്തിന് അവിടുന്ന് രക്ഷയേകി (ലൂക്ക 19:1-10). മത്തായിയുടെ വീട്ടിലാകട്ടെ, സമൂഹത്തിൽനിന്ന് തിരസ്ക്കരിക്കപ്പെട്ട പാപികളോടൊത്ത് യേശു പന്തിഭോജനത്തിൽ പങ്കുചേർന്നു (മത്താ. 9:9-13). വചനം മാംസം ധരിച്ച യേശുവിന്റെ ഭവന സന്ദർശനങ്ങൾ കുടുംബങ്ങൾക്ക് ജീവന്റെ അനുഭവമായി മാറി.

“കർത്താവായ യേശുവിൽ വിശ്വസിക്കുക നീയും നിന്റെ കുടുംബവും രക്ഷപ്രാപിക്കും” എന്ന പൗലോസിന്റെ വാക്കുകൾ (അപ്പ. 16:31) കുടുംബങ്ങൾ സ്വീകരിക്കേണ്ട മാർഗം വ്യക്തമാക്കുന്നു. ക്രൈസ്തവജീവിതത്തിന്റെ അടിസ്ഥാനം യേശുവിനെ കണ്ടെത്തുകയാണ്. വിശുദ്ധഗ്രന്ഥമാണ് യേശുവിലേക്കുള്ള സുനിശ്ചിതമായ മാർഗം. ‘വിശുദ്ധഗ്രന്ഥം സംബന്ധിച്ച അജ്ഞത ക്രിസ്തുവിനെക്കുറിച്ചുള്ള അജ്ഞതയാണ്’ എന്ന വി. ജെറോമിന്റെ വാക്കുകൾ ഇവിടെ പ്രസ്താവ്യമാണ്. ദൈവവചനത്തിലൂടെ ഇന്ന് നമുക്ക് യേശുവിനെ നമ്മുടെ ഭവനങ്ങളിലേക്ക് ആനയിക്കുവാൻ കഴിയും.

വിശുദ്ധഗ്രന്ഥം വായിക്കുന്ന ഏതൊരു വിശ്വാസിയും യേശുവിനെ കണ്ടെത്തുന്നതോടൊപ്പം തന്റെ കുടുംബസാഹചര്യങ്ങളും അതിൽ കണ്ടെത്തും. കുടുംബങ്ങളിലെ സ്വപ്നങ്ങളും പ്രതീക്ഷകളും, സന്തോഷവും സന്താപവും, ഉയർച്ചയും താഴ്ചയും അതിൽ വിവരിക്കപ്പെടുന്നുണ്ട്. ഓരോരോ കാലഘട്ടങ്ങളിലും സംസ്കാരങ്ങളിലും സാഹചര്യങ്ങളിലും അവയുടെ രൂപഭാവങ്ങൾ മാറുന്നുവെന്നുമാത്രം. തന്റെ ജനത്തെ ദൈവം ജീവന്റെ വഴിയിലൂടെ നടത്തിയതുപോലെ ഇന്നും നമ്മുടെ കുടുംബങ്ങളെ നയിക്കുമെന്നും യേശുവിന്റെ സന്ദർശനത്താൽ അവരെ ധന്യരാക്കിയതുപോലെ നമ്മുടെ കുടുംബങ്ങളെ ധന്യമാക്കുമെന്നുമുള്ള വിശ്വാസത്തിലേക്ക് ബൈബിൾവായന നമ്മെ നയിക്കും.

**കുടുംബവും ബൈബിളും**

രക്ഷാകരചരിത്രം ഉൾക്കൊള്ളുന്ന ദൈവവചനം സ്വീകരിക്കുകയും കാത്തുസൂക്ഷിക്കുകയും അടുത്ത തലമുറയ്ക്ക് പകർന്നു നല്കുകയും ചെയ്തത് കുടുംബങ്ങളായിരുന്നു. ദൈവം തന്റെ ജനത്തിനായി ചെയ്ത മഹനീയകൃത്യങ്ങൾ കുടുംബങ്ങളിൽ അനുസ്മരിക്കപ്പെടുകയും ആഘോഷിക്കപ്പെടുകയും ചെയ്തിരുന്നു. ദൈവമായ കർത്താവിന്റെ ചട്ടങ്ങളും പ്രമാണങ്ങളും അനുസരിച്ച് ജീവിതകാലം മുഴുവൻ അവിടുത്തെ ഭയപ്പെടുന്നതിനും ദീർഘായുസ്സ് ഉണ്ടാകുന്നതിനുംവേണ്ടി ഇവയുടെ അർത്ഥം മക്കളെ പഠിപ്പിക്കുവാൻ മോശ ഇസ്രായേൽ ജനത്തെ ഉദ്ബോധിപ്പിക്കുന്നത് നാം നിയമാവർത്തന പുസ്തകത്തിൽ വായിക്കുന്നു (നിയ. 6:2-23). ഇസ്രായേൽജനം വിശ്വാസം തലമുറകളിലേക്ക് കൈമാറിയത് കുടുംബങ്ങളിലായിരുന്നു. യേശുവിലുള്ള വിശ്വാസം ആഴപ്പെടുത്താൻ കുടുംബങ്ങളിലെ പ്രാർത്ഥനാപൂർവകവും വിശ്വാസപൂർണവുമായ ബൈബിൾ പാരായണത്തിനു സാധിക്കും.

വചനം വായിക്കുക മാത്രമല്ല, വചനം പഠിക്കുകയും വേണം. ദൈവം തന്റെ സഭയ്ക്കു പ്രദാനം ചെയ്ത വചനം ആഴത്തിൽ ഗ്രഹിക്കാനുള്ള പരിശ്രമം സാധാരണ ക്രൈസ്തവജീവിതത്തിന്റെ ഉയർന്ന മാനദണ്ഡം ലക്ഷ്യമാക്കുന്നുവെന്ന് *കർത്താവിന്റെ വചനം* എന്ന അപ്പസ്തോലികാഹ്വാനം (VD 72) പ്രസ്താവിക്കുന്നു. രണ്ടാം വത്തിക്കാൻ കൗൺസിൽ പിതാക്കന്മാർ *ദൈവവചനം* (ദേയീ വെർബും) എന്ന പ്രാമാണികരേഖയിലൂടെ ബൈബിൾപഠനം അനന്യമാംവിധം പ്രോത്സാഹിപ്പിക്കുന്നുണ്ട്. എമ്മാവൂസിലേക്കു പോയ ശിഷ്യർക്ക് യേശു വചനം വ്യാഖ്യാനിച്ചു കൊടുത്തപ്പോൾ അവരുടെ ഹൃദയം ജ്വലിച്ചുവെന്ന (ലൂക്ക 24:32) പ്രസ്താവന ബൈബിൾ പഠനത്തിന് നമുക്കു പ്രചോദനമേകണം.

**ബൈബിൾ കമ്മീഷൻ കുടുംബ ശാക്തീകരണത്തിന്**

കുടുംബത്തിലെ മുതിർന്നവരും കുട്ടികളും ഒന്നിച്ചിരുന്നു ബൈബിൾ വായിക്കുകയും പഠിക്കുകയും ചെയ്യുന്ന സംസ്കാരം നാം വളർത്തിയെടുക്കണം. ഒന്നുചേർന്നുള്ള വചനപഠനം പ്രോത്സാഹിപ്പിക്കുവാനായി ഈ വർഷം മുതൽ കെ.സി.ബി.സി. ബൈബിൾ കമ്മീഷന്റെ കീഴിലുള്ള കേരള കാത്തലിക് ബൈബിൾ സൊസൈറ്റിയുടെ നേതൃത്വത്തിൽ കുടുംബ ക്വിസും (ലോഗോസ് ഫമീലിയ ക്വിസ്) ആരംഭിച്ചിരിക്കുന്നു. ഒരുമിച്ചുള്ള ബൈബിൾ പഠനം കുടുംബബന്ധങ്ങൾക്ക് ജീവനേകട്ടെ.

ലോഗോസ് പരീക്ഷയിൽ ഇത്തവണ രൂപതാതലത്തിൽ 36 രൂപതകളിൽ നിന്ന് ആറുലക്ഷത്തോളം പേർ പങ്കെടുത്തു. രൂപതകളിലെ ബൈബിൾ അപ്പോസ്തലേറ്റ് ഡയറക്ടർമാരും അവരുടെ കൂടെ പ്രവർത്തിച്ചവരും പ്രത്യേക അഭിനന്ദനം അർഹിക്കുന്നു. ലോഗോസ് പരീക്ഷയിൽ പങ്കെടുക്കുന്നത് വചനം പഠിക്കുവാനുള്ള പ്രാരംഭഘട്ടമായി ഏവരും കണക്കാക്കണം.

ബൈബിൾ പഠിക്കുവാൻ കേരളത്തിനകത്തും പുറത്തും അനേകായിരങ്ങൾ പങ്കെടുക്കുന്ന പഠനപദ്ധതിയാണ് ബൈബിൾ കമ്മീഷൻ നടത്തുന്ന ബൈബിൾ കറസ്പോണ്ടൻസ് കോഴ്സ്. കുടുംബങ്ങൾ ഇതിൽ പങ്കുചേർന്നു പഠിക്കുന്നത് പ്രോത്സാഹിപ്പിക്കപ്പെടണം. ബൈബിൾ കമ്മീഷൻ തയ്യാറാക്കുന്ന പഠനബൈബിളും ദൈവവചനം ആഴത്തിൽ പഠിക്കുവാൻ സഹായകമാണ്. ഈയവസരത്തിൽ പി.ഒ.സി ബൈബിൾ പരിഷ്കരണത്തിലും പഠനബൈബിൾ തയ്യാറാക്കലിലും

ഏർപ്പെട്ടിരിക്കുന്ന ബൈബിൾ പഠിതാക്കളെ കെ.സി.ബി.സി. നന്ദി യോടെ അനുസ്മരിക്കുന്നു. മൂലഗ്രന്ഥത്തോടും അർത്ഥത്തോടും ഏറ്റവും വിശ്വസ്തത പുലർത്തി ബൈബിൾ ദൈവജനത്തിന്റെ പക്കൽ എത്തിക്കുന്ന മഹനീയ ദൗത്യത്തിലാണ് അവർ ഏർപ്പെട്ടിരിക്കുന്നത്.

ഓരോ കുടുബത്തിലും ഓരോ ബൈബിൾ എന്ന ലക്ഷ്യം കേരളസഭയിൽ ഏറെക്കുറെ സാധ്യമായിട്ടുണ്ട്. ഓരോരുത്തർക്കും ഓരോ ബൈബിൾ എന്നതാണ് നാം ഇനി ലക്ഷ്യംവയ്ക്കേണ്ടത്. ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയുള്ള ബൈബിൾ വ്യാപനംവഴി പലർക്കും സ്വന്തമായി ബൈബിൾ കൂടെ കൊണ്ടുനടക്കുവാൻ സാധി ക്കുന്നുണ്ട്. ബൈബിൾ കമ്മീഷൻ ഇറക്കിയിരിക്കുന്ന മൊബൈൽ ബൈബിൾ, ശ്രാവ്യ ബൈബിൾ എന്നിവ ഇതിന് സഹായിക്കുന്നു. കൂടാതെ, ബൈബിൾ കമ്മീഷൻ ഭിന്നശേഷിയുള്ളവർക്കായും പ്രത്യേക ബൈബിളുകൾ തയ്യാറാക്കിയിട്ടുണ്ട്.

വചനം മാംസം ധരിച്ചവന്റെ വരവിനായി ഒരുങ്ങുന്ന ഡിസം ബർമാസം *ബൈബിൾ പാരായണ മാസ*മായി ആചരിക്കുന്നത് എന്തു കൊണ്ടും ഉചിതമാണ്. കുടുംബപ്രാർത്ഥനയുടെ അവസാനം ബൈബിൾ ഭാഗം വായിക്കുക, രാവിലെ ഒരുവചനം ഹൃദിസ്ഥമാക്കുക, ആ വചനം ദിവസം മുഴുവൻ ഉരുവിടുക എന്നിവ ഇന്ന് സാധാരണ മായിരിക്കുന്നു. യാത്രയിൽ ഓഡിയോബൈബിൾ ശ്രവിക്കുന്നവരുടെ എണ്ണവും കൂടിവരുന്നു. കേരള ക്രൈസ്തവ കുടുംബങ്ങളിൽ വചന പാരായണ സംസ്കാരം വളർന്നുവരുന്നു എന്നത് അഭിമാനാർഹമാണ്.

ബൈബിൾ പാരായണമാസമായ ഡിസംബറിൽ ദേവാലയ ത്തിലും ഓരോ ഭവനത്തിലും വിശുദ്ധഗ്രന്ഥം അലങ്കരിച്ചു പ്രതിഷ്ഠി ക്കുവാൻ ശ്രദ്ധിക്കണം. ഇടവകകളിൽ സംപൂർണ ബൈബിൾപാരാ യണം സംഘടിപ്പിക്കുവാൻ പരിശ്രമിക്കുക. കുടുംബാംഗങ്ങൾ ഒന്നു ചേർന്ന് ഒരു സുവിശേഷമെങ്കിലും ഈ മാസം മുഴുവൻ വായിച്ചു കേൾക്കുന്നത് മംഗളവാർത്തയുടെ ചൈതന്യത്തിൽ വളരാൻ നമ്മുടെ കുടുംബങ്ങളെ സഹായിക്കും. പഴയ ബൈബിൾ ശേഖരിക്കുവാനും നിർദ്ധനർക്ക് സൗജന്യമായി ബൈബിൾ കൊടുക്കുവാനും ബൈബിൾ സൊസൈറ്റി നടത്തുന്ന യജ്ഞത്തിൽ നിർലോഭ സഹകരണം നല്കണമെന്ന് ഓർമിപ്പിക്കട്ടെ. ബൈബിൾ സൊസൈറ്റിയിൽ അംഗത്വ മെടുത്ത് കേരളസഭയുടെ വചനപ്രേഷിതത്വത്തിൽ പങ്കാളികളാകാനും ഏവരും താത്പര്യമെടുക്കണം. കെ.സി.ബി.സി. ബൈബിൾ കമ്മീഷനും രൂപതാ ബൈബിൾ അപ്പോസ്തലേറ്റിനും വേണ്ടി ഡിസംബർ 18-ാം

തീയതിയിലെ ബൈബിൾ ഞായറാഴ്ച നടത്തുന്ന ദിവ്യബലിമധ്യേ യുള്ള പിരിവ് രൂപതാകേന്ദ്രങ്ങളിൽ എത്തിക്കണമെന്ന് അഭ്യർത്ഥി ക്കുന്നു.

ദൈവവചനത്തിന്റെ അവതാരത്തിരുനാളിന് ഒരുങ്ങുന്ന വേള യിൽ, വചനബദ്ധമായ ജീവിതംവഴി കുടുംബങ്ങൾ ശക്തിപ്പെടുത്താം. വചനം കണ്ണുകളിൽനിന്ന് അധരങ്ങളിലേക്കും അധരങ്ങളിൽനിന്ന് കാതു കളിലേക്കും കാതുകളിൽനിന്ന് ഹൃദയത്തിലേക്കും ഹൃദയത്തിൽനിന്ന് കരങ്ങളിലേക്കും പ്രവഹിക്കട്ടെ. ഏവർക്കും ദൈവാനുഗ്രഹം നേർന്നു കൊണ്ട്,

സ്നേഹത്തോടെ,

**ആർച്ച് ബിഷപ്പ് മോസ്റ്റ് റവ. ഡോ. സൂസൈപാക്യം**
ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ
**ബിഷപ്പ് മാർ ജോസഫ് കല്ലറങ്ങാട്ട്**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ
**ബിഷപ്പ് സാമുവൽ മാർ ഐറേനിയോസ്**
വൈസ് ചെയർമാൻ, കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ

---

**NB:- ഈ സർക്കുലർ 2016 നവംബർ മാസം 13-ാം തീയതി ഞായറാഴ്ച എല്ലാ പള്ളികളിലും സ്ഥാപനങ്ങളിലും വി.കുർബാന മദ്ധ്യേ വായിക്കുകയോ ഇതിലെ ആശയങ്ങൾ ജനങ്ങൾക്ക് വിശദീകരിച്ച് കൊടുക്കുകയോ ചെയ്യേണ്ടതാണ്.**

# രൂപതാകച്ചേരി വാർത്തകൾ

**സ്നേഹസ്മരണ**

നവംബർ 12-ാം തീയതി നമ്മുടെ പ്രിയപ്പെട്ട ജോസഫ് ചൂരക്കാമറ്റത്തിലച്ചന്റെ ചരമവാർഷികദിനമാണ്. അച്ചനെ നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം സ്മരിക്കാം.

**പൗരോഹിത്യം സ്വീകരിക്കുന്നവർ**

തൃശൂർ മേരിമാതാ സെമിനാരിയിൽ വൈദിക പരിശീലനം പൂർത്തിയാക്കിയ ഡീക്കൻ വടാശ്ശേരി തോമസ് (സനീഷ്), കോട്ടയം വടവാതൂർ സെമിനാരിയിൽ വൈദിക പരിശീലനം പൂർത്തിയാക്കിയ ഡീക്കൻ വട്ടുകുളത്തിൽ മാത്യു (ജിബിൻ), റോമിലെ ഉർബനിയാന സെമിനാരിയിൽ വൈദിക പരിശീലനം പൂർത്തിയാക്കിയ ഡീക്കൻ ചിറയിൽപറമ്പിൽ തോമസ് (ആന്റോ), ആലുവ മംഗലപ്പുഴ സെമിനാരിയിൽ വൈദിക പരിശീലനം പൂർത്തിയാക്കിയ ഡീക്കൻ തട്ടുപറമ്പിൽ വർഗ്ഗീസ് (ജിന്റോ) എന്നിവർ ഡിസംബർ-ജനുവരി മാസങ്ങളിൽ തിരുപ്പട്ടം സ്വീകരിക്കുവാൻ ഒരുങ്ങുന്നു. ഇവർക്ക് ആശംസകളും അനുമോദനങ്ങളും നേരുന്നു. പൗരോഹിത്യ കൂട്ടായ്മയിലേയ്ക്ക് ഇവർക്ക് ഹൃദ്യമായ സ്വാഗതം. പൗരോഹിത്യ സ്വീകരണത്തിനായി ഒരുങ്ങുന്ന ഇവരെ നമ്മുടെ പ്രാർത്ഥനകളിൽ പ്രത്യേകം അനുസ്മരിക്കാം.

| തിരുപ്പട്ട സ്വീകരണത്തിന്റെ തീയതിയും സ്ഥലവും | | | |
|---|---|---|---|
| **തീയതി** | **വീട്ടുപേരും പേരും** | **സ്ഥലം** | **സമയം** |
| 2016 ഡിസം. 26 | വടാശ്ശേരി തോമസ് (സനീഷ്) | തോമാട്ടുചാൽ | രാവിലെ 9.30 |
| 2016 ഡിസം. 27 | വട്ടുകുളത്തിൽ മാത്യു (ജിബിൻ) | ചുങ്കക്കുന്ന് | രാവിലെ 9.30 |
| 2016 ഡിസം. 28 | ചിറയിൽപറമ്പിൽ തോമസ് (ആന്റോ) | പാലാങ്കര | രാവിലെ 9.30 |
| 2017 ജനുവരി 3 | തട്ടുപറമ്പിൽ വർഗ്ഗീസ് (ജിന്റോ) | കേളകം | രാവിലെ 9.30 |

**അഭിനന്ദനങ്ങൾ**

റോമിലെ ഹോളിക്രോസ് യൂണിവേഴ്സിറ്റിയിൽ നിന്നും ബൈബിൾ വിജ്ഞാനീയത്തിൽ : *A Structural, Linguistic and Eco-Theological Enquiry on Creation Accounts in Genesis 1-3* എന്ന ഗവേഷണ പ്രബന്ധത്തിന് ഡോക്ടറേറ്റ് കരസ്ഥമാക്കി ബഹു. ബിനീഷ് തടത്തിൽ അച്ചൻ രൂപതയിൽ തിരിച്ചെത്തിയിരിക്കുന്നു. ഉന്നത വിജയം കരസ്ഥമാക്കിയ ബിനീഷച്ചന് ഹൃദ്യമായ അഭിനന്ദനങ്ങൾ... ആശംസകൾ. പുതിയ സേവന മേഖലകളിൽ വിജയാശംസകൾ.

**വാർഷിക ധ്യാനം**

നമ്മുടെ രൂപതയിൽ സേവനം ചെയ്യുന്ന വൈദികർക്കായുള്ള വാർഷിക ധ്യാനം സെപ്റ്റംബർ മാസത്തിൽ രണ്ടു ബാച്ചുകളിലായി നടന്നു. ബഹു. അബ്രാഹം ചേറാടി CMF നയിച്ച ധ്യാനങ്ങളിൽ 156 വൈദികർ പങ്കെടുത്തു. ധ്യാന വിജയത്തിനായി സഹകരിച്ച എല്ലാ വർക്കും നന്ദിയും അഭിനന്ദനങ്ങളും.

ഈ ധ്യാനങ്ങളിൽ പങ്കെടുത്തിട്ടില്ലാത്ത രൂപതാ വൈദികർ ഈ വർഷം ഡിസംബർ 31 നു മുൻപായി വാർഷിക ധ്യാനം നടത്തുകയും ആ വിവരം റിപ്പോർട്ട് ചെയ്യുകയും, കുർബാന കണക്കു ബുക്ക് രൂപത കച്ചേരിയിൽ സമർപ്പിച്ച് പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യേണ്ടതാണ്.

**മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ**
പ്രോട്ടോസിഞ്ചെല്ലൂസ്

# വൈദികരുടെ മാസധ്യാനം

## ബത്തേരി ഫൊറോന

ബത്തേരി ഫൊറോനയിലെ വൈദികരുടെ മാസധ്യാനം 2016 ഫെബ്രുവരി 9-ാം തീയതി വടുവഞ്ചാൽ Sancta Maria (CST) ആശ്രമത്തിൽ വച്ച് നടത്തി. ബഹു. ജോർജ് കല്ലടാന്തിയിൽ അച്ചൻ എല്ലാവരെയും സ്വാഗതം ചെയ്ത് സംസാരിച്ചു. ബഹു. ഫാ.ജോസഫ് ചാത്തനാട്ട് C S T ധ്യാന ചിന്തകൾക്കും ആരാധനയ്ക്കും നേതൃത്വം നല്കി. അന്നേ ദിവസം വി. കൊച്ചുത്രേസ്യായുടെ തിരുന്നാളും ആചരിച്ചു. തുടർന്ന് നടത്തിയ ചർച്ചകൾക്ക് ഫൊറോന വികാരി ഫാ. സ്റ്റീഫൻ കോട്ടയ്ക്കൽ നേതൃത്വം നല്കി. വിവിധ സംഘടനകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് വിലയിരുത്തി. കാരുണ്യവർഷ സമാപനത്തോടനുബന്ധിച്ച് ഫൊറോനയിലെ എല്ലാ ഇടവകകളിലെയും ദൈവജനം ഒന്നുചേർന്ന് കാരുണ്യകവാട പ്രവേശനവും ദണ്ഡവിമോചന ശുശ്രൂഷയും നവംബർ 12-ാം തീയതി ശനിയാഴ്ച ബത്തേരി അസംപ്ഷൻ ഫൊറോനാ ദേവാലയത്തിൽവച്ച് നടത്തുവാൻ തീരുമാനിച്ചു. അന്നേ ദിവസം ജപമാല, കുരിശിന്റെ വഴി, ക്ലാസ്സ് (ദണ്ഡവിമോചനം കരുണയുടെ വർഷത്തിൽ), വി. കുർബാന, ദണ്ഡവിമോചന പ്രാർത്ഥനകൾ എന്നീ ശുശ്രൂഷകൾ ഉണ്ടായിരിക്കും. രാവിലെ 9.30 ന് ആരംഭിക്കുന്ന ശുശ്രൂഷകൾ ഉച്ചകഴിഞ്ഞ് 2 മണിക്ക് സമാപിക്കും. അടുത്ത മാസധ്യാനം ചിത്രഗിരി പള്ളിയിൽ വച്ച് നവംബർ 15-ാം തീയതി നടത്തുവാൻ തീരുമാനിച്ചു.

**ഫാ. ഷിജോ വേനക്കുഴിയിൽ**

സെക്രട്ടറി

## മുള്ളൻകൊല്ലി ഫൊറോന

മുള്ളൻകൊല്ലി ഫൊറോനയിലെ വൈദികരുടെ മാസധ്യാനം പട്ടാണിക്കൂപ്പ് ഉണ്ണീശോ പള്ളിയിൽ വച്ച് നടത്തുകയുണ്ടായി. ഇടവക വികാരി ബഹു. സിബിച്ചൻ ചേലക്കാപ്പള്ളി അച്ചൻ എല്ലാവരെയും സ്വാഗതം ചെയ്തു. ഈ മാസധ്യാനം തികച്ചും വ്യത്യസ്തവും വളരെ സന്തോഷവും നിറഞ്ഞതായിരുന്നു. മുള്ളൻകൊല്ലി ഫൊറോനയിലെ വൈദികരുടെ കൂട്ടായ്മയും സൗഹൃദവും ആഴത്തിൽ അനുഭവിച്ചറിയാൻ ഈ മാസധ്യാനത്തിലൂടെ സാധിച്ചു. ബഹു. അബ്രാഹം നാടുകു

ന്നേൽ അച്ചൻ തന്റെ ആദ്യ പ്രയത്നത്തിൽ തന്നെ IELTS പാസ്സായ തിന്റെ സന്തോഷം പങ്കുവച്ചു. ഫൊറോന വികാരി ബഹു. ഫ്രാൻസീസ് നെല്ലിക്കുന്നേൽ അച്ചനും സഹവൈദികരും അബ്രാഹം അച്ചന് അഭിനന്ദനങ്ങളും ആശംസകളും നേരുകയും ചെയ്തു. തുടർന്ന് ധ്യാനാത്മകമായ ആരാധനയിലൂടെ ബഹു. ജോസ് കളപ്പുര അച്ചൻ വാർഷിക ധ്യാനത്തിന്റെ തേജസ് ഒട്ടും നഷ്ടപ്പെടാത്തവിധത്തിൽ കരുണയിലൂന്നിയ വചനാധിഷ്ഠിത ജീവിതത്തിന്റെ പ്രസക്തിയെക്കുറിച്ചും ദിവ്യബലിയെക്കുറിച്ചും ദിവ്യകാരുണ്യത്തിന്റെ മുന്നിൽ ഇരിക്കുന്നതിന്റെ ആവശ്യകതയെക്കുറിച്ചും മനോഹരമായി ചിന്തകൾ പങ്കുവെയ്ക്കുകയും ചെയ്തു. ആരാധനയ്ക്കുശേഷം കരുണയുടെ വർഷസമാപനം എങ്ങനെ നടത്താം എന്ന് ചർച്ച ചെയ്യുകയും തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. +2 പ്രതിഭാസംഗമം ഒക്ടോബർ 30-ന് മുള്ളൻകൊല്ലി ഫൊറോനയിൽ വച്ച് നടത്താമെന്ന് തീരുമാനിച്ചു. തുടർന്ന് പല സംഘടനകളെക്കുറിച്ച് ചർച്ച നടത്തുകയും സ്നേഹവിരുന്നിന് ശേഷം പിരിയുകയും ചെയ്തു. അടുത്ത മാസധ്യാനം ഇരുളം പള്ളിയിൽ വച്ച് നടത്താൻ തീരുമാനിച്ചു.

സെക്രട്ടറി, മുള്ളൻകൊല്ലി ഫൊറോന

# ബൈബിൾ അപ്പോസ്തലേറ്റ്

**ലോഗോസ് 2016 രൂപതാതല പരീക്ഷാഫലം**

ഈ വർഷത്തെ ലോഗോസ് ക്വിസ്സിന് 18000 പേർ രജിസ്റ്റർ ചെയ്തു. ഏറ്റവും കൂടുതൽ പേർ റജിസ്റ്റർ ചെയ്ത 3 ഇടവകകൾ 1. ചുങ്കക്കുന്ന് (895), 2. കൊട്ടിയൂർ (559), 3. കല്ലോടി (376) ഇതിനു നേതൃത്വം നൽകിയ ബഹു. വികാരിയച്ചന്മാർക്കും കൊച്ചച്ചൻമാർക്കും മതാധ്യാപകർക്കും സഹപ്രവർത്തകർക്കും ബൈബിൾ അപ്പോസ്റ്റലേറ്റിന്റെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

**Logos 2016 Diocesan Level Results**

**A Group**

| | | | |
|---|---|---|---|
| I | Hanna Milevah Mukalakunnel | 86 | Vilambukandam |
| II | Irene Kadakelil | 82 | Panamchira |
| III | Sachin Kannuthottiyil | 78 | Moolankavu |

**B Group**

| | | | |
|---|---|---|---|
| I | Mary/ Riya Chambakkattu | 85 | Palchuram |
| II | Kochuthressia Cherutharappel | 84 | Kayyunni |
| III | Niya Rose Njondanmakal | 83 | Kabanigiri |

**C Group**

| | | | |
|---|---|---|---|
| I | Benchamin (Jerin) Anugraha | 98 | Chungakunnu |
| II | Blessy Mathew SH | 92 | SH Provincial House |
| III | Sr. Greety David SCV | 91 | Vincentgiri |

**D Group**

| | | | |
|---|---|---|---|
| I | Sr. Cicy George SH | 97 | Kalpra |
| II | Thomas Puthumanamuzhy | 94 | Palemad |
| III | Bindu Kavalanal | 92 | Karimani |

**E Group**

| | | | |
|---|---|---|---|
| I | Thomas Mangalath | 90 | Chungakunnu |
| II | Jolly Babu Nadikunnel | 89 | Nilambur |
| III | Sr. Jeena FCC | 88 | Santhigiri |
| III | Mary Baby Puthiyidam | 88 | Nadavayal |

## F Group

| | | | |
|---|---|---|---|
| I | Ritha Palackathadathil | 92 | Pazhoor |
| II | Annamma Puthiyakunnel | 89 | Vythiri |
| III | Sr. Marietta CMC | 85 | Nadavayal |
| III | Sr. Aniss OSA | 85 | Adackathode |

## ലോഗോസ് ഫമിലിയ ക്വിസ്

| | | | |
|---|---|---|---|
| I | Manakkatt Family | 83% | Chungakkunnu |
| II | Kadakelil Family | 81.33% | Panamchira |
| III | Arumayil Family | 66.67 | Chokkad |

ഈ വർഷത്തെ ലോഗോസ് ക്വിസ്സ് വിജയികൾക്ക് അഭിനന്ദനങ്ങൾ നേരുന്നു. ഇവരെ ഒരുക്കിയ മാതാപിതാക്കളെയും വികാരിയച്ചന്മാരെയും മാതൃവേദി ആനിമേറ്റേഴ്സിനെയും മതാധ്യാപകരെയും നന്ദിയോടെ ഓർക്കുന്നു. വിജയികൾക്കുള്ള സമ്മാനദാനം ഡിസംബർ 17-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേരുന്ന മാതൃവേദി ജനറൽ ബോഡി യോഗത്തിൽ വെച്ച് നിർവ്വഹിക്കുന്നതാണ്.

രൂപതാ തലത്തിൽ A,B,C,D,E, എന്ന വിഭാഗങ്ങളിൽ 1 -ഉം, 2-ഉം, 3-ഉം സ്ഥാനങ്ങൾ നേടിയവർക്കുള്ള എഴുത്തുപരീക്ഷ നവംബർ 20 -ന് കോഴിക്കോട് പ്രൊവിഡൻസ് സ്കൂളിൽ വച്ച് ഉച്ചകഴിഞ്ഞ് 2.30 മുതൽ 3.30 വരെ ആയിരിക്കും.

ഫാമിലി ക്വിസ്സിൽ ഒന്നാം സ്ഥാനം നേടിയ കുടുംബത്തിനുള്ള സംസ്ഥാനതല എഴുത്തു പരീക്ഷ P.O.C യിൽ വച്ച് നവംബർ 26-ാം തീയതി ശനിയാഴ്ച്ച രാവിലെ 9.30 -ന് ആയിരിക്കും.

**പഴയ ബൈബിൾ ശേഖരണം**

നമ്മുടെ ഭവനങ്ങളിൽ നിന്ന് അനുദിന ഉപയോഗത്തിന് യോഗ്യമല്ലാത്തതും പഴക്കം ചെന്നതുമായ ബൈബിൾ പ്രതികൾ ശേഖരിക്കുന്നു. ഫിയാത്ത് മിഷനു വേണ്ടി KCBC ബൈബിൾ കമ്മീഷനാണ് ബൈബിളുകൾ ശേഖരിക്കുന്നത്. ഇടവകകളിൽ മിഷൻലീഗും, മാതൃവേദിയും വഴി ഇവ ശേഖരിച്ച് ഓരോ ഫൊറോനയിലും ഏതെങ്കിലും ഒരു കേന്ദ്രത്തിൽ എത്തിക്കുകയാണെങ്കിൽ അവ രൂപതാകേന്ദ്രത്തിൽ എത്തിക്കാൻ രൂപതാ ബൈബിൾ അപ്പോസ്റ്റലേറ്റ് ക്രമീകരണം ഏർപ്പെടുത്തുന്നതാണ്. കഴിവതും ഡിസംബർ മാസത്തിൽ തന്നെ ഈ യജ്ഞം പൂർത്തിയാക്കാൻ ബഹു. വികാരിയച്ചൻമാർ ശ്രദ്ധിക്കുമല്ലോ.

**ബൈബിൾ പാരായണ കലണ്ടർ**

സഭാംഗങ്ങളിലും പൊതുസമൂഹത്തിലും വി.ഗ്രന്ഥത്തോട് കൂടുതൽ അടുപ്പവും ആഭിമുഖ്യവും വളർത്താൻ ലക്ഷ്യമിട്ട് KCBC ബൈബിൾ കമ്മീഷൻ ഡിസംബർ മാസം ബൈബിൾ പാരായണ

മാസമായി ആചരിക്കുന്നു. വചനം വായിക്കാൻ വ്യക്തികൾക്കും, കുടുംബങ്ങൾക്കും, ഇടവകകൾക്കും, സ്ഥാപനങ്ങൾക്കും സഹായകരമാകും വിധം ബൈബിൾ വായനാ കലണ്ടറും തയ്യാറാക്കിയിട്ടുണ്ട്. കലണ്ടർ ചുവടെ ചേർക്കുന്നു.

## സമ്പൂർണ്ണ ബൈബിൾ പാരായണത്തിന് ഒരു മാർഗ്ഗരേഖ
### (ഡിസംബർ : ബൈബിൾ പാരായണമാസം)

| തീയതി | വായന | തീയതി | വായന |
|---|---|---|---|
| 01 | ഉത്പ 1–38 | 12 | തോബി 4–14 |
| 02 | ഉത്പ 39–50 | | യൂദി 1–16 |
| | പുറ 1–27 | | എസ്തേ 1–16 |
| 03 | പുറ 28–40 | | 1 മക്ക 1–5 |
| | ലേവ്യ 1–23 | 13 | 1 മക്ക 6–16 |
| 04 | ലേവ്യ 24–27 | | 2 മക്ക 1–15 |
| | സംഖ്യ 1–28 | 14 | ജോബ് 1–42 |
| 05 | സംഖ്യ 29–36 | 15 | സങ്കീ 1–76 |
| | നിയ 1–31 | 16 | സങ്കീ 77–134 |
| 06 | നിയ 32–34 | 17 | സങ്കീ 135–150 |
| | ജോഷ്വ 1–24 | | സുഭാ 1–31 |
| | ന്യായാ 1–13 | | സഭാ 1–3 |
| 07 | ന്യായ 14–21 | 18 | സഭാ 4–12 |
| | റൂത്ത് 1–4 | | ഉത്ത 1–8 |
| | 1 സാമു 1–31 | | ജ്ഞാനം 1–19 |
| | 2 സാമു 1–6 | | പ്രഭാ 1–17 |
| 08 | 2 സാമു 7–24 | 19 | പ്രഭാ 18–51 |
| | 1 രാജാ 1–17 | | ഏശ 1–8 |
| 09 | 1 രാജാ 18–22 | 20 | ഏശ 9–66 |
| | 2 രാജ 1–25 | 21 | ജറെ 1–47 |
| | 1 ദിന 1–6 | 22 | ജറെ 48–52 |
| 10 | 1 ദിന 7–29 | | വിലാ 1–5 |
| | 2 ദിന 1–19 | | ബാറൂ 1–6 |
| 11 | 2 ദിന 20–36 | | എസെ 1–22 |
| | എസ്രാ 1–10 | | ബാറു 1–6 |
| | നെഹെ 1–13 | | എസെ 1–22 |
| | തോബി 1–3 | 23 | എസെ 23–48 |

| | | | |
|---|---|---|---|
| | ദാനി 1–14 | | 1 കോറി 1–16 |
| 24 | ഹോസി 1–14 | 30 | 2 കോറി 1–13 |
| | ജോയേ 1–3 | | ഗലാ 1–6 |
| | ആമോ 1–9 | | എഫേ 1–6 |
| | ഒബാ 1 | | ഫിലി 1–4 |
| | യോനാ 1–4 | | കൊളോ 1–4 |
| | മിക്ക 1–7 | | 1 തെസ 1–5 |
| | നാഹും 1–3 | | 2 തെസ 1–3 |
| | ഹബ 1–3 | | 1 തിമോ 1–6 |
| | സെഫാ 1–3 | | 2 തിമോ 1–4 |
| | ഹഗ്ഗാ 1–2 | | തീത്തോ 1–3 |
| | സഖ 1–14 | | ഫിലേ 1 |
| | മല 1–4 | 31 | ഹെബ്രാ 1–13 |
| 26 | മത്താ 1–28 | | യാക്കോ 1–5 |
| | മർക്കോ 1–7 | | 1 പത്രോ 1–5 |
| 27 | മർക്കോ 8–16 | | 2 പത്രോ 1–3 |
| | ലൂക്ക 1–24 | | 1 യോഹ 1–5 |
| 28 | യോഹ 1–21 | | 2 യോഹ 1 |
| | അപ്പ 1–13 | | 3 യോഹ 1 |
| 29 | അപ്പ 14–28 | | യൂദാ 1 |
| | റോമ 1–16 | | വെളി 1–22 |

സമ്പൂർണ്ണ ബൈബിൾ 95 മണിക്കൂറുകൾകൊണ്ട് വായിച്ചു തീർക്കാവുന്നതാണ്. തയ്യാറാക്കിയത്: കെ.സി.ബി.സി. ബൈബിൾ കമ്മീഷൻ, പി.ഒ.സി., പി.ബി. നമ്പർ 2251, പാലാരിവട്ടം, കൊച്ചി, കേരള, ഫോൺ: 0484 2805897
E-mail: secretary@keralabiblesociety.com, visit: www.keralabiblesociety.com

**ഫാ. മാത്യു പെരിയപ്പുറം**
ഡയറക്ടർ, ബൈബിൾ അപ്പോസ്റ്റലേറ്റ്

# മതബോധനരംഗം

## രൂപതാ മതാധ്യാപക കൺവൻഷൻ

നവംബർ 12, 13 തീയതികളിൽ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്ന നമ്മുടെ രൂപതാ മതാധ്യാപക സംഗമത്തെക്കുറിച്ച് ഇതിനകം അറിഞ്ഞിരിക്കുമല്ലോ. ബഹുമാനപ്പെട്ട വികാരിയച്ചൻമാരേയും ഹെഡ്മാസ്റ്റേഴ്സിനേയും എല്ലാ മതാധ്യാപകരേയും ഏറെ സന്തോഷത്തോടെ മാനന്തവാടി മതബോധനകേന്ദ്രം കാരുണ്യ വർഷത്തിലെ ഈ മതാധ്യാപക കൺവൻഷനിലേക്ക് സ്വാഗതം ചെയ്യുന്നു. കേരളത്തിലെ ഏറ്റവും പ്രശസ്തരും മാതൃകകളുമായ വ്യക്തികളെയാണ് നമുക്ക് ക്ലാസുകൾ നയിക്കാനായി ലഭിച്ചിരിക്കുന്നത്. അതിനാൽ ഈ അവസരത്തെ നഷ്ടപ്പെടുത്താതെ ഉപകാരപ്രദമാക്കാൻ ശ്രദ്ധിക്കുക. മതാധ്യാപക സംഗമവുമായി ബന്ധപ്പെട്ട ചില പ്രധാനപ്പെട്ട കാര്യങ്ങൾ ഓർമ്മിപ്പിക്കുന്നു.

1. നവംബർ 12 ശനിയാഴ്ച നടക്കുന്ന കൺവൻഷനിൽ ഹെഡ്മാസ്റ്റേഴ്സ്, HDC പൂർത്തിയാക്കിയവർ, HDC ചെയ്തുകൊണ്ടിരിക്കുന്നവർ, മേഖലാ – രൂപതാ ടീം അംഗങ്ങൾ, റിസോഴ്സ് പേഴ്സൺസ് എന്നിവരാണ് പങ്കെടുക്കേണ്ടത്. HDC പാസായവർ, ഇപ്പോൾ മതാധ്യാപകർ അല്ലെങ്കിലും അവരെ ഈ വിവരം അറിയിക്കുകയും സംഗമത്തിലേക്ക് ക്ഷണിക്കുകയും ചെയ്യണം.

2. നവംബർ 13 ഞായറാഴ്ച ഇടവകയിലെ എല്ലാ മതാധ്യാപകരും നിർബന്ധമായും രൂപതാ സംഗമത്തിന് എത്തിച്ചേരണം. അന്നേദിവസം മതാധ്യാപകരുടെ നേതൃത്വത്തിലുള്ള പരിപാടികൾ ഒന്നും ഇടവകയിൽ ക്രമീകരിക്കാതിരിക്കാൻ ശ്രദ്ധിക്കണം.

3. നവംബർ 12–ന് 9.30 നും നവംബർ 13–ന് 9.00 നും ആയിരിക്കും പരിപാടികൾ ആരംഭിക്കുന്നത്. രണ്ട് ദിവസങ്ങളിലും ഇവിടെ വി. കുർബാന ഉണ്ടായിരിക്കുന്നതാണ്.

4. 12–ാം തീയതി രാത്രി 10.00 ന് പ്രോഗ്രാം അവസാനിക്കും.

തിരികെ വീടുകളിലേക്ക് പോകേണ്ടവർക്ക് അത് അനുവദനീയമാണ്. അന്നേദിവസം താമസസൗകര്യം ആവശ്യമുള്ളവർ രജിസ്ട്രേഷൻ ഫോമിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. ബഹു.സിസ്റ്റേഴ്സിന് സമീപത്തുള്ള അവരുടെ മഠങ്ങളിൽ താമസസൗകര്യം ക്രമീകരിക്കുന്നതാണ്.

സമയബന്ധിതമായി പരിപാടികൾ തീർക്കേണ്ടതിനാൽ കൃത്യസമയത്തുതന്നെ പ്രോഗ്രാമുകൾ തുടങ്ങുന്നതായിരിക്കും. മതാധ്യാപകർ എല്ലാവരും ഈ സംഗമത്തിന്റെയും കൺവൻഷന്റെയും വിജയത്തിനായി പ്രത്യേകം പ്രാർത്ഥിക്കണമെന്ന് ഓർമ്മിപ്പിക്കുന്നു. ഒരിക്കൽക്കൂടി സന്തോഷത്തോടെ നിങ്ങളെ എല്ലാവരെയും ഈ മതാധ്യാപക സംഗമത്തിലേക്ക് സ്വാഗതം ചെയ്യുന്നു.

**മതാധ്യാപകദിനം**

എന്റെ കുഞ്ഞുമക്കളേ, ക്രിസ്തു നിങ്ങളിൽ രൂപപ്പെടുന്നതുവരെ വീണ്ടും ഞാൻ നിങ്ങൾക്കുവേണ്ടി ഈറ്റുനോവ് അനുഭവിക്കുന്നു (ഗലാ. 4.19). ക്രിസ്തുവിശ്വാസത്തിലേക്ക് ആളുകളെ കൊണ്ടുവരിക, അവരിൽ ക്രിസ്തുവിനെ രൂപപ്പെടുത്തിയെടുക്കുക ഇവ രണ്ടും സുവിശേഷ പ്രവർത്തനത്തിന്റെ ലക്ഷ്യങ്ങളാണ്. പൗലോസ് ശ്ലീഹാ അനുഭവിച്ച ഈറ്റുനോവ് ഇന്ന് സഭയും അനുഭവിക്കുന്നുണ്ട്. സഭാതനയരിൽ ക്രിസ്തുവിനെ രൂപപ്പെടുത്തിയെടുക്കുവാനുള്ള നോവാണത്. കുട്ടികളിൽ വിശ്വാസം ആഴപ്പെടുത്തുകയും വിശ്വാസത്തിന് അനുസൃതമായ മനോഭാവങ്ങളും മൂല്യങ്ങളും വളർത്തിയെടുക്കുകയും ചെയ്യുന്നത് ശ്രമകരമായ ദൗത്യമാണ്. ഇതിനുള്ള പ്രഥമ ചുമതല മാതാപിതാക്കൾക്കാണെങ്കിലും സഭാസമൂഹത്തിന് മുഴുവനും ഇക്കാര്യത്തിൽ ഉത്തരവാദിത്വമുണ്ട്. മതബോധനക്ലാസുകളിലൂടെ ഈ ഉത്തരവാദിത്വമാണ് സഭ നിർവ്വഹിക്കാൻ ശ്രമിക്കുന്നത്. മതബോധനത്തിന്റെ ഉത്തരവാദിത്വം ഗൗരവമായെടുത്ത് ഇടവകയിൽ നിറവേറ്റുവാൻ സഹായിക്കുന്ന മുഴുവൻ മതാധ്യാപകരേയും നന്ദിയോടെ അനുസ്മരിക്കുന്നു. നവംബർ 6–ാം തീയതി മതാധ്യാപക ദിനമാണ്. ഇടവകയിലെ പ്രഥമ മതാധ്യാപകനായ ബഹു. വികാരിയച്ചനും വികാരിയച്ചനെ മതബോധനം എന്ന ദൗത്യത്തിൽ സഹായിക്കുന്ന മുഴുവൻ മതാധ്യാപകർക്കും മതാധ്യാപകദിനത്തിന്റെ മംഗളങ്ങൾ.

**പ്ലസ്ടു വിദ്യാർത്ഥി സംഗമം**

പ്ലസ്ടു വിദ്യാർത്ഥികളുടെ സംഗമം ഒക്ടോബർ 2 ന് മണിമൂളി, നിലമ്പൂർ മേഖലയിലും ഒക്ടോബർ 30 ന് ചുങ്കക്കുന്ന്, മുള്ളൻകൊല്ലി

ഫൊറോനകളിലും നടത്തപ്പെട്ടു. മേഖലകളിൽ ആവശ്യകമായ ക്രമീകരണങ്ങൾ നടത്തിയ മേഖലാ ഡയറക്ടർമാർക്കും മേഖലാ സെക്രട്ടറിമാർക്കും മതാധ്യാപകർക്കും ഹൃദ്യമായ നന്ദി. നവംബർ 6-ാം തീയതി നടവയൽ മേഖലയുടെയും നവംബർ 20-ാം തീയതി കല്ലോടി മേഖലയുടെയും 27-ാം തീയതി ബത്തേരി മേഖലയുടെയും പ്ലസ്ടു സംഗമങ്ങൾ നടക്കുന്നതാണ്.

**HDC കോൺടാക്ട് ക്ലാസ്സ്**

HDC ഒന്നാം വർഷക്കാരുടെ കോൺടാക്ട് ക്ലാസ്സ് നവംബർ 5-ന് ദ്വാരകയിലും നവംബർ 19 ന് മണിമൂളിയിലും 26-ന് ബത്തേരിയിലും വച്ച് നടത്തപ്പെടുന്നതാണ്.

**HM PP കോൺഫ്രൺസ് ഡിസംബർ 10-ന്**

കഴിഞ്ഞ മെയ് മാസത്തിലെ HM PP കോൺഫ്രൻസിൽ നിർദ്ദേശിക്കപ്പെട്ടതുപോലെ അടുത്ത HM PP കോൺഫ്രൻസ് ഡിസംബർ 10-ാം തീയതി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്. പ്രധാനാധ്യാപകർ അന്നേദിവസം വരുമ്പോൾ കുട്ടികളുടെ പരീക്ഷാ ചോദ്യപേപ്പറിന്റെ ഈ വർഷത്തെ വില കൊണ്ടുവരണം. ഡിപ്ലോമ (X) സ്കോളർഷിപ്പ് (IV, VII) പരീക്ഷകളുടെ രജിസ്ട്രേഷൻ ഫോറങ്ങൾ കൃത്യമായും വ്യക്തമായും പൂരിപ്പിച്ച് (in English Capital Letters) ഓഫീസിൽ ഏൽപ്പിക്കണം. HCC ഹാൾടിക്കറ്റ് കൈപ്പറ്റുകയും ചെയ്യണം.

**മണിമൂളി - നിലമ്പൂർ റീജിയൺ DCC ക്ലാസ്സ്**

മണിമൂളി-നിലമ്പൂർ റീജിയണിൽ നിന്നും നീലഗിരി റീജിയണിൽ നിന്നും DCC കോഴ്സിനായി ഈ വർഷം രജിസ്റ്റർ ചെയ്തവരുടെയും കഴിഞ്ഞ രണ്ട് വർഷങ്ങളിലായി രജിസ്റ്റർ ചെയ്തവരുടെയും ക്ലാസ്സ് നവംബർ 19-ാം തീയതി രാവിലെ 10 മണിക്ക് മണിമൂളി പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെടുന്നതാണ്.

**ഫാ. റോയി വട്ടക്കാട്ട്**

മതബോധന കേന്ദ്രം

# ചെറുപുഷ്പ മിഷൻലീഗ്

പ്രിയ മിഷൻ സുഹൃത്തുക്കളെ,

അഭിനന്ദനങ്ങൾ .... ക്രിസ്തു ചൈതന്യം നെഞ്ചിലേറ്റി പ്രേഷിത തീക്ഷണതയോടെ മിഷൻ മാസവും പ്രേഷിതോത്സവവും ആഘോഷിച്ച എല്ലാവർക്കും അഭിനന്ദനങ്ങൾ 'ആരെനിക്കായ് പോകും'? എന്ന ചോദ്യത്തിന് ഞാൻ നിനക്കായ് പോകാം എന്നുറക്കെ പ്രഘോഷിച്ചു കൊണ്ട് പ്രവർത്തിച്ച മാസവും, "വേലക്കാരെ അയയ്ക്കാൻ വിളവിന്റെ നാഥനോട് പ്രാർത്ഥിച്ച" ഒരു മാസവും വെറുതെ കുറെ ദിനങ്ങളായി കടന്നുപോകാതിരിക്കട്ടെ. മിഷൻ മാസാഘോഷത്തിന്റെ അലയടികൾ കാരുണ്യ പ്രവർത്തികളായി തുടരട്ടെ എന്നാശംസിക്കുന്നു.

നവംബർ മാസം വളരെ പ്രത്യേകമായി നാം അനുസ്മരി ക്കുന്നത്-അവശരെ സഹായിക്കുക എന്ന കാരുണ്യപ്രവർത്തി യാണല്ലോ. മാനസീകവും ശാരീരികവുമായി തളർന്നവർക്ക് ആശ്രയവും ആശ്വാസവുമേകുവാൻ നമുക്ക് സാധിക്കട്ടെ. അഗതിക ളെയും അനാഥരെയും വൃദ്ധജനങ്ങളെയുമൊക്കെ സന്ദർശിച്ച് ശുശ്രൂഷ ചെയ്യുവാൻ ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

രൂപതാ ബൈബിൾ കലോത്സവത്തിനായ് നടത്തിയ പരിശ്രമ ങ്ങളെയും ഒരുക്കങ്ങളെയും നന്ദിയോടെ ഓർക്കുന്നു. നമ്മുടെ മനസ്സും പ്രാർത്ഥനയുമെല്ലാം നവംബർ 12-ലെ സംസ്ഥാനമത്സരത്തിനു വേണ്ടിയാകട്ടെ. മാനന്തവാടി രൂപത ആതിഥ്യമരുളുന്ന മത്സരമായതു കൊണ്ടുതന്നെ എല്ലാവരുടെയും സഹകരണവും പ്രാർത്ഥനയും ആഗ്രഹിക്കുന്നു. അന്നേ ദിവസം സാന്നിധ്യംകൊണ്ടും അനുഗ്രഹിക്കു മല്ലോ.

സ്നേഹപൂർവ്വം
**ജോജോച്ചൻ**

**സാഹിത്യ ശിൽപശാല, 'അക്ഷരം-2016'**

മേഖല, രൂപതാ സാഹിത്യ മത്സര വിജയികളുടെ സംഗമം 2016 സെപ്തംബർ 20 ന് വൈകുന്നേരം 6 മണി മുതൽ 9.30 വരെ ദ്വാരക

പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. 35 പേർ പരിശീലനത്തിൽ പങ്കെടുത്തു. ജോസ് പള്ളത്ത്, ഫാ.ജെയ്സ് ചെട്ട്യാശ്ശേരിൽ, ഷാജി ചന്ദനപറമ്പിൽ എന്നിവർ ശിൽപശാലയ്ക്ക് നേതൃത്വം നൽകി.

**സംസ്ഥാന സാഹിത്യ മത്സരം**

2016 സെപ്തംബർ 21 ന് രാവിലെ 10 മണിക്ക് സംസ്ഥാന മത്സരം ആരംഭിച്ചു. സംസ്ഥാന പ്രതിനിധി ശ്രീ.ജോർജ് പൈക നേതൃത്വം നൽകി. ജോൺസൻ ചിറായിൽ, ബിനു മാങ്കൂട്ടം എന്നിവർ സഹായം നൽകി.

**സീനിയർ ക്യാമ്പ്– 'കൂട്ട് –2016'**

സീനിയർ ക്യാമ്പ്, കൂട്ട്–2016, ഒക്ടോബർ 11 ന് വൈകുന്നേരം 4 മണിക്ക് ആരംഭിച്ച് 12–ാം തീയതി വൈകുന്നേരം 4 മണിക്ക് അവസാനിച്ചു. 18 വയസ്സിനും 25 വയസ്സിനും ഇടയിൽ പ്രായമുള്ള വർക്കായി ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ട ക്യാമ്പിൽ 42 പേർ പങ്കെടുത്തു. ശ്രീ.തോമസ് കല്ലറക്കൽ, ശ്രീ.ഷാജി ചന്ദനപറമ്പിൽ, ശ്രീ.ജിജിൽ കിഴക്കരക്കാട്ട്, ശ്രീ.രഞ്ജിത്ത് മുതുപ്ലാക്കൽ എന്നിവർ നേതൃത്വം നൽകി. ഫാ.ബിജു സെബാൻ ക്ലാസ്സുകൾ നയിച്ചു.

**എമ്മാവൂസ് വില്ല സന്ദർശനം**

സീനിയർ ക്യാമ്പിലെ അംഗങ്ങൾ ഒന്ന് ചേർന്ന് 12–ാം തീയതി എമ്മാവൂസ് വില്ല സന്ദർശിച്ച് കുരുന്നുകളുമായി സംഭാഷിക്കുകയും കലാപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. ക്രമീകരണങ്ങൾ ചെയ്തുതന്ന എം.എം.ബി. ബ്രദേഴ്സിനെ നന്ദിയോടെ സ്മരിക്കുന്നു.

**ജന്മനിധി സമ്മാനം**

എമ്മാവൂസ് വില്ലയിലെ അന്തേവാസികൾക്ക്, രൂപത എക്സികൂട്ടീവ് അംഗങ്ങൾ ജന്മനിധി ശേഖരിച്ച് പഠനോപകരണ ങ്ങളായും നിത്യോപയോഗ സാധനങ്ങളായും സമ്മാനിച്ചു.

**കലാമത്സര പരിശീലനം**

രൂപതാ കലാമത്സര വിജയികൾക്കുള്ള പ്രത്യേക പരിശീലനം 2016 ഒക്ടോബർ 11 ചൊവ്വാഴ്ച രാവിലെ 9.30 മുതൽ 3.30 വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തപ്പെട്ടു. രണ്ടാംഘട്ട പരിശീലനം ഒക്ടോബർ 29 ശനിയാഴ്ച (ദീപാവലി) രാവിലെ 9.30 മുതൽ 3.30 വരെയുള്ള സമയത്ത് നടത്തപ്പെടുന്നതാണ്. രൂപതാ വിജയികളെ നിർബന്ധമായും പരിശീലനത്തിൽ പങ്കെടുപ്പിക്കുമല്ലോ.

**മിഷൻ മാസാചരണം**

മിഷൻ മാസാചരണത്തിന്റ പ്രത്യേക റിപ്പോർട്ട് നവംബർ 15 ന് മുമ്പ് രൂപതാ ഓഫീസിൽ എത്തിക്കണം. ഏറ്റവും മികച്ച 10 ശാഖകൾക്ക് സമ്മാനം നൽകുന്നതാണ്. 150 ൽ കുറവ് ഭവനങ്ങളുള്ള ശാഖകൾക്ക് പ്രത്യേക പരിഗണന ഉണ്ടായിരിക്കും.

**സംസ്ഥാന കലാമത്സരം**

സംസ്ഥാന ബൈബിൾ കലാമത്സരം 2016 നവംബർ 12 ന് കണിയാരം ഫാ.ജി.കെ.എം.എച്ച്.എസ് സ്ക്കൂളിൽ വച്ച് നടത്തപ്പെടുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു. എല്ലാവരുടെയും സാന്നിധ്യവും സഹകരണവും ആഗ്രഹിക്കുകയും പ്രതീക്ഷിക്കുകയും ചെയ്യുന്നു.

**സമ്മാന കൂപ്പൺ**

2016-17 വർഷത്തെ സമ്മാനകൂപ്പൺ നറുക്കെടുപ്പിൽ ഒന്നാം സമ്മാനം- ബാബു പുല്ലന്താനിക്കൽ - നെയ്ക്കുപ്പയും, രണ്ടാം സമ്മാനം- ഇമ്മാനുവേൽ തേങ്ങാപ്പാറ - കാരക്കാമലയും, മൂന്നാം സമ്മാനം - നന്ദു കാവങ്ങൾ - ചാരിറ്റി ഇടവകയും കരസ്ഥമാക്കി.

**കയ്യെഴുത്ത് മാസിക**

ഈ വർഷത്തെ കയ്യെഴുത്ത് മാസിക ജനുവരി 26 നാണ് രൂപതാ ഓഫീസിൽ എത്തിക്കേണ്ടത്. കാരുണ്യവർഷത്തോടനുബന്ധിച്ചാണ് കയ്യെഴുത്ത് മാസിക ക്രമപ്പെടുത്തേണ്ടത്. നിബന്ധനകൾക്ക് മാർഗ രേഖ, പേജ്-22 കാണുക.

**വൊക്കേഷൻ കോൺഗ്രസ്സ്**

മേഖലാ തലത്തിൽ വൊക്കേഷൻ കോൺഗ്രസ്സ് ക്രമീകരിക്കാത്ത മേഖലകൾ, നവംബർ, ഡിസംബർ മാസങ്ങളിലായി അത് ക്രമീകരിക്കണമെന്ന് അനുസ്മരിപ്പിക്കുന്നു. വൈദീകനാകാനോ, സിസ്റ്ററാകാനോ താല്പര്യമുള്ള 7, 8, 9 ക്ലാസ്സിലെ കുട്ടികളെയാണ് പ്രസ്തുത മീറ്റിംഗിന് പ്രതീക്ഷിക്കുന്നത്. മേഖലാതല സംഗമത്തിന് ശേഷം മാത്രമേ രൂപതാതല സംഗമം ക്രമീകരിക്കുവാൻ സാധിക്കൂ.

**പ്രേഷിതോത്സവ് 2016 (ബൈബിൾ കലോത്സവം)**

രൂപതാ ബൈബിൾ കലോത്സവം ഒക്ടോബർ 8 ശനിയാഴ്ച്ച കണിയാരം സ്കൂളിൽ വച്ച് നടന്നു. കണിയാരം കത്തീഡ്രൽ വികാരി റവ. ഫാ. ജോർജ്ജ് മൈലാടൂർ കലോത്സവം ഉദ്ഘാടനം ചെയ്തു. രൂപതാ എക്സിക്യൂട്ടീവ് അംഗങ്ങളും ടീം അംഗങ്ങളും മത്സരത്തിന് നേതൃത്വം നൽകി. കലാമത്സരത്തിന്റെ വിജയത്തിനായി പ്രവർത്തിച്ച

ബഹു. ജോർജ്ജ് മൈലാടൂരച്ചനെയും കണിയാരം സൺഡേസ്കൂൾ സ്റ്റാഫ് അംഗങ്ങളെയും സ്കൂൾ പ്രിൻസിപ്പാളിനെയും സ്റ്റാഫ് അംഗങ്ങളെയും പ്രിയപ്പെട്ട രൂപതാ മേഖലാ ശാഖാ ഭാരവാഹികളെയും ഡയറക്ടർ അച്ചന്മാരേയും സ്നേഹത്തോടെ ഓർക്കുന്നു. കലാസാഹിത്യ മത്സരത്തിൽ യഥാക്രമം മുള്ളൻകൊല്ലി, ചുങ്കക്കുന്ന്, ബത്തേരി മേഖലകൾ ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾ നേടി.

**രൂപതാ കലാമത്സര വിജയികൾ**

**സബ് ജൂനിയർ ആൺ – പ്രസംഗം**

| പേര് വീട്ടുപേര് | സ്ഥാനം | ശാഖ | മേഖല |
|---|---|---|---|
| 1 ക്രിസ്ബിൻ കപ്യാരുമലയിൽ | I | ദ്വാരക | കല്ലോടി |
| 2 ഇവാൻ നിരപ്പേൽ | II | തോണിച്ചാൽ | കല്ലോടി |
| 3 റിച്ചാർഡ് പൂവൻ | III | പയ്യമ്പള്ളി | പയ്യമ്പള്ളി |
| **സബ് ജൂനിയർ പെൺ –പ്രസംഗം** | | | |
| 1 ആൻ ജിസ് സോയി കൈതാരം | I | കത്തീഡ്രൽ | മാനന്തവാടി |
| 2 എയ്ഞ്ചൽ പാത്തിക്കുന്നേൽ | II | കത്തീഡ്രൽ | മാനന്തവാടി |
| 3 അന്ന തടങ്ങഴി | III | ചുങ്കക്കുന്ന് | ചുങ്കക്കുന്ന് |
| **ജൂനിയർ ആൺ –പ്രസംഗം** | | | |
| 1 അലൻ സോയി കൈതാരം | I | കത്തീഡ്രൽ | മാനന്തവാടി |
| 2 അമൻ പള്ളത്ത് | II | കല്ലോടി | കല്ലോടി |
| 3 ജോയൽ പീക്കുന്നേൽ | III | പ്രശാന്തഗിരി | മാനന്തവാടി |
| **ജൂനിയർ പെൺ – പ്രസംഗം** | | | |
| 1 നിയ റോസ് ഞൊണ്ടംമാക്കൽ | I | കബനിഗിരി | മുള്ളൻകൊല്ലി |
| 2 മെർളിൻ തുമ്പക്കാനായിൽ | II | പയ്യമ്പള്ളി | പയ്യമ്പള്ളി |
| 3 മരീന ക്രിസ്റ്റി കൂരീക്കാട്ടിൽ | III | കല്ലോടി | കല്ലോടി |
| **സീനിയർ ആൺ –പ്രസംഗം** | | | |
| 1 അജയ് ആന്റോ സോയി കൈതാരം | I | കത്തീഡ്രൽ | മാനന്തവാടി |
| 2 ജോൺ ചേറാടിയിൽ | II | പാലാങ്കര | മണിമൂളി |
| 3 ക്രിസ്റ്റിൻ മുണ്ടുപറമ്പിൽ | III | മംഗളം | തരിയോട് |
| **സീനിയർ പെൺ – പ്രസംഗം** | | | |
| 1 ജ്യോതിക ചെറുമല | I | തരിയോട് | തരിയോട് |
| 2 അശ്വനി കൊച്ചാനിച്ചുവട്ടിൽ | II | ധർമ്മഗിരി | നീലഗിരി |
| 3 റിയ മൈലംവേലിൽ | III | കരിമാനി | മാനന്തവാടി |
| **സൂപ്പർ സീനിയർ ആൺ –പ്രസംഗം** | | | |
| 1 സിനീഷ് ആപ്പുഴയിൽ | I | ചെറുകാട്ടൂർ | നടവയൽ |
| 2 അരുൺ പ്ലാത്തോട്ടം | II | പോരൂർ | മാനന്തവാടി |

| | | | |
|---|---|---|---|
| 3 ജയിംസ് കൊച്ചുവേലിക്കകത്ത് | III | കൊട്ടിയൂർ | ചുങ്കക്കുന്ന് |

**സൂപ്പർ സീനിയർ പെൺ – പ്രസംഗം**

| | | | |
|---|---|---|---|
| 1 പ്രിൻസി ചെറിയൻപറമ്പിൽ | I | പാലാങ്കര | മണിമൂളി |
| 2 രോഷ്നി മുണ്ടുപറമ്പിൽ | II | കമ്മന | പയ്യമ്പള്ളി |
| 3 ലിറ്റി ബിനീഷ് വണ്ടന്നൂർ | III | കത്തീഡ്രൽ | മാനന്തവാടി |

**സബ് ജൂനിയർ ആൺ – ബൈബിൾ വായന**

| | | | |
|---|---|---|---|
| 1 റിച്ചാർഡ് പൂവൻ | I | പയ്യമ്പള്ളി | പയ്യമ്പള്ളി |
| 2 ജോയൽ കളമ്പുകാട്ട് | II | ആറാട്ടുതറ | പയ്യമ്പള്ളി |
| 3 ക്രിസ്ബിൻ കപ്യാരുമലയിൽ | III | ദ്വാരക | കല്ലോടി |

**സബ് ജൂനിയർ പെൺ –ബൈബിൾ വായന**

| | | | |
|---|---|---|---|
| 1 അനു തൊട്ടിയിൽ | I | നടവയൽ | നടവയൽ |
| 2 എയ്ഞ്ചലീന മുഞ്ഞനാട്ട് | II | നടവയൽ | നടവയൽ |
| 3 എയ്ഞ്ചൽ പാത്തിക്കുന്നേൽ | III | കത്തീഡ്രൽ | മാനന്തവാടി |

**സബ് ജൂനിയർ – നാടോടിനൃത്തം**

| | | | |
|---|---|---|---|
| 1 അൽഡോണ പാറക്കൽ | I | കേളകം | ചുങ്കക്കുന്ന് |
| 2 റോസ് അന്ന തുരുത്തിപ്പാറ | II | നിലമ്പൂർ | നിലമ്പൂർ |
| 3 അഖിലിൻ എടത്തുട്ടേൽ | III | വാകേരി | ബത്തേരി |

**ജൂനിയർ പെൺ –നാടോടിനൃത്തം**

| | | | |
|---|---|---|---|
| 1 അലീന പുതിയകുന്നേൽ | I | സീതാമൗണ്ട് | മുള്ളൻകൊല്ലി |
| 2 സിൻഡ്രില്ല മണ്ണാട്ടേൽ | II | മാർട്ടിൻനഗർ | പയ്യമ്പള്ളി |
| 3 അമിത വേഴംപറമ്പിൽ | III | കത്തീഡ്രൽ | മാനന്തവാടി |

**സബ് ജൂനിയർ – കഥാപ്രസംഗം** (സംസ്ഥാനത്തിന് ഒന്നാം സ്ഥാനക്കാർ മാത്രം)

| | | | |
|---|---|---|---|
| 1 അലീന കോക്കാട്ട് | I | വടപുറം | നിലമ്പൂർ |
| 2 ഐറിൻ വാതക്കേടത്ത് | II | നടവയൽ | നടവയൽ |
| 3 അന്ന തടങ്ങഴി | III | ചുങ്കക്കുന്ന് | ചുങ്കക്കുന്ന് |

**ജൂനിയർ കഥാപ്രസംഗം**(സംസ്ഥാനത്തിന് ഒന്നാം സ്ഥാനക്കാർ മാത്രം)

| | | | |
|---|---|---|---|
| 1 സാന്ദ്ര മുണ്ടുനടക്കൽ | I | തവിഞ്ഞാൽ | മാനന്തവാടി |
| 2 ജെഫ് വില്ലാട്ട് | II | പയ്യമ്പള്ളി | പയ്യമ്പള്ളി |
| 1 റിൽജ വടക്കുംപാടം | III | മച്ചിക്കൊല്ലി | നീലഗിരി |

**സീനിയർ കഥാപ്രസംഗം** (സംസ്ഥാനത്തിന് ഒന്നാം സ്ഥാനക്കാർ മാത്രം)

| | | | |
|---|---|---|---|
| 1 രാജിഷ കരോട്ട് | I | ഇരുളം | മുള്ളൻകൊല്ലി |
| 2 അലീന പാലത്തിങ്കൽ | II | മാർട്ടിൻനഗർ | പയ്യമ്പള്ളി |
| 3 അമൽ സാജ് മണിക്കാവിൽ | III | കല്ലോടി | കല്ലോടി |

**സബ് ജൂനിയർ ആൺ - സംഗീതം**

| | | | |
|---|---|---|---|
| 1 അബിൻ മലേക്കുടി | I | കയ്യൂന്നി | നീലഗിരി |
| 2 അഭിഷേക് പാലക്കുന്നേൽ | II | മണിമൂളി | മണിമൂളി |
| 3 സെബാസ്റ്റ്യൻ തെങ്ങടയിൽ | III | ചുങ്കക്കുന്ന് | ചുങ്കക്കുന്ന് |

**സബ് ജൂനിയർ പെൺ -സംഗീതം**

| | | | |
|---|---|---|---|
| 1 ആഷ്‌ലി പടക്കൂട്ടിൽ | I | കല്ലോടി | കല്ലോടി |
| 2 ശ്രേയ തോട്ടുവേലിൽ | II | പഴൂർ | ബത്തേരി |
| 3 എയ്ഞ്ചലീന വാളായിൽ | III | കത്തീഡ്രൽ | മാനന്തവാടി |
| തെരേസ അല്ലക്കുഴ | III | നെടുമ്പാല | കല്പറ്റ |

**ജൂനിയർ ആൺ -സംഗീതം**

| | | | |
|---|---|---|---|
| 1 ആൽഫിൻ മുഞ്ഞനാട്ട് | I | ചുങ്കക്കുന്ന് | ചുങ്കക്കുന്ന് |
| 2 അലൻ ഏത്തക്കാട്ട് | II | മണിമൂളി | മണിമൂളി |
| 3 ഗസൽ ഒഴുകയിൽ | III | മരക്കടവ് | മുള്ളൻകൊല്ലി |

**ജൂനിയർ പെൺ - സംഗീതം**

| | | | |
|---|---|---|---|
| 1 ക്രിസ്റ്റീന വടക്കേക്കര | I | ഒറ്റപ്ലാവ് | ചുങ്കക്കുന്ന് |
| 2 ക്ലയർ മാടപ്പള്ളിക്കുന്നേൽ | II | ദ്വാരക | കല്ലോടി |
| 3 സാന്ദ്ര താഴത്തുമുറിയിൽ | III | കാട്ടിക്കുളം | പയ്യമ്പള്ളി |

**സീനിയർ ആൺ -സംഗീതം**

| | | | |
|---|---|---|---|
| 1 ഗോഡ്‌വിൻ മറ്റത്തിലാനിക്കൽ | I | യവനാർകുളം | മാനന്തവാടി |
| 2 ഡൊമിനിക് കുന്നുംപുറത്ത് | II | പാലാങ്കര | മണിമൂളി |
| 3 അമയ് ഒറവാറന്തറ | III | ഇടിവണ്ണ | നിലമ്പൂർ |

**സീനിയർ പെൺ - സംഗീതം**

| | | | |
|---|---|---|---|
| 1 സാന്ദ്ര തോട്ടുവേലിൽ | I | പഴൂർ | ബത്തേരി |
| 2 ആഷ്‌ലി നമ്പ്യാപറമ്പിൽ | II | ശിശുമല | മുള്ളൻകൊല്ലി |
| 3 അലീന ചേറാടിയിൽ | III | തോമാട്ടുചാൽ | ബത്തേരി |

**സൂപ്പർ സീനിയർ ആൺ -സംഗീതം**

| | | | |
|---|---|---|---|
| 1 ഷിനു മഠത്താശ്ശേരി | I | പ്രശാന്തഗിരി | മാനന്തവാടി |
| 2 ജോയൽ വല്ലയിൽ | II | ബത്തേരി | ബത്തേരി |
| 3 ജോസിൻ മാതാളിക്കുന്നേൽ | III | വടക്കനാട് | ബത്തേരി |

**സൂപ്പർ സീനിയർ പെൺ - സംഗീതം**

| | | | |
|---|---|---|---|
| 1 മരിയ കണിയമാംകുന്നേൽ | I | പാലാങ്കര | മണിമൂളി |
| 2 റിച്ചു വെട്ടിക്കൽ | II | തേൾപ്പാറ | നിലമ്പൂർ |
| 3 ആതിര നമ്പുടാകം | III | ചുങ്കക്കുന്ന് | ചുങ്കക്കുന്ന് |

**ജൂനിയർ ആൺ -മിഷൻ ക്വിസ്സ്**

| | | | |
|---|---|---|---|
| 1 ഡെനിക് മാങ്കുഴ | I | മൂലങ്കാവ് | ബത്തേരി |

| | | | |
|---|---|---|---|
| 2 അക്ഷയ് നെല്ലിക്കാട്ടിൽ | II | ടൗൺ ചർച്ച് | മാനന്തവാടി |
| 3 ജോയ്സ് പുതുവേലിൽ | III | ധർമ്മഗിരി | നീലഗിരി |

**ജൂനിയർ പെൺ – മിഷൻ ക്വിസ്സ്**

| | | | |
|---|---|---|---|
| 1 എൽസ മരിയ മരക്കാശ്ശേരി | I | അമ്പലവയൽ | ബത്തേരി |
| 2 അഞ്ജന ചെറുതറപ്പേൽ | II | കയ്യൂന്നി | നീലഗിരി |
| 3 മരിയ കുന്നത്തുകുഴി | III | കമ്മന | പയ്യമ്പള്ളി |

**സീനിയർ ആൺ –മിഷൻ ക്വിസ്സ്**

| | | | |
|---|---|---|---|
| 1 ബെഞ്ചമിൻ അനുഗ്രഹ | I | ചുങ്കക്കുന്ന് | ചുങ്കക്കുന്ന് |
| 2 പ്രിൻസ് ചെറുവള്ളികുടിലിൽ | II | മുതിരേരി | മാനന്തവാടി |
| 3 ഡോൺ ഞൊണ്ടൻമാക്കൽ | III | കബനിഗിരി | മുള്ളൻകൊല്ലി |

**സീനിയർ പെൺ – മിഷൻ ക്വിസ്സ്**

| | | | |
|---|---|---|---|
| 1 അലീന മുണ്ടത്താനത്ത് | I | ബത്തേരി | ബത്തേരി |
| 2 നീനു കുന്നേൽ | II | ധർമ്മഗിരി | നീലഗിരി |
| 3 അനൂജ പറമുണ്ടയിൽ | III | പുതുശ്ശേരി | കല്ലോടി |

**സൂപ്പർ സീനിയർ ആൺ –മിഷൻ ക്വിസ്സ്**

| | | | |
|---|---|---|---|
| 1 ജോഷി താണോലിൽ | I | ധർമ്മഗിരി | നീലഗിരി |
| 2 കുര്യാച്ചൻ ചിറമുഖം | II | പ്രശാന്തഗിരി | മാനന്തവാടി |
| 3 ബേയ്സ പടിഞ്ഞാറേക്കൂറ്റ് | III | ചെറുകാട്ടൂർ | നടവയൽ |

**സൂപ്പർ സീനിയർ പെൺ – മിഷൻ ക്വിസ്സ്**

| | | | |
|---|---|---|---|
| 1 ജിസ്ന മേരി ചുണ്ടക്കാട്ട് | I | ധർമ്മഗിരി | നീലഗിരി |
| 2 മേരിക്കുട്ടി കുന്നത്തുകുടി | II | കമ്മന | പയ്യമ്പള്ളി |
| 3 ദീപ വടക്കേത്തോട്ടം | III | കയ്യൂന്നി | നീലഗിരി |

**പരിചമുട്ട് കളി** (സംസ്ഥാനത്തിന് –ഒന്നാം സ്ഥാനക്കാർ മാത്രം)

| **ശാഖ** | **സ്ഥാനം** | **മേഖല** |
|---|---|---|
| 1 പാൽച്ചുരം | I | ചുങ്കക്കുന്ന് |
| 2 വടക്കനാട് | II | ബത്തേരി |
| 3 മുള്ളൻകൊല്ലി | III | മുള്ളൻകൊല്ലി |

**ബൈബിൾ ദൃശ്യാവതരണം** (സംസ്ഥാനത്തിന് –ഒന്നാം സ്ഥാനക്കാർ മാത്രം)

| | | |
|---|---|---|
| 1 കത്തീഡ്രൽ | I | മാനന്തവാടി |
| 2 തലഞ്ഞി | II | മണിമൂളി |
| 3 കൊട്ടിയൂർ | III | ചുങ്കക്കുന്ന് |

**മാർഗം കളി** (സംസ്ഥാനത്തിന് –ഒന്നാം സ്ഥാനക്കാർ മാത്രം)

| | | |
|---|---|---|
| 1 പാടിച്ചിറ | I | മുള്ളൻകൊല്ലി |
| 2 നടവയൽ | II | നടവയൽ |

| | | |
|---|---|---|
| 3 പയ്യമ്പള്ളി | III | പയ്യമ്പള്ളി |

**സമൂഹഗാനം** (സംസ്ഥാനത്തിന് –ഒന്നാം സ്ഥാനക്കാർ മാത്രം)

| | | |
|---|---|---|
| 1 നടവയൽ | I | നടവയൽ |
| 2 ബത്തേരി | II | ബത്തേരി |
| 3 ചുങ്കക്കുന്ന് | III | ചുങ്കക്കുന്ന് |

**മിഷൻ ആന്തം** (സംസ്ഥാനത്തിന് –ഒന്നാം സ്ഥാനക്കാർ മാത്രം)

| | | |
|---|---|---|
| 1 ബത്തേരി | I | ബത്തേരി |
| 2 ധർമ്മഗിരി | II | നീലഗിരി |
| 3 കല്പറ്റ | III | കല്പറ്റ |

**ശാഖാ വാർത്തകൾ**

1. *ചുങ്കക്കുന്ന്* :– ദിവ്യകാരുണ്യ ആരാധന നടത്തി, കലാമത്സര ഒരുക്കങ്ങൾ നടത്തി, കരുണയുടെ പ്രസംഗം പഠിപ്പിച്ചു. എട്ട് നോമ്പാചരണം നടത്തി.

2. *വെള്ളൂന്നി* :– എട്ട് നോമ്പിനോടനുബന്ധിച്ച് അമ്മമാർക്കായി ജപമാല ചൊല്ലി പ്രാർത്ഥിച്ചു. പൂന്തോട്ടം നിർമ്മിച്ചു.

3. *ഒറ്റപ്ലാവ്* :– ലോഗോസ് പരിശീലന വിജയികൾക്കും, വി.ബലിയിൽ എന്നും വരുന്നവർക്കും, മേഖല കലാസാഹിത്യ മത്സരത്തിൽ പങ്കെടുത്തവർക്കും സമ്മാനങ്ങൾ നൽകി. അദ്ധ്യാപകദിനം ആചരിച്ചു. മദർ തെരേസായെക്കുറിച്ച് കൊളാഷ്, ചാർട്ട്, അടിക്കുറിപ്പുകൾ എന്നിവ തയ്യാറാക്കി. എന്റെ മിഷൻ ലീഗ്, സസ്നേഹം എന്നിവ നടത്തി.

4. *കൊട്ടിയൂർ* :– എട്ട് നോമ്പാചരണം നടത്തി, ചുങ്കക്കുന്ന് ഫൊറോന ദേവാലയത്തിലേക്ക് ദണ്ഡവിമോചന പദയാത്ര നടത്തി. കലാമത്സര ഒരുക്കം നടത്തി. കലാമത്സരത്തിൽ മേഖലയിൽ ഒന്നാം സ്ഥാനം നേടി.

5. *അമ്പായത്തോട്*:– മദർ തെരേസയുടെ വി. പദവി പ്രഖ്യാപനത്തോടനുബന്ധിച്ച് ജപമാല റാലിയും പ്രാർത്ഥനയും നടത്തി. ഓണമത്സരങ്ങൾ നടത്തി. മദർ തെരേസയുടെ ജീവചരിത്ര പഠനം നടത്തി.

6. *പാൽചുരം* :– ഗ്രൂപ്പടിസ്ഥാനത്തിൽ കയ്യെഴുത്ത് മാസിക തയ്യാറാക്കി, ആശുപത്രി സന്ദർശനം നടത്തി. കുരിശടി വൃത്തിയാക്കി, ഓണക്കിറ്റ് നൽകി.

7. *കാട്ടിക്കുളം* :– മാതാവിന്റെ ജനന തിരുനാൾ അനുസ്മരിച്ചു.

8. *തൃശ്ശിലേരി* :– മദർ തെരേസ അനുസ്മരണം നടത്തി. പരി. അമ്മയുടെ ജനനതിരുനാൾ ആഘോഷിച്ചു. പായസ വിതരണം നടത്തി. പള്ളിയും പരിസരവും വൃത്തിയാക്കി. വി.വിൻസെന്റ് ഡി പോൾ ദിനത്തിൽ വി. വിൻസെന്റ് ഡി പോൾ സംഘടനാ അംഗങ്ങളെ ആദരിച്ചു. രക്തദാനം നടത്തി. ദൈവവിളി ലഭിച്ചവർക്ക് വേണ്ടി പ്രാർത്ഥിച്ചു.

9. *കമ്മന :-* തണൽ-അഗതിമന്ദിരം സന്ദർശിച്ചു. ഓണാഘോഷം നടത്തി. ചെറുപുഷ്പ പ്രയാണം നടത്തി. ദൈവകാരുണ്യ ഭക്തി എന്ന പ്രാർത്ഥനാ പുസ്തകം വിതരണം ചെയ്തു. വി. മദർ തെരേസായുടെ ജീവിതത്തെ ഉൾക്കൊള്ളിച്ച് ടാബ്ളോ നിർമ്മിച്ചു. അർദ്ധദിന സെമിനാർ, ഭവനസന്ദർശനം, രോഗീസന്ദർശനം എന്നിവ നടത്തി. മാതാവിന്റെ ജനനതിരുനാൾ ആഘോഷിച്ചു.

10. *മുതിരേരി :-* എട്ട് നോമ്പാചരണം നടത്തി. ഫാ. മാലിപറമ്പിൽ അനുസ്മരണം നടത്തി. മേഖലാ കലാമത്സരത്തിൽ എല്ലാവരും സജീവമായി പങ്കെടുത്തു. ഓണാഘോഷം നടത്തി. മിഷൻ മാസ വിളംബര റാലി നടത്തി.

11. *തവിഞ്ഞാൽ :-* മേഖലാ കലാമത്സരത്തിൽ രണ്ടാം സ്ഥാനം ലഭിച്ചു. വിജയികൾക്ക് സമ്മാനം നൽകി. മിഷൻമാസ പ്രവർത്തന രൂപരേഖ തയ്യാറാക്കി.

12. *പോരൂർ :-* എട്ട് നോമ്പാചരണം നടത്തി, വാർഡുകൾ തോറും ക്രമീകരിച്ചു. ഓണാഘോഷം നടത്തി, വികാരിയച്ചന്റെ ഫീസ്റ്റ് ആഘോഷിച്ചു. ജാഗരണപ്രാർത്ഥന നടത്തി, പള്ളിപരിസരം വൃത്തിയാക്കി.

13. *കല്ലോടി :-* ഓണാഘോഷ മത്സരങ്ങൾ നടത്തി. ഇടവകയിലെ രോഗികളെ സന്ദർശിച്ച് സാമ്പത്തീക സഹായം നൽകി.

14. *ദ്വാരക :-* വി.മദർ തെരേസ, ടെലി ഫിലിം കാണിച്ചു. കാരുണ്യ പ്രവർത്തനത്തിന്റെ മാഹാത്മ്യത്തെക്കുറിച്ച് പ്രഭാഷണം നടത്തി. ഓണാഘോഷം നടത്തി. മേഖലാ കലാമത്സരത്തിൽ മൂന്നാം സ്ഥാനം നേടി.

15. *ജൂഡ്സ് മൗണ്ട് :-* മദർ തെരേസ ദിനത്തിൽ കൊളാഷ്, ചിത്രങ്ങൾ, കുറിപ്പുകൾ തയ്യാറാക്കി. മദർ തെരേസ ക്വിസ്സ് നടത്തി.

16. *കൊമ്മയാട് :-* മദർ തെരേസഡേ ആചരിച്ചു. മദർ തെരേസയെ കുറിച്ച് കവിതാമത്സരം നടത്തി. ഫാ. മാലിപറമ്പിൽ ചരമദിനം ആചരിച്ചു. കലാമത്സരം നടത്തി . ഭവനസന്ദർശനം, ആരാധന നടത്തി. മാതാവിന്റെ ജനനതിരുനാൾ ആചരിച്ചു. എല്ലാ അമ്മമാരെയും ആദരിച്ചു.

17. *കുഞ്ഞോം :-* വൃക്ഷതൈ വിതരണം ചെയ്തു. ഗ്രോട്ടോ വൃത്തി യാക്കി, കലാമത്സര പരിശീലനം, ഭവനസന്ദർശനം നടത്തി. മാതാവിന്റെ ജനനതിരുനാൾ ആചരിച്ചു. മദർ തെരേസയെക്കുറിച്ചുള്ള പത്രവാർത്ത ശേഖരണവും ചിത്രപ്രദർശനവും നടത്തി.

18. *വഞ്ഞോട് :-* ലോഗോസ്, കലാമത്സര പരിശീലനം എന്നിവ നടത്തി. വി.മദർ തെരേസ എക്സിബിഷൻ നടത്തി.

19. *മംഗലശ്ശേരി :-* വി.മദർ തെരേസായെക്കുറിച്ചുള്ള പത്രവാർത്തകൾ ശേഖരിച്ചു.
20. *കരിമ്പിൽ :-* അൾത്താര ശുശ്രൂഷകർക്ക് സെമിനാർ നടത്തി. ഓണാഘോഷ മത്സരം നടത്തി. ഹൗസ് അടിസ്ഥാനത്തിൽ കയ്യെഴുത്ത് മാസിക തയ്യാറാക്കി.
21. *പുതുശ്ശേരി :-* മിഷൻഗ്രാമത്തിലേക്ക് കത്തയച്ചു. ആരാധന നടത്തി. കുട്ടികൾ, യുവജനങ്ങൾ, അൾത്താര സംഘം എന്നിവർക്ക് സെമിനാർ നടത്തി. മിഷൻമാസ പ്രവർത്തന മാർഗരേഖ തയ്യാറാക്കി. ഓണാഘോഷം നടത്തി. മിഷൻമാസ വിളമ്പരസൈക്കിൾ റാലി നടത്തി.
22. *പുതിയിടംകുന്ന് :-* എട്ട് നോമ്പാചരണം നടത്തി. ഓണാഘോഷം നടത്തി.
23. *ചെന്നലോട് :-* അൾത്താരസംഘത്തിന് പരിശീലനം നൽകി. ഓണാഘോഷം നടത്തി. മാതാവിന്റെ ജനനതിരുനാൾ ആഘോഷിച്ചു. ജപമാല പ്രദക്ഷിണം നടത്തി.
24. *കാവുംമന്ദം :-* മദർതെരേസ ദിനത്തിൽ റാലി നടത്തി. ജാഗരണ പ്രാർത്ഥന നടത്തി.
25. *മംഗളം :-* മദർ തെരേസ ദിനം ആചരിച്ചു. എട്ട് നോമ്പാചരണം നടത്തി.
26. *മഞ്ഞൂറ :-* സന്യാസിനീ സമൂഹത്തെ ആദരിച്ചു. മദർതെരേസായെക്കുറിച്ചുള്ള ചിത്രങ്ങൾ വാർത്തകൾ പ്രദർശിപ്പിച്ചു. വൈത്തിരി ചിൽഡ്രൻസ് ഹോമിൽ ഓണസമ്മാനം നൽകി. രോഗീ സന്ദർശനം നടത്തി.
27. *കുറുമണി :-* മദർതെരേസായെക്കുറിച്ചുള്ള സെമിനാർ നടത്തി. മദർ തെരേസായെക്കുറിച്ചുള്ള ലേഖനമത്സരം നടത്തി. ഓണാഘോഷം, ഓണസദ്യ എന്നിവ നടത്തി.
28. *പുതുശ്ശേരിക്കടവ് :-* ബൈബിൾ ക്വിസ്സ് നടത്തി, മേഖലാ മത്സരത്തിൽ പങ്കെടുത്തു. ഓണാഘോഷം, ഓണസദ്യ എന്നിവ നടത്തി.
29. *പന്തിപൊയിൽ :-* ഓണാഘോഷം, ഓണസദ്യ എന്നിവ നടത്തി. മേഖലാ മത്സരത്തിൽ പങ്കെടുത്തു. മദർ തെരേസായെക്കുറിച്ചുള്ള ഡോക്യുമെന്ററി പ്രദർശിപ്പിച്ചു. കരുണയുടെ സുവിശേഷം വായിച്ചു.
30. *കൽപറ്റ :-* ഓണാഘോഷം, പൂക്കള മത്സരം നടത്തി. വി.വിൻസെന്റ് ഡി പോൾ തിരുനാൾ ആചരിച്ചു. വസ്ത്ര ശേഖരണം നടത്തി. ഭവന സന്ദർശനം, രോഗീ സന്ദർശനം നടത്തി.
31. *ചാരിറ്റി :-* ആരാധന നടത്തി, സൺഡേ സ്റ്റാറിനെ തിരഞ്ഞെടുത്തു. മേഖലാ മത്സരത്തിൽ മൂന്നാം സ്ഥാനം നേടി. ഓണാഘോഷം, ഓണസദ്യ എന്നിവ നടത്തി.

32. *വാഴവറ്റ :-* വിയാനി ഡേ ആശംസകൾ നേർന്നു. ദൈവവിളി സെമിനാർ നടത്തി. വിനോദയാത്ര നടത്തി, വി.മദർ തെരേസായെ ക്കുറിച്ച് അർദ്ധദിന സെമിനാർ നടത്തി. ഓണാഘോഷം നടത്തി. ജന്മദിന സഹായനിധി രൂപീകരിച്ചു. മേഖലാ മത്സരത്തിൽ പങ്കെടുത്തു. ഉപവാസദിനം ക്രമീകരിച്ചു. കരുണയുടെ സങ്കീർത്തനം ചൊല്ലി. കുഞ്ഞേട്ടൻ അനുസ്മരണം നടത്തി. അൾത്താരബാല സംഗമം, തെരുവുമക്കൾക്ക് വേണ്ടി പ്രാർത്ഥിച്ചു. പ്രസംഗപരിശീലനം നടത്തി.

33. *വൈത്തിരി :-* മാതാവിന്റെ ജനനതിരുനാൾ ആചരിച്ചു. ആശംസകൾ നേർന്നു.

34. *ബത്തേരി :-* ആരാധന നടത്തി, വി.കുർബാനയെക്കുറിച്ച് ക്ലാസ്സെടുത്തു.

35. *പഴൂർ:-* പ്രോ-ലൈഫിന്റെ ഭാഗമായി കുടുംബത്തിലെ നാലാമത്തെകുഞ്ഞിന് 50000 രൂപ ബാങ്കിൽ നിക്ഷേപിച്ചു. നാനോ ടെക്നോളജിയിൽ ഡോക്ടറേറ്റ് നേടിയ ഡോ.വിവേകിനെ ആദരിച്ചു. ബ്ര.സാജന്റെ സിൽവർ ജൂബിലി ആഘോഷിച്ചു. മദർ തെരേസ ദിനം ആചരിച്ചു.

36. *മൂലങ്കാവ് :-* തപോവനം സന്ദർശിച്ച് സഹായം നൽകി. കാലാസാഹിത്യ മത്സര വിജയികൾക്ക് സമ്മാനം നൽകി. കുടുംബജീവിതത്തെക്കുറിച്ച് സെമിനാർ. ലോഗോസ് പരിശീലനം, മദർ തെരേസ ദിനം ആചരിച്ചു. റാലി നടത്തി.

37. *അരിഞ്ചേർമല :-* വി.മദർ തെരേസായുടെ വി.പദവി പ്രഖ്യാപന ത്തോടനുബന്ധിച്ചുള്ള വിളമ്പരറാലിയിൽ പങ്കെടുത്തു. ഓണമത്സരവും ഓണാഘോഷവും നടത്തി. മദർ തെരേസ ദിനം ആചരിച്ചു. പരിസര ശുചീകരണം നടത്തി.

38. *കുറുമ്പാലക്കോട്ട :-* മദർ തെരേസ ദിനം ആചരിച്ചു, സ്ളൈഡ് ഷോ നടത്തി. കൊളാഷ് മത്സരം നടത്തി, മഹത്വചനമരം ഉണ്ടാക്കി,

39. *ചുണ്ടക്കര :-* മദർ തെരേസ ദിനം ആചരിച്ചു, സ്ളൈഡ് ഷോ നടത്തി. രോഗീ സന്ദർശനം നടത്തി, ഭക്ഷണ വിതരണം നടത്തി.

40. *മുള്ളൻകൊല്ലി :-* കലാമത്സര പരിശീലനം നടത്തി, ആരാധന കാഴ്ചവെപ്പ്, ക്വിസ്സ് പരിശീലനം എന്നിവ നടത്തുന്നു.

41. *ആടിക്കൊല്ലി :-* അദ്ധ്യാപകദിനം ആചരിച്ചു. മദർ തെരേസ ദിനം ആചരിച്ചു. ഗ്രൂപ്പടിസ്ഥാനത്തിൽ കയ്യെഴുത്ത് മാസിക പുറത്തിറക്കി.

42. *ഇരുളം :-* കുമ്പസാരത്തിന് ഒരുക്കം നടത്തി. ലിറ്റർജിക്കൽ ഒരുക്കം നടത്തുന്നു. കുഞ്ഞേട്ടൻ അനുസ്മരണം നടത്തി. വികാരിയച്ചന്റെ നാമഹേതുക തിരുനാൾ ആഘോഷിച്ചു. സ്റ്റാൾ നടത്തുന്നു. സെമിനാർ

നടത്തി. മാതാപിതാക്കൾക്ക് സെമിനാർ നടത്തി. ചായപ്പൊടി വിതരണം നടത്തുന്നു. യുവജന കൺവെൻഷനിൽ സീനിയർ അംഗങ്ങൾ പങ്കെടുത്തു. ജപമാലസൈന്യം, കാഴ്ചവെപ്പ്, കലാമത്സര പരിശീലനം, ലോഗോസ് പരിശീലനം എന്നിവ നടത്തുന്നു.

43. *സീതാമൗണ്ട് :-* എട്ട് നോമ്പാചരണം നടത്തി. ഓണാഘോഷവും ഓണമത്സരവും നടത്തി. പരസ്നേഹസംഘം രൂപീകരിച്ചു. മാതാക്കൾക്ക് സെമിനാർ നടത്തി.

44. *പനംചിറ :-* മദർതെരേസ ചിത്രപ്രയാണം, വീഡിയോ പ്രദർശനം, കോളനി സന്ദർശനം, ഓണക്കിറ്റ് വിതരണം എന്നിവ നടത്തി. മേഖലാതല കയ്യെഴുത്ത് മത്സരത്തിൽ ഒന്നാം സ്ഥാനം ലഭിച്ചു.

45. *നരിവാലമുണ്ട :-* മദർ തെരേസ വിളമ്പര റാലി നടത്തി. കലാമത്സര ലോഗോസ് ക്വിസ്സ് പരിശീലനം നൽകി, ഓണാഘോഷം നടത്തി. മേഖലാ കലോത്സവത്തിൽ ഒന്നാം സ്ഥാനം നേടി.

46. *പാലാങ്കര :-* ഗാനപരിശീലനം, ജന്മദിനസമ്മാനം എന്നിവ നൽകി വരുന്നു.

**ബത്തേരി മേഖലാ വാർത്തകൾ**

കലാമത്സരത്തിന് മുന്നോടിയായി പ്രാർത്ഥനാദിനം ആചരിച്ചു. ശാഖാ പ്രസിഡണ്ട്, സെക്രട്ടറി മീറ്റിംഗ് കൂടി.

ഹൃദയത്തിലും മനസ്സിലും മിഷൻ ചൈതന്യം നിറച്ച് കർമ്മനിരതരായി ഊർജ്ജസ്വലരായി ചെമ്മഞ്ഞ കൊടിയുടെ കീഴിൽ അണിനിരന്ന് ജപമാല രഹസ്യങ്ങൾ ധ്യാനിച്ചുകൊണ്ട് പ്രേഷിത തീക്ഷണതയിൽ വളരുന്ന പ്രിയപ്പെട്ട മിഷൻലീഗിന്റെ പ്രവർത്തകർക്ക് മിഷൻ അഭിവാധ്യങ്ങളോടെ,

**ബിനീഷ് തുമ്പിയാംകുഴിയിൽ**
സി.എം.എൽ. രൂപതാ സെക്രട്ടറി

# Department of Youth Ministry

### LIFE Training Regular

ലൈഫ് ട്രെയ്നിംഗ് റെഗുലർ ബാച്ചിന്റെ ഒക്ടോബർ മാസത്തെ ക്ലാസ്സുകൾ 10-ാം തീയതി തിങ്കളാഴ്ച മുതൽ 12-ാം തീയതി ബുധനാഴ്ച വരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ചുനടന്നു. വിദ്യാർത്ഥികൾക്ക് ആദ്യ ദിവസം സി. സ്നോബി സി.എം.സി. യുടെ നേതൃത്വത്തിൽ സ്പിരിച്വൽ ആനിമേഷൻ നടത്തി. തുടർന്നുള്ള 2 ദിവസങ്ങൾ കണക്ക് വിഷയത്തിൽ ശ്രീ. നിസാർ സാർ ക്ലാസ്സെടുത്തു. 12-ാം തീയതി 4 മണിയോടെ ക്ലാസ്സുകൾ അവസാനിച്ചു.

### LIFE Training Distance Family Retreat

ലൈഫ് ട്രെയ്നിംഗ് ഡിസ്റ്റൻസ് ബാച്ചിന്റെ ഫാമിലി റിട്രീറ്റ് ഒക്ടോബർ മാസം 10,11 തീയതികളിലായി പാസ്റ്ററൽ സെന്ററിൽ വച്ചുനടത്തി. മാതാപിതാക്കൾക്കുവേണ്ടിയുള്ള ധ്യാനം ബഹു. സാൻട്രോ ബ്രദർ നയിച്ചു. 150-ഓളം പേർ പങ്കെടുത്തു. ഭക്തി സാന്ദ്രമായ ഗാനങ്ങൾ ആലപിച്ച ജോസ് ചേട്ടനെയും നന്ദിയോടെ ഓർക്കുന്നു.

ലൈഫ് ട്രെയ്നിംഗ് സ്റ്റുഡൻസിനും സഹോദരങ്ങൾക്കുമായുള്ള ധ്യാനത്തിന് സി. സ്നോബി സി.എം.സി., സി. റോണ സി.എം.സി., സി. വിജി പോൾ സി.എം സി., സി. പൗളിൻ സി.എം.സി. എന്നിവർ നേതൃത്വം നൽകി.

### യുവജന പ്രാർത്ഥന കൂട്ടായ്മ

വിവിധ ഇടവകകളിലെ യുവജനങ്ങളെ ഒരുമിപ്പിച്ചുകൊണ്ട് 2016 ഒക്ടോബർ 15-ാം തീയതി ശനിയാഴ്ച നടവയൽ മദർ തെരേസ മൗണ്ടിൽ വച്ച് രാവിലെ 10 മണി മുതൽ 1 മണിവരെ പ്രാർത്ഥനാകൂട്ടായ്മ നടത്തി. പ്രാർത്ഥനയ്ക്ക് സി. നോയൽ എസ്.എ. ബി.എസ്., സി. ആൻസി സി.എം.സി., സി. ലിൻസി എസ്.സി.വി. എന്നിവർ നേതൃത്വം നൽകി. നടവയൽ അസി. വികാരി റവ. ഫാ. അഗസ്റ്റിൻ ചിറക്കത്തോട്ടത്തിൽ കുട്ടികൾക്കുവേണ്ടി ആരാധന നയിച്ചു. ഭക്ഷണവും മറ്റ് സൗകര്യങ്ങളും ഒരുക്കിതന്ന ബഹു. നടവയൽ

ഫൊറോന വികാരി റവ. ഫാ. ഷാജി മുളകുടിയാങ്കലിനും മറ്റ് ഇടവകാംഗങ്ങൾക്കും ഹൃദയംനിറഞ്ഞ നന്ദി.

**മാനന്തവാടി രൂപതയിലെ നഴ്സുമാരുടെ പ്രാർത്ഥനാ സമ്മേളനം- JMJ Nurses Gathering**

മാനന്തവാടി രൂപതയിലെ നഴ്സുമാരെ ഏകോപിപ്പിച്ചുകൊണ്ട് Dept.of Youth ministry യുടെ നേതൃത്വത്തിൽ നഴ്സുമാരുടെ പ്രാർത്ഥനാ സമ്മേളനം JMJ Nurses Gathering 2016 നവംബർ 6-ന് ഞായറാഴ്ച 10 മണി മുതൽ 4 മണിവരെ ദ്വാരക പാസ്റ്ററൽ സെന്ററിൽ വച്ച് നടത്തുന്നു. കുമ്പസാരം, കുർബാന, സ്പിരിചൽ ഗൈഡൻസ്, ജോബ് ഹെൽപ് എന്നിവ ഉണ്ടായിരിക്കുന്നതാണ്.

**Miss. Linsha Maria Shanty**
Volunteer , Department Of Youth Minisry

# കെ. സി. വൈ. എം.

**റോസറി നൈറ്റ്**

സ്വർഗ്ഗത്തിന്റെ സമ്മാനമായി കുരിശിൻ ചുവട്ടിൽ നൽകപ്പെട്ട രക്ഷകന്റെ അമ്മയെ സ്വന്തമായി സ്വീകരിച്ച് വി.കുമ്പസാരത്തിലൂടെ വിശുദ്ധീകരിക്കപ്പെട്ട് അമ്മ നൽകിയ ജപമാല കൈകളിലേന്തി അമ്മയോടൊപ്പം ഈശോ മിശിഹായുടെ രക്ഷാകര രഹസ്യങ്ങൾ ധ്യാനിച്ച് ജപമാല പ്രദക്ഷിണത്തിലൂടെ അനുഗ്രഹീതരാകാൻ ഒക്ടോബർ രണ്ടാം തീയതി കെസിവൈഎം രൂപതാ സെനറ്റംഗങ്ങളെല്ലാവരും ദ്വാരക പാസ്റ്ററൽ സെന്ററിൽ ഒരുമിച്ചു കൂടി. ജപമാല ഭക്തിയുടെ പ്രാധാന്യത്തെക്കറിച്ചും നല്ല കുമ്പസാരം നടത്തേണ്ടതെങ്ങനെ എന്നതിനെക്കുറിച്ചും ബഹുമാനപ്പെട്ട ലാൽ പൈനുങ്കൽ അച്ചൻ ക്ലാസ്സുകൾ എടുത്തു. ബഹുമാനപ്പെട്ട അഗസ്റ്റ്യൻ ചിറക്കത്തോട്ടം അച്ചനും ജെയ്മോൻ കളമ്പുക്കാട്ടച്ചനും കുമ്പസാരത്തിന് നേതൃത്വം നൽകി.എല്ലാ മേഖലകളിലെയും സെനറ്റംഗങ്ങൾ സജീവമായി റോസറി നൈറ്റിൽ പങ്കെടുത്തു.

തുടർന്ന് നടന്ന പൊതു സമ്മേളനത്തിൽ വച്ച് നവംബർ 19 ന് നടക്കുന്ന ജീവകാരുണ്യ ഫെസ്റ്റിന്റെ സുഗമമായ നടത്തിപ്പിനു വേണ്ടി കമ്മിറ്റികൾ രൂപീകരിച്ചു. രൂപത പ്രസിഡണ്ട് ശ്രീ. ആന്റണി മങ്കടപ്ര സമ്മേളനത്തിന് അദ്ധ്യക്ഷത വഹിച്ചു. ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ് പൈനുങ്കൽ ആമുഖ പ്രഭാഷണം നടത്തി. ജനറൽ സെക്രട്ടറി സിബിൻ പാലംമൂട്ടിൽ വിഷയം അവതരിപ്പിച്ചു. വൈസ് പ്രസിഡണ്ട് അഞ്ജലി, സെക്രട്ടറിമാരായ ജിഷിൻ, റോസ് മേരി, ട്രഷറർ ജിജോ, കോഡിനേറ്റർ സിജോ എന്നിവർ പരിപാടികൾക്ക് നേതൃത്വം നൽകി.

**ദയാവധം നിയമമാക്കുന്നതിനെതിരെ**

ദയാവധം നിയമമാക്കുന്നതിനെതിരെ വിവിധ മനുഷ്യാവകാശ സംഘടനകളുടെ ആഭിമുഖ്യത്തിൽ സെക്രട്ടറിയേറ്റിനു പടിക്കൽ നടത്തിയ ധർണ്ണയിൽ രൂപത ഡയറക്ടർ റവ. ഫാ. ലാൽ ജേക്കബ്

പൈനുങ്കൽ പങ്കെടുത്ത് സംസാരിച്ചു. ദയാവധത്തിനുള്ള നിയമനിർമ്മാണത്തിൽ നിന്ന് കേന്ദ്രം പിൻമാറണമെന്ന് ധർണ്ണ ഉത്ഘാടനം ചെയ്ത് സംസാരിച്ച തിരുവനന്തപുരം ലത്തീൻ രൂപത ആർച്ചു ബിഷപ്പ് ഡോ. സൂസപാക്യം കേന്ദ്രത്തോട് ആവശ്യപ്പെട്ടു. വധശിക്ഷ കൊടും കുറ്റവാളികൾക്കുള്ളതാണെന്നും രോഗികൾ കുറ്റവാളികളല്ലെന്നും കൂട്ടായ്മയിൽ പ്രസംഗിച്ച ബിജെപി മുൻ സംസ്ഥാന അദ്ധ്യക്ഷൻ കെ. രാമൻ പിള്ള പറഞ്ഞു. മാനന്തവാടി സിഎം എൽ ഡയറക്ടർ ബഹു. ഫാ. ജോജോ ചങ്ങനാംതുണ്ടത്തിൽ, എസ്. എ. ബി.എസ്. പ്രൊവിൻഷ്യൽ സി. എൽസ പൈകട എന്നിവർ പങ്കെടുത്തു.

മനുഷ്യാവകാശ സംഘടനകളുടെ നേതൃത്വത്തിൽ സെപ്റ്റംബർ 9 ന് കണ്ണൂരിൽ വച്ച് ദയാവധം നിയമമാക്കുന്നതിന് എതിരെ നടന്ന റാലിയിലും പൊതു സമ്മേളനത്തിലും രൂപത ആനിമേറ്റർ സി. സ്മിത എസ്.എ.ബി.എസ്. പങ്കെടുത്തു.

**ജീവകാരുണ്യ ഫെസ്റ്റ് – കെ.സി.വൈ.എം. രൂപത വാർഷികം**

കാരുണ്യ വർഷത്തോടനുബന്ധിച്ച് മാനന്തവാടി രൂപതാ കെസിവൈഎമ്മിന്റെ നേതൃത്വത്തിൽ ജീവകാരുണ്യ ഫെസ്റ്റ് സംഘടിപ്പിക്കുന്നു. മൂന്ന് പ്രധാനകാര്യങ്ങളാണ് ഫെസ്റ്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ജീവകാരുണ്യ സ്ഥാപനങ്ങൾക്ക് ആവശ്യമായ സാധന സാമഗ്രികൾ വിതരണം ചെയ്യുക. കേരളത്തിലെ ജീവകാരുണ്യ പ്രവർത്തകരെ ആദരിക്കുക, ജീവകാരുണ്യ സ്ഥാപനങ്ങളെ പരിചയപ്പെടുക.

തോണിച്ചാൽ എമ്മാവൂസ് വില്ലയിൽ വച്ച് നവംബർ 19-ാം തീയതി ശനിയാഴ്ച്ച രാവിലെ 9 മണിമുതൽ വൈകുന്നേരം 4 മണി വരെയാണ് പരിപാടികൾ.

ജീവകാരുണ്യ ഫെസ്റ്റിനോടൊപ്പം മാനന്തവാടി കെസിവൈഎം മാനന്തവാടി രൂപത വാർഷികവും നടത്തുന്നുണ്ട്. സ്നേഹത്തോടെ നിങ്ങളെ ഓരോരുത്തരെയും പ്രസ്തുത പരിപാടിയിലേയ്ക്ക് ക്ഷണിക്കുന്നു.

സിംഗിൽ കോട്ട് ബെഡ് ഷീറ്റുകളും (പുതിയവ) വീൽ ചെയറുകളും ആണ് വിതരണം ചെയ്യാൻ ഉദ്ദേശിക്കുന്നത്. ഇടവകയുടെ നേതൃത്വത്തിൽ ഇവ സമാഹരിക്കാൻ ശ്രദ്ധിക്കുമല്ലോ.

സാധിക്കുന്ന ഒരു ഞായറാഴ്ച താൽപര്യമുള്ള മറ്റ് ഇടവക ജനങ്ങളെയും ഈ സംരംഭത്തിന് സഹകരിപ്പിക്കാൻ കാഴ്ച്ച സമർപ്പണം എന്ന ആശയവും സ്വീകരിക്കാവുന്നതാണ്.

**ഇലക്ഷൻ – 2017**

2017 പ്രവർത്തന വർഷത്തേയ്ക്കുള്ള കെസിവൈഎം യൂണിറ്റ് ഇലക്ഷൻ 2016 നവംബർ 20 നും, മേഖല ഇലക്ഷൻ 2016 നവംബർ 27 നും, രൂപത ഇലക്ഷൻ 2016 ഡിസംബർ 12 നും ആണെന്ന കാര്യം ഓർമ്മിപ്പിക്കുന്നു.

**മേഖലാ വാർത്തകൾ**

**ചുങ്കക്കുന്ന് മേഖല**

ചുങ്കക്കുന്ന് മേഖലയുടെ ഡയറക്ടറായി സാരഥ്യം എറ്റെടുത്തിരിക്കന്ന ബഹുമാനപ്പെട്ട റോബിൻ വടക്കുംചേരി അച്ചനും,ആനിമേറ്റർ സി. റോസ്മിൻ എസ്.എച്ചിനും കെസിവൈഎം കുടുംബത്തിലേയ്ക്ക് സ്വാഗതം.

**യൂണിറ്റ് വാർത്തകൾ**

**പോരൂർ യൂണിറ്റ്**

സെപ്റ്റംബർ 10ന് ഇടവകയിൽ നടന്ന ദിവ്യകാരുണ്യ ആരാധനയിൽ സജീവമായി പങ്കെടുത്തു. യൂണിറ്റിന്റെ നേതൃത്വത്തിൽ പച്ചക്കറിച്ചന്ത നടത്തി. കുറഞ്ഞ വിലയിൽ പച്ചക്കറികൾ ഇടവക ജനങ്ങൾക്ക് എത്തിച്ചു.

**ചാരിറ്റി യൂണിറ്റ്**

സെമിനാറിൽ പങ്കെടുത്തു. മേഖല സാഹിത്യ മൽസരത്തിൽ പങ്കെടുത്തു. പരിശുദ്ധ അമ്മയുടെ ജനനത്തിരുനാൾ ദിനത്തിൽ വി.ബലിയിൽ ഭക്തിപൂർവം പ്രാർത്ഥിച്ചു. ഇടവകയിൽ ഓണാഘോഷ പരിപാടികൾ സംഘടിപ്പിച്ചു. പ്രായവ്യത്യാസമനുസരിച്ച് എല്ലാ ഗ്രൂപ്പുകാർക്കും വ്യത്യസ്ത മൽസരങ്ങൾ സംഘടിപ്പിച്ചു സമ്മാനദാനം നൽകി. ഓണസദ്യയും നൽകി.

**കാവുംമന്ദം യൂണിറ്റ്**

12-09-2016 ന് മേഖലയിൽ നടന്ന സാഹിത്യ മൽസരത്തിൽ യൂണിറ്റിൽ നിന്നും 12 അംഗങ്ങൾ പങ്കെടുത്തു. സാഹിത്യ മൽസരത്തിൽ 94 പോയിന്റ് നേടി തരിയോട് മേഖലയിൽ കാവുമന്ദം യൂണിറ്റ് ഒന്നാം സ്ഥാനം കരസ്ഥമാക്കി.

**അരിഞ്ചേർമല യൂണിറ്റ്**

മദർ തെരേസയുടെ വിശുദ്ധപദവി പ്രഖ്യാപനത്തോടനുബന്ധിച്ച് മിഷൻലീഗും കെ.സി.വൈ.എമ്മും സംയുക്തമായി നടത്തിയ റാലിയിൽ സജീവമായി പങ്കെടുത്തു. ഓണാഘോഷങ്ങൾക്ക് നേതൃത്വം നൽകി.

**പുതുശ്ശേരി യൂണിറ്റ്**

പരി. അമ്മയുടെ ജനനത്തിരുനാളിനോടനുബന്ധിച്ച് ജപമാല യിലും വി. ബലിയിലും യൂണിറ്റ് അംഗങ്ങൾ പങ്കെടുത്ത് മദ്യപാനി കളായ സഹോദരങ്ങൾക്കായി ത്യാഗപൂർവം പ്രാർത്ഥിച്ചു. സെപ്റ്റംബർ 10,11 തീയതികളിൽ ദ്വാരകയിൽ വച്ചുനടത്തിയ മേഖലാ കലാസാഹിത്യ മൽസരത്തിൽ അംഗങ്ങൾ പങ്കെടുക്കുകയും യുവജനങ്ങൾക്കായി നടത്തിയ വടംവലി മൽസരത്തിൽ 2-ാംസ്ഥാനം കരസ്ഥമാക്കുകയും ചെയ്തു. സെപ്റ്റംബർ 13-ാം തിയ്യതി ഇടവകാ തലത്തിൽ നടത്തിയ ഓണാഘോഷ പരിപാടികളിൽ കെ.സി.വൈ.എം. അംഗങ്ങൾ പങ്കെടുത്ത് സമ്മാനാർഹരാവുകയും സൗഹൃദ വടംവലി മൽസരം നടത്തുകയും ചെയ്തു. സെപ്റ്റംബർ 17-ാം തീയതി ശനിയാഴ്ച യൂണിറ്റിൽ യുവജന സംഗമം നടത്തി, 47 യുവജനങ്ങൾ പങ്കെടുത്തു. റവ. ഫാ. ജയ്സൺ കാഞ്ഞിരംപാറ എംസിബിഎസ് ക്ലാസ്സ് നയിച്ചു. ശ്രീ. ലിജോ ഐക്കരക്കണ്ടം നന്ദി പറഞ്ഞു.

**കൊമ്മയാട്**

നാലാംമൈൽ- പനമരം റോഡിൽ ഗതാഗത ഭീഷണി ഉയർത്തിയിരുന്ന കുഴി നന്നാക്കണമെന്നാവശ്യപ്പെട്ട് കെ.സി.വൈ.എം. പ്രവർത്തകർ പൊതുമരാമത്ത് വകുപ്പിന് പരാതി നൽകി. പരാതിയെത്തുടർന്ന് റോഡ് അറ്റകുറ്റപണി നടത്തി.കെ. സി.വൈ.എം. പ്രവർത്തകരുടെ നേതൃത്വത്തിൽ പള്ളിപ്പറമ്പിൽ മഴക്കുഴികൾ നിർമ്മിച്ചു. കരുണയുടെ വർഷത്തിന്റെ ഭാഗമായി കൊമ്മയാട് ഇടവകയിലെ യുവജനങ്ങൾ കരുണയുടെ വൃക്ഷം എന്ന പദ്ധതി ആവിഷ്ക്കരിച്ചു. യുവജനങ്ങൾ ഇടവകജനങ്ങൾക്ക് മരത്തൈകൾ വിതരണം ചെയ്തു. കെ.സി.വൈ.എം. കൊമ്മയാട് യൂണിറ്റിന്റെയും കല്ലോടി മേഖലയുടേയും സംയുക്ത ആഭിമുഖ്യത്തിൽ കൊമ്മയാട് ഇടവകയിൽവച്ച് രക്തദാനക്യാമ്പ് സംഘടിപ്പിച്ചു. 70-ാളം പേർ രക്തം ദാനം ചെയ്തു. എട്ടുനോമ്പാചരണത്തിന്റെ ഭാഗമായി യുവജനങ്ങൾ ഒരു ദിവസത്തെ പ്രാർത്ഥനകൾക്ക് നേതൃത്വം നൽകുകയും അലങ്കാര പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു.

**സിബിൻ പാലംമൂട്ടിൽ**
ജനറൽ സെക്രട്ടറി

# കുടുംബ പ്രേഷിതത്വം

**വിവാഹത്തിനൊരുക്കമായുള്ള കോഴ്സ്**

പാസ്റ്ററൽ സെന്ററിൽ ഒക്ടോബർ 7 മുതൽ 10 വരെ നടന്ന കോഴ്സിൽ 117 പേർ പങ്കെടുത്തു. കോഴ്സിന്റെ വിജയത്തിനായി സഹ കരിച്ച എല്ലാ വൈദികർക്കും കുടുംബ പ്രേഷിതത്വ ടീം അംഗങ്ങൾക്കും നന്ദി.

**അടുത്ത മാസങ്ങളിലെ കോഴ്സുകൾ**

| | | |
|---|---|---|
| നവംബർ 18 -21 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| ഡിസംബർ 4 - 7 | - | പാസ്റ്ററൽ സെന്റർ ദ്വാരക |
| ഡിസംബർ 9 -12 | - | പാസ്റ്ററൽ സെന്റർ മണിമൂളി |
| ഡിസംബർ 27 -30 | - | പാസ്റ്ററൽ സെന്റർ ദ്വാരക |

**പ്രത്യേക ശ്രദ്ധയ്ക്ക്**

ഡിസംബർ 9 മുതൽ 12 വരെ മണിമൂളി പാസ്റ്ററൽ സെന്ററിൽ നടക്കുന്ന വിവാഹഒരുക്ക കോഴ്സിനെക്കുറിച്ച് മണിമൂളി, നിലമ്പൂർ, നീലഗിരി പ്രദേശങ്ങളിലെ ഇടവകകളിൽ ബഹു. വികാരിയച്ചൻമാർ മുൻകൂട്ടി അറിയിക്കുമല്ലോ.

**ബഹു. മാത്യു പെരിയപ്പുറം അച്ചന് നന്ദി**

മാനന്തവാടി രൂപതാ ഫാമിലി അപ്പോസ്റ്റലേറ്റ് ഡയറക്ടർ എന്ന നിലയിൽ കഴിഞ്ഞ വർഷങ്ങൾ പ്രശംസനീയമാംവിധം ബഹു. മാത്യു പെരിയപ്പുറം അച്ചൻ സേവനം ചെയ്തു. ദീർഘവീക്ഷണത്തോടെയും, കാലാനുസൃതമായും കുടുംബപ്രേഷിത രംഗത്ത് അച്ചൻ ചെയ്ത ശുശ്രൂഷകൾ മികവുറ്റതായിരുന്നു. ഇക്കാലയളവിൽ വിവാഹ ഒരുക്ക കോഴ്സുകൾ കൃത്യമായും ഭംഗിയായും ക്രമീകരിക്കപ്പെട്ടിരുന്നു. മാതൃവേദിയിലൂടെ ഉചിതമായ സന്ദേശങ്ങൾ കുടുംബങ്ങളി ലെത്തിക്കാൻ അച്ചൻ പ്രയത്നിച്ചു. വനിതാകമ്മീഷൻ, മരിയൻ സിംഗിൾസ് എന്നിവയുടെ പ്രവർത്തനങ്ങളും കൃത്യമായി ക്രമീകരിക്കാൻ അച്ചനു സാധിച്ചു. രൂപതാ കുടുംബത്തിന്റെ പേരിൽ അച്ചനെ അഭിനന്ദിക്കുകയും, ദൈവാനുഗ്രഹങ്ങൾ നേരുകയും, സേവനങ്ങൾക്ക് ഹൃദ്യമായ നന്ദി അർപ്പിക്കുകയും ചെയ്യുന്നു.

**മാതൃവേദി**

**'മാതൃജ്വാല': ഉദ്യോഗസ്ഥരായ അമ്മമാരുടെ സംഗമം**

രൂപതയിലെ ഉദ്യോഗസ്ഥരായ അമ്മമാരുടെ സംഗമം, 'മാതൃജ്വാല', ഒക്ടോബർ 11-ന് ദ്വാരക പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ചു. തൃശൂർ കാർഷിക സർവകലാശാല പ്രൊഫസർ ഡോ. മേരി റെജിന, 'സഭയിലും സമൂഹത്തിലും ഉദ്യോഗസ്ഥരായ അമ്മമാർക്ക് എപ്രകാരം പ്രവർത്തിക്കാൻ സാധിക്കും' എന്ന വിഷയം അവതരിപ്പിച്ചു. പൊതുസമ്മേളനം മോൺ. മാത്യു മാടപ്പള്ളിക്കുന്നേൽ ഉത്ഘാടനം ചെയ്തു.

**മണിമൂളി, നിലമ്പൂർ മേഖല ഭാരവാഹി സംഗമം**

ഒക്ടോബർ 12-ന് മണിമൂളി, നിലമ്പൂർ ഫൊറോനകളിലെ മാതൃവേദി ഭാരവാഹികൾക്കായുള്ള നേതൃത്വപരിശീലന ക്ലാസ് നിലമ്പൂർ ഇടവകയിൽ സംഘടിപ്പിച്ചു. ബഹു. ജോസ് പള്ളത്ത് സാർ ക്ലാസ് നയിച്ചു. തൊണ്ണൂറോളം പേർ പങ്കെടുത്തു. ബഹു. മേഖലാ ഡയറക്ടർമാർക്കും, ആനിമേറ്റർമാർക്കും, പങ്കെടുത്ത എല്ലാവർക്കും ഹൃദ്യമായ നന്ദി.

**കൽപറ്റ മേഖല**

കാരുണ്യവർഷത്തോടനുബന്ധിച്ച് മാതൃവേദി കൽപറ്റ മേഖലയുടെ ജപമാല റാലി 12-10-2016 ന് കൽപറ്റ സെന്റ് വിൻസെന്റ് ഡി പോൾ ദേവാലയത്തിൽ വച്ചു നടത്തി. ധാരാളം അമ്മമാർ പങ്കെടുത്തു. മേഖലാ ഡയറക്ടർ ബഹു. ഫാ. തോമസ് പരുന്തനോലിൽ, ഫൊറോന വികാരി ബഹു. ഫാ. മാത്യു പെരുമാട്ടിക്കുന്നേൽ എന്നിവർ നേതൃത്വം നൽകി.

**നിലമ്പൂർ മേഖല**

സെപ്റ്റംബർ 21 -ന് ചേർന്ന മേഖലാ ജനറൽബോഡിയിൽ 'കുടുംബം കരുണയുടെ ഉറവിടം' എന്ന വിഷയത്തെ ആസ്പദമാക്കി ബഹു.വിൻസന്റച്ചൻ ക്ലാസ് എടുത്തു, പ്രവർത്തനങ്ങൾ വിലയിരുത്തി, ചർച്ചകൾ നടത്തി. ബെസ്റ്റ് ശാഖാ നിർണയത്തിനായ് റിപ്പോർട്ടുകൾ പരിശോധിച്ചു.

**കല്ലോടി മേഖല**

20-09-2016 ന് ദീപ്തിഗിരി പള്ളിയിൽ വച്ച് കല്ലോടി ഫൊറോനയിലെ അമ്മമാർക്ക് സെമിനാർ നടത്തി. എടവക ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീമതി ഉഷ വിജയൻ സെമിനാർ ഉദ്ഘാടനം ചെയ്തു. തെരുവു നായ്ക്കളുടെ ശല്യത്തിൽ നിന്നും മോചനത്തിനായി അമ്മമാരുടെ നേതൃത്വത്തിൽ ഒപ്പു ശേഖരണം

നടത്തി. അഡ്വ. ശ്രീ. ജിജിൽ ലൗജിഹാദ്, മൊബൈൽ ഉപയോഗം എന്നീ വിഷയങ്ങളെക്കുറിച്ച് ക്ലാസ് നടത്തി.

**പൂക്കോട്ടുംപാടം**

8-9-2016 ന് മാതൃദിനമാചരിച്ചു. ഇടവകയിലെ അമ്മമാർ കാഴ്ച്ചസമർപ്പണം നടത്തി. സമാഹരിച്ചതുക ഭവന നിർമ്മാണ സഹായത്തിനായി ഉപയോഗിച്ചു. ഫണ്ട് ശേഖരണാർത്ഥം എട്ടു നോമ്പിന് മെഴുകുതിരി സ്റ്റാൾ നടത്തി.

**വെള്ളൂന്നി**

എട്ടു നോമ്പ് ഭക്ത്യാദരവോടെ ആചരിച്ചു. വാർഡ് അടിസ്ഥാനത്തിൽ വിവിധ നിയോഗങ്ങൾക്കായ് പ്രാർത്ഥിച്ചു.

**കൽപ്ര**

8-9-2016 -ന് മാതാവിന്റെ തിരുനാൾ സമുചിതമായി ആചരിച്ചു. വിവിധ ആവശ്യങ്ങളിൽ കഴിയുന്ന ഏതാനും കുടുംബങ്ങളെ സന്ദർശിച്ചു.

**ചുങ്കക്കുന്ന്**

കാരുണ്യവർഷത്തോടനുബന്ധിച്ച് ഇടവകയിലെ എല്ലാ അമ്മാർക്കും 1, 3, 5 തിയതീകളിൽ സെമിനാർ നടത്തി. അമ്മമാർക്ക് പൂക്കള മൽസരം നടത്തി. സമ്മാനമായി കിട്ടിയ തുക ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായി മാറ്റിവച്ചു. എട്ട് നോമ്പ് ദിനങ്ങളിൽ ദിവ്യബലി മദ്ധ്യേ സമാഹരിച്ച സാധനങ്ങൾ സെന്റ് കമില്ലസ് ചുങ്കക്കുന്ന്, സ്നേഹാലയം പോരൂർ, സമരിറ്റൻ ഭവൻ മാനന്തവാടി, ജയമാതാ കാട്ടിക്കുളം എന്നിവിടങ്ങളിൽ നൽകി. കരുണയുടെ വർഷത്തിൽ ഭവന നിർമ്മാണത്തിന് സഹായിക്കുന്നതിനായി അമ്മമാർ നടത്തിയ കാഴ്ച്ച സമർപ്പണത്തിലൂടെ 60000/- രൂപ സമാഹരിച്ചു.

**ചാരിറ്റി**

സെപ്റ്റംബർ 8 ആഘോഷിച്ചു. കാഴ്ച്ച സമർപ്പണത്തിന് ലഭിച്ച തുക മാതൃവേദിയുടെ പ്രവർത്തനത്തിനായി നീക്കിവച്ചു. ഓണാഘോഷ പരിപാടിയിൽ അമ്മമാർ പങ്കെടുത്തു.

**പുതിയിടംകുന്ന്**

1-9-2016 -ന് ഹോസ്പിറ്റൽ മിനിസ്ട്രി നടത്തി. എട്ടു നോമ്പിന് സമാഹരിച്ച 5005/- രൂപ ഭവന നിർമ്മാണത്തിനായി വികാരിയച്ചനെ ഏൽപ്പിച്ചു. 24- ന് ജപമാല ചൊല്ലിക്കൊണ്ട് മാനന്തവാടി കത്തീഡ്രൽ ദേവാലയത്തിലേക്ക് തീർത്ഥാടനം നടത്തി.

**പൂളപ്പാടം**

8-9-2016 ന് സിൽവർജൂബിലി മെമ്മോറിയൽ കാരുണ്യഫണ്ട് ബഹു. ഫാ. ചാണ്ടി പുനക്കാട്ട് ഉദ്ഘാടനം ചെയ്തു. ഇടവകയിലെ

പ്രായമായ അമ്മച്ചിമാരെ ദിവ്യബലിയിൽ സംബന്ധിപ്പിക്കുകയും സമ്മാനങ്ങൾ നൽകി ആദരിക്കുകയും ചെയ്തു. ബഹു. ഫാ. ഗർവ്വാസിസ് മറ്റം 'മക്കളുടെ വളർച്ചയിൽ അമ്മമാരുടെ പങ്ക്' എന്ന വിഷയത്തെക്കുറിച്ച് ക്ലാസ്സെടുത്തു.

**അരിഞ്ചേർമല**

എട്ടുനോമ്പു തിരുനാൾ ഭക്തിപൂർവ്വം ആചരിച്ചു. കാഴ്ച്ചവയ്പ്പിലൂടെ സമാഹരിച്ച തുക മാതൃവേദി ഫണ്ടിലേക്ക് നീക്കിവച്ചു. സ്കൂളിലെ നല്ല പാഠം പദ്ധതിയിലേക്ക് കറിവേപ്പിൻ തൈകൾ നൽകി.

**കാവുംമന്ദം**

സെപ്റ്റംബർ 8 സമുചിതമായി ആചരിച്ചു. ബഹു. മാർട്ടിൻ പുതുശ്ശേരി അച്ചൻ, മേഖലാ ആനിമേറ്റർ സി. ആൻസി ജോസ്, ലിസി ചെറുകാട്ട് എന്നിവർ വിവിധ വിഷയങ്ങളെക്കുറിച്ച് ക്ലാസ്സെടുത്തു.

**ഒറ്റപ്ലാവ്**

സെപ്റ്റംബർ 8 -ന് 75 വയസ്സിന് മുകളിലുള്ള അമ്മച്ചിമാരെ ആദരിച്ചു. അന്നേദിനം മാതൃവേദി ദിനമായി കൊണ്ടാടി. ഇടവകയിലെ രണ്ടു പേർക്ക് ചികിത്സാ സഹായം നൽകി. കരുണയുടെ വർഷം പ്രമാണിച്ച് ഇടവകയിലെ എല്ലാ ഭവനങ്ങളും സന്ദർശിച്ച് ഒരാൾക്ക് 10/- രൂപാ നിരക്കിൽ 2000/- രൂപാ മേഖലയ്ക്ക് കൊടുത്തു.

**മഞ്ഞൂറ**

ഇടവകയിലെ കിടപ്പ് രോഗികളെ സന്ദർശിച്ചു. പച്ചക്കറി തോട്ടം വൃത്തിയാക്കി.

**അമ്പായത്തോട്**

'കുടുംബം കരുണയുടെ ഉറവിടം' എന്ന വിഷയത്തെ കുറിച്ച് ശ്രീമതി പ്രിയ ഷൈജൻ തടങ്ങഴി ക്ലാസ്സെടുത്തു. പേരന്റിംഗ് എന്ന വിഷയത്തെ ആസ്പദമാക്കി ശ്രീ. ജോണി അമ്പാട്ട് സാർ ക്ലാസ് നയിച്ചു. ചികിൽസാ സഹായമായി മാതൃവേദി അംഗങ്ങൾ 2000/- രൂപ നൽകി. കരുണയുടെ ഭവന നിർമ്മാണ ഫണ്ടിലേക്ക് മാതൃവേദി അംഗങ്ങൾ 10000/- രൂപാ നൽകി.

**ദ്വാരക**

സെപ്റ്റംബർ 8 -ന് തണൽ വൃദ്ധസദനത്തിലെ നിവാസികൾക്ക് പലഹാരങ്ങൾ നൽകി. 'വിശ്വാസം, പ്രാർത്ഥന കുടുംബ ജീവിതത്തിൽ' എന്ന വിഷയത്തെക്കുറിച്ച് സി. തെരസ് സി.എം.സി. അമ്മമാർക്ക് ക്ലാസ് എടുത്തു.

**ഇരുളം**

എട്ടുനോമ്പും വി.അൽഫോൻസമ്മയുടെ തിരുനാളും ആഘോഷിച്ചു. 'കുടുംബം ദേവാലയം' എന്ന വിഷയത്തിൽ ബഹു.

ചാണ്ടി പുനക്കാട്ട് അച്ചൻ, 'കുട്ടികളുടെ വളർച്ചയിൽ അമ്മമാരുടെ പങ്ക്' എന്ന വിഷയത്തിൽ സി. സാന്റി എസ്.കെ.ഡി, 'കുടുംബം കരുണയുടെ ഉറവിടം' എന്ന വിഷയത്തിൽ ശ്രീമതി ഗ്രേസി ചിറ്റിനപ്പിള്ളി ടീച്ചർ എന്നിവർ സെമിനാറുകൾ നടത്തി.

**മരിയൻ സിംഗിൾസ്**

രൂപതയിലെ ഏകസ്ഥരായ സ്ത്രീകളുടെ കൂട്ടായ്മയായ 'മരിയൻ സിംഗിൾസ്' എല്ലാ മാസവും ദ്വാരക പാസ്റ്ററൽ സെന്ററിൽ ചേരുന്നു. പ്രാർത്ഥനയും, വിവിധ വിഷയങ്ങളെക്കുറിച്ചുള്ള ക്ലാസ്സുകളും ഷെയറിംഗും കൂട്ടായ്മയിലുണ്ട്. തോണിച്ചാൽ എമ്മാവൂസ് വില്ല സന്ദർശിച്ച്, അംഗങ്ങൾ സമാഹരിച്ച 7800/- രൂപയും മധുര പലഹാരങ്ങളും നൽകി. ഏകസ്ഥ കൂട്ടായ്മയിൽ രൂപതയിലെ ഏകസ്ഥരായ എല്ലാ വനിതകളെയും പങ്കെടുപ്പിക്കാൻ ബഹു. വികാരിയച്ചൻമാരും സിസ്റ്റേഴ്സും താൽപര്യമെടുക്കുമല്ലോ. അടുത്ത മാസത്തെ ഏകസ്ഥ കൂട്ടായ്മ നവംബർ 9-ന്.

**വനിതകൾക്കായുള്ള സാഹിത്യമൽസരങ്ങൾ**

രൂപതാ വിമൻസ് കമ്മീഷന്റെയും മാതൃവേദിയുടെയും ആഭിമുഖ്യത്തിൽ 18 വയസ്സിനു മുകളിൽ പ്രായമുള്ള എല്ലാ വനിതകൾക്കുമായി സാഹിത്യമൽസരങ്ങൾ സംഘടിപ്പിക്കുന്നു. മൽസരങ്ങൾ നവംമ്പർ 14-നു മുമ്പായി നടത്തി, ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്നവരുടെ രചനകൾ മേഖലയിൽ എത്തിക്കണം. മേഖലയിൽ ഒന്നാം സ്ഥാനം ലഭിക്കുന്ന രചനകൾ ഡിസംബർ 8-നു മുമ്പായി രൂപതയിൽ എത്തിക്കേണ്ടതാണ്. ഫ്രാൻസിസ് പാപ്പായുടെ, 'സ്നേഹത്തിന്റെ സന്തോഷം' എന്ന അപ്പസ്തോലിക പ്രബോധനമാണ് രചനകളുടെ കേന്ദ്രവിഷയം. മൽസര സമയം ഒരു മണിക്കൂർ വീത മാണ്.

വിഷയം മുൻകൂട്ടിനൽകാവുന്നതാണ്. രചനകൾ മുൻകൂട്ടി എഴുതി കൊണ്ടുവരാൻ പാടില്ല.

**മൽസര ഇനങ്ങളും വിഷയങ്ങളും ചുവടെ ചേർക്കുന്നു.**

**ഉപന്യാസം:** ദാമ്പത്യ ജീവിതത്തിൽ സ്നേഹത്തിന്റെ ഭാഗധേയം (8 പേജ്)

**കവിത:** കുടുംബമെന്ന വിദ്യാലയം (2 പേജ്)

**കഥ:** കരുതലുള്ള സ്നേഹം (4 പേജ്)

**ചിത്രരചന:** വിശ്വാസ കൈമാറ്റം കുടുംബങ്ങളിൽ (ജലഛായത്തിന് ചാർട്ട് പേപ്പറിന്റെ 1/4 -ഭാഗമാണ് ഉപയോഗിക്കേണ്ടത്)

**ഫാ. ജോഷി മഞ്ഞക്കുന്നേൽ**

ഡയറക്ടർ, കുടുംബപ്രേഷിതത്വം

# സീയോൻ വാർത്തകൾ

**സീയോൻ ടീം മീറ്റിംഗ് 30-9-2016**

സെപ്റ്റംബർ മാസം 30-ാം തീയതി ശുശ്രൂഷകർ സീയോൻ ധ്യാനകേന്ദ്രത്തിൽ സമ്മേളിച്ചു. 4 മണിക്ക് ടീം മീറ്റിംഗ് ആരംഭിച്ചു. പ്രാർത്ഥനയ്ക്കും ഒരുക്കത്തിനും ശേഷം രാത്രി 12 മണി വരെ വി.കുർബാന അർപ്പിച്ചും, കുരിശിന്റെ വഴിയും, ആരാധന നടത്തിയും ഒരുങ്ങി.

**ആദ്യശനി ഏകദിന കൺവെൻഷൻ 1-10-2016**

ആദ്യശനി കൺവെൻഷനു വേണ്ടിയുള്ള അടുത്ത ഒരുക്കങ്ങൾ 6 മണിക്ക് ആരംഭിച്ചു. സീയോൻ ധ്യാനകേന്ദ്രവും മാനന്തവാടി പ്രൊവിൻസ് ഫ്രാൻസിസ്കൻ സന്യാസിനി സമൂഹവും ചേർന്ന് കൺവെൻഷൻ നടത്തി. കൺവെൻഷനിൽ റവ. സി. ജെസിൻ FCC വചനപ്രഘോഷണം നടത്തി. റവ. ഫാ. തോമസ് അറയ്ക്കൽ O.pream വി. കുർബാന അർപ്പിച്ച് സന്ദേശം നൽകി. അനുഭവസാക്ഷ്യം, ആരാധന, ദിവ്യകാരുണ്യ പ്രദക്ഷിണം എന്നീ ശുശ്രൂഷകളോടെ കൺവെൻഷൻ സമാപിച്ചു.

**രണ്ടാംശനി - പൊതുസ്പിരിച്ചൽ ഷെയറിംഗ് ദിനം 8-10-16**

സ്പിരിച്ചൽ ഡിറക്ടേഴ്സ് രണ്ടാം വെള്ളിയാഴ്ച സീയോനിൽ വന്ന് പ്രാർത്ഥിച്ച് ഒരുങ്ങി. രണ്ടാം ശനിയാഴ്ച വന്നുചേർന്നവർക്ക് സ്പിരിചൽ ഗൈഡൻസ് നൽകി.

**ആന്തരിക സൗഖ്യധ്യാനം 16-20**

ഒക്ടോബർ മാസത്തിൽ സീയോൻ ധ്യാന കേന്ദ്രത്തിൽ ആന്തരിക സൗഖ്യധ്യാനം നടന്നു.

**അഖണ്ഡ ജപമാല**

ഒക്ടോബർ 27, 28, 29 തീയതികളിൽ സീയോൻ ചാപ്പലിൽ 53 മണിക്കൂർ അഖണ്ഡജപമാല സമർപ്പണം നടന്നു. 27 വ്യാഴം രാവിലെ

8 മണിക്ക് ആരംഭിച്ച് 29 ശനി ഉച്ചയ്ക്ക് 1 മണിക്ക് അവസാനിച്ചു. സീയോൻ ശുശ്രൂഷകർ വിവിധ ഗ്രൂപ്പുകളായി തിരിഞ്ഞ് രാത്രിയും പകലും ഇടമുറിയാതെ ജപമാല ചൊല്ലി പ്രാർത്ഥിച്ചു.

**സീയോൻ നവംബർ മാസത്തിൽ**

| | | |
|---|---|---|
| നവംബർ 4 | – | ടീം മീറ്റിംഗ്, |
| | – | ഏകദിന കൺവെൻഷൻ ഒരുക്കം |
| നവംബർ 5 | – | ഏകദിന കൺവെൻഷൻ |
| നവംബർ 11 | – | സുവിശേഷവത്ക്കരണം – ഏകദിനം |
| നവംബർ 12 രണ്ടാം ശനി | – | പൊതു സ്പിരിച്ച്വൽ ഷെയറിഗ് |
| നവംബർ 13–17 | – | ആന്തരിക സൗഖ്യധ്യാനം |
| നവംബർ 18 മൂന്നാം വെള്ളി | – | ജാഗരണ പ്രാർത്ഥന |
| നവംബർ 18 | – | ചാരിറ്റി ഇടവകയിൽ സുവിശേഷ വൽക്കരണം |
| നവംബർ 18–20 | – | തോണിച്ചാൽ ഇടവക ജൂബിലി ഒരുക്ക ധ്യാനം |
| നവംബർ 26 നാലാം ശനി | – | രോഗികൾക്കായുള്ള സൗഖ്യശുശ്രൂഷ |
| നവംബർ 26–30 | – | ഇടവക ധ്യാനം – കുറുമ്പാലക്കോട്ട |

**ഡയറക്ടർ**
സിയോൻ സി.ആർ.സി.

# ജീസസ് യൂത്ത് മിനിസ്ട്രി

**ജീസസ് യൂത്ത് ധ്യാനം**

"യുവാക്കന്മാരെ നിങ്ങൾ ശക്തന്മാരാണ്" ദൈവത്തിന്റെ വചനം നിങ്ങളിൽ വസിക്കുന്നു". മേരിമാതാ കോളേജിൽ വച്ച് ഒക്ടോബർ 8 മുതൽ 12 വരെ യുവജനങ്ങൾക്കുവേണ്ടി നടത്തിയ ധ്യാനത്തിൽ ധാരാളം യുവജനങ്ങൾ പങ്കെടുത്തു. അഭിഷേകം നിറഞ്ഞ ക്ലാസ്സുകളും, സൗഖ്യം പകരുന്ന ആരാധനകളും വിശുദ്ധി പകരുന്ന ജപമാലയുമെല്ലാം യുവജനങ്ങൾക്ക് ശക്തിപകർന്നു. പാപത്തിൽ നിന്നും ദുഃഖങ്ങളിൽ നിന്നും വിമുക്തിനേടിയ യുവജനങ്ങൾ വലിയ സന്തോഷത്തോടെ മടങ്ങി. ഈ ധ്യാനത്തിന് ബഹു. സോണി വാഴകാട്ട് അച്ചനും ജീസസ് യൂത്ത് ടീമംഗങ്ങളും നേതൃത്വം നൽകി.

**ക്രിസ്റ്റീൻ മിനിസ്ട്രി**

കുഞ്ഞുങ്ങൾ നേരിട്ടുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളിൽ അവർക്കു കരുത്തുപകരാൻ ക്രിസ്റ്റീൻ മിനിസ്ട്രി സജീവമായി വന്നു. സബ്സോൺ തിരിച്ച്, തെരഞ്ഞെടുക്കപ്പെട്ട ടീമംഗങ്ങൾക്കായി ദ്വാരക സീയോൻ ധ്യാന കേന്ദ്രത്തിൽ വച്ച് ഏകദിന സെമിനാർ നടത്തി. RST യിലെ ക്രിസ്റ്റീൻ ഡയറക്ടറും, ടീമംഗങ്ങളുമാണ് സെമിനാറിന് നേതൃത്വം നൽകിയത്.

**ഫാ. സോണി വാഴകാട്ട്**
ഡയറക്ടർ, ജീസസ് യൂത്ത്

# വിൻസെന്റ് ഡി പോൾ സൊസൈറ്റി

എത്രയും പ്രിയപ്പെട്ട വിൻസെൻഷ്യൻ സഹോദരീസഹോദരന്മാരേ,

"നീ എത്രമാത്രം ഉന്നതനാണോ, അത്രമാത്രം വിനീതനാവുക" (പ്രഭാഷകൻ 3:18) നാമെല്ലാവരും വിവിധങ്ങളായ തലങ്ങളിൽ പ്രവർത്തിക്കുന്നവരാണല്ലോ. പല മേഖലകളിലുമുണ്ടാകുന്ന പ്രശ്നങ്ങളുടെ ആഴങ്ങളിലേക്ക് കടന്നു ചെന്ന് പരിശോധിച്ചാൽ, അപരനെ അംഗീകരിക്കുവാനും അവന് താങ്ങും തണലുമാകുവാനുമുള്ള വൈമനസ്യമാണ് ഇതിന്റെ അടിസ്ഥാനകാരണമെന്ന് കണ്ടെത്താനാവും. സമൂഹത്തിലെ ഓരോ വ്യക്തിയും സ്വയം എളിമപ്പെടുവാൻ തയ്യാറായാൽ ഈ ലോകം മറ്റൊരു സ്വർഗമായി മാറും. അധികാരങ്ങളുടെ ഔന്നിത്യത്തിലേക്കുള്ള ഓരോ പടികൾ കയറുമ്പോഴും നമ്മെ കൈപിടിച്ചുയർത്തുന്ന ദൈവത്തെ നാം മറക്കരുത്. നാമും നമുക്കുള്ളവയൊക്കെയും ദൈവദാനമാണ്. മററുള്ളവർ നിങ്ങൾക്ക് ചെയ്തു തരണമെന്ന് നിങ്ങൾ ആഗ്രഹിക്കുന്നതെല്ലാം നിങ്ങൾ അവർക്ക് ചെയ്യുവിൻ (മത്തായി 7:5). ഈ ദൈവവചനത്തിലൂന്നിയായിരിക്കണം നമ്മുടെ പ്രവർത്തനങ്ങൾ.

നമുക്കൊക്കെ ഒട്ടേറെ കഴിവുകൾ ദൈവം നല്കിയിട്ടുണ്ട്. അവയിൽ എത്ര എണ്ണം ദൈവേഷ്ടത്തിനനുസരിച്ച് നാം വിനിയോഗിക്കുന്നുണ്ടെന്ന് ആത്മശോധന നടത്തണം. ദാനമായി കിട്ടി, ദാനമായിത്തന്നെ കൊടുക്കുവിൻ (മത്താ.10:8) ദൈവപുത്രനായ യേശു സ്വയം ശൂന്യവത്ക്കരിച്ച് സാധാരണക്കാരിൽ സാധാരണക്കാരനായി ജീവിച്ച മാതൃക നമ്മൾക്കും പിന്തുടരാം. നിങ്ങൾക്ക് ലഭിച്ച വിളിക്ക് യോഗ്യമായ ജീവിതം നയിക്കുവിൻ (എഫേ.4:1) നാമോരോരുത്തരും സമൂഹത്തിലെ കഷ്ടതയനുഭവിക്കുന്നവർക്കുവേണ്ടി പ്രവർത്തിക്കുവാൻ വിളിക്കപ്പെട്ടവരാണ്. നമ്മുടെ വാക്കും, പ്രവർത്തിയും ഹൃദയവിചാരങ്ങളും എളിമ നിറഞ്ഞതാവട്ടെ. നമ്മുടെ പ്രവർത്തനങ്ങളിൽനിന്ന്-പെരുമാറ്റത്തിൽനിന്ന് യഥാർത്ഥ വിൻസെൻഷ്യനെ മററുള്ളവർ തിരിച്ചറിയട്ടെ. നവംമ്പർ മാസം ശുദ്ധീകരണസ്ഥലത്തെ ആത്മാക്കളെ ഓർമ്മിക്കുവാനായി സഭ ക്രമീകരിച്ചിരിക്കുന്ന മാസമാണല്ലോ. നമ്മളിൽനിന്ന്

വേർപെട്ടുപോയ പ്രിയപ്പെട്ടവരെയും വിൻസെൻഷ്യൻ പ്രവർത്തകരെയും നമ്മുടെ ഉപകാരികളും പ്രവർത്തകരുമായ വൈദീകരെയും സമർപ്പിതരെയും, അൽമായ പ്രേഷിതരുമായിരുന്ന എല്ലാ പ്രിയപ്പെട്ടവരെയും, ആരോരും പ്രാർത്ഥിക്കാനില്ലാത്ത ആത്മാക്കൾക്കു വേണ്ടിയും പ്രാർത്ഥിക്കുവാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലൊ.

**സെൻട്രൽ കൗസിൽ യോഗം**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈറ്റിയുടെ മാനന്തവാടി സെൻട്രൽ കൗൺസിലിന്റെ പ്രത്യേക യോഗം 2016 ഒക്ടോബർ 12-ന് നടവയൽ ഓസാനാംഭവനിൽ നടന്നു. സി.സി. പ്രസിഡന്റ് ബ്രദർ ജോർജ്ജ് ആക്കാന്തിരി അധ്യക്ഷം വഹിച്ചു. സി.സി. ആത്മീയോപദേഷ്ടാവ് റവ.ഫാ.വർഗീസ് മുളകുടിയാങ്കൽ അനുഗ്രഹപ്രഭാഷണം നടത്തി. സി.സി. വൈസ്പ്രസിഡന്റ് ബ്രദർ അഗസ്റ്റിൻ കൊടിയംകുന്നേൽ സ്വാഗതം ആശംസിച്ചു. സി.സി. ജനറൽ സെക്രട്ടറി ബ്രദർ ബാബു നമ്പുടാകം പ്രവർത്തനറിപ്പോർട്ട്, സി.സി. ട്രഷറർ ബ്രദർ ജോൺ നെടുങ്കൊമ്പിൽ സി.സി.യുടെ വരവ്-ചിലവ് കണക്ക്, സെക്രട്ടറി (ഓസാനാംഭവൻ, സ്ഥാപനങ്ങൾ) വിൻസെന്റ് ജോൺ വടക്കുഞ്ചേരി ഓസാനാംഭവന്റെ കണക്കുകളും അവതരിപ്പിച്ചത് യോഗം അംഗീകരിച്ചു. 2016 ഡിസംബർ 21-ന് ക്രിസ്തുമസ് ആഘോഷവും ഓസാനാംഭവൻ ബെനിഫാക്റ്റേഴ്സ് ഡെ-യും, 2017 മാർച്ച് 8-ന് എറണാകുളത്തെത്തുന്ന സൊസൈററി ഇന്റർനാഷണൽ പ്രസിഡന്റിന്റെ സ്വീകരണവും, 2017 മെയ് 18-ന് നടക്കുന്ന സൊസൈറ്റി രൂപതാ വാർഷികവും വിജയിപ്പിക്കുവാൻ യോഗം തീരുമാനിച്ചു. ബ്രദർ തോമസ് മാങ്ങൻ, ബ്രദർ പി.യു. ജോൺ, ബ്രദർ അഡ്വ. ജോസിച്ചൻ കോര ജോസ് എന്നിവർ പ്രസംഗിച്ചു. പബ്ലിക് റിലേഷൻസ് ഓഫീസർ (ഓസാനാംഭവൻ) സി.മേഴ്സി ആര്യപ്പള്ളി, വനിതാപ്രതിനിധി സി. പ്രിയ ഷൈജൻ തടങ്ങഴി എന്നിവർ സത്യപ്രതിജ്ഞ ചെയ്തു. പുതുതായി അഗ്രിഗേഷൻ ലഭിച്ച കോൺഫ്രൻസുകൾക്ക് റവ.ഫാ.വർഗീസ് മുളകുടിയാങ്കൽ സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്തു. വരവ്, ചിലവ് കണക്ക്-സി.സി. മുന്നിരിപ്പ്-78637, തന്മാസ വരവ്-32047, ചിലവ്-41804, നീക്കിയിരിപ്പ്-68880.

**ഓസാനാംഭവൻ**

ഓസാനാംഭവന്റെ പ്രവർത്തന റിപ്പോർട്ടും വരവ്-ചിലവ് കണക്കുകളും സെക്രട്ടറി വിൻസെന്റ് ജോൺ അവതരിപ്പിച്ചു. ഓസാനാംഭവന്റെ അനുദിന പ്രവർത്തനങ്ങൾക്ക് സാമ്പത്തിക ബുദ്ധിമുട്ട് അനു

ഭവപ്പെടുന്നുണ്ട്. ഓസാനാംഭവനിലെ അഗതികൾക്ക് ക്രിസ്തുമസ്സിനോടനുബന്ധിച്ച് പുതുവസ്ത്രം നല്കുവാൻ 600-രൂപ വീതം എല്ലാ കോൺഫ്രൻസുകളും 2016 ഡിസംബർ 10-നകം അതാത് എ.സി. പ്രസിഡന്റുമാർ മുഖേന ഏല്പ്പിക്കേണ്ടതാണ്. ഓസാനാംഭവനിൽ രാത്രി, പകൽ സമയങ്ങളിൽ സേവനം ചെയ്യുന്നതിന് ആഗ്രഹിക്കുന്ന കോൺഫ്രൻസുകൾ വിവരം മുൻകൂട്ടി ഓസാനാംഭവനിൽ അറിയിക്കേണ്ടതാണ്.

**വരവ്-ചിലവ് കണക്ക്**

മാസാരംഭത്തിലെ മുൻകടം-1335174, വരവ്-356377 (കോൺഫ്രൻസുകൾ-146231, വ്യക്തികൾ-210146, കടംവാങ്ങിയത്-298915). ചിലവ്-ഭക്ഷണം-206286, മരുന്ന്-39862, സ്റ്റേഷനറി-4493, യാത്ര-10366, ലോട്രി-3911, ഫ്യുവൽ-1140, വെളിച്ചം-4383, അലവൻസ്-103530, പലയിനം-4208, ഓഫീസ്-450, തിരുകർമ്മങ്ങൾ-1475, റിപ്പയർ-1058, വായ്പ പലിശ-68400, കടം തിരികെ നല്കിയത്-152730. കടം തിരികെ അടക്കാനുള്ളത്-1438650.

**എസ്.എസ്.വി.പി. യുവജന വിഭാഗം**

സെന്റ് വിൻസെന്റ് ഡി പോൾ സൊസൈററി യുവജന വിഭാഗം രൂപതാ പ്രതിനിധികൾക്കായി എറണാകുളത്ത് നടത്തിയ ദ്വിദിന യൂത്ത് മീറ്റിൽ നമ്മുടെ രൂപതാ പ്രതിനിധിയായി ടോമി അഴകനാൽ (വാഴവറ്റ) പങ്കെടുത്തു. ഇടവകാതലങ്ങളിൽ യൂത്ത്വിംഗ് ആരംഭിക്കുവാൻ എ.സി.കോൺഫ്രൻസ് ഭാരവാഹികൾ ആത്മാർത്ഥമായി യത്നിക്കണമെന്ന് സി.സി. യൂത്ത്വിംഗ് പ്രതിനിധി ബ്രദർ ജെൻട്രിപോൾ കളരിക്കൽ ആവശ്യപ്പെട്ടു. യുവജനങ്ങൾക്കായി രൂപതാതലത്തിലും തുടർന്ന് സംസ്ഥാനതലത്തിലും കലാമത്സരങ്ങൾ നടത്തുന്നു. ഉപന്യാസം, ക്രിസ്തീയ ഭക്തിഗാനം, ക്വിസ്, പ്രസംഗം എന്നീ ഇനങ്ങളിലാണ് മത്സരങ്ങൾ. യൂത്ത് (പ്രായം 18-നും 30-നും ഇടയിൽ), ജൂനിയർ (12-18) വിഭാഗങ്ങളിൽ അംഗങ്ങൾക്കും അംഗങ്ങളല്ലാത്തവർക്കും മത്സരങ്ങൾ ഉണ്ടായിരിക്കും. ഉപന്യാസ വിഷയം-വിൻസെൻഷ്യൻ യുവത്വം-നന്മയുടെ തണൽ. 2016 ഡിസംബർ 10-ന് 11-മണിക്ക് നടവയൽ ഓസാനാംഭവൻ ഹാളിൽ ഉപന്യാസരചന മത്സരം നടക്കും. മററ് മത്സരങ്ങൾ 2016 ഡിസംബർ 30-ന് നടക്കും. എല്ലാ ഏ.സി.യിൽനിന്നും ഓരോരുത്തരാണ് മത്സരിക്കേണ്ടത്. ഒരാൾക്ക് രണ്ട് ഇനങ്ങളിൽവരെ മത്സരിക്കാം. പങ്കെടുക്കുന്നവരുടെ പേര് വിവരങ്ങൾ ഏ.സി. പ്രസിഡന്റുമാർ ഡിസംബർ 10-നകം സി.സി.യിൽ അറിയിക്കേണ്ടതാണ്.

**എസ്.എസ്.വി.പി വനിതാ വിഭാഗം**

സെന്റ് വിൻസെന്റ് ഡിപോൾ സൊസൈറ്റിയുടെ വനിതാ വിഭാഗം പ്രവർത്തനങ്ങൾക്ക് രൂപതാതലത്തിൽ സി.ബേബിമരിയ പുലിക്കോട്ടിൽ, സി. പ്രിയ ഷൈജൻ തടങ്ങഴിയിൽ എന്നിവരാണ് നേതൃത്വം നല്കുന്നത്. സൊസൈററിയുടെ വനിതാ അംഗങ്ങൾക്കായി രൂപതാതലത്തിൽ ഏകദിന സെമിനാർ, ആത്മീയവും ഭൗതീകവുമായ വളർച്ചക്കുതകുന്ന പരിശീലന പരിപാടികൾ എന്നിവ നടത്തുന്നതാണ്.

**സംഘടനാ അറിയിപ്പുകൾ**

1. കത്തോലിക്കാ സഭയുടെ കാരുണ്യവർഷാചരണം സമാപിക്കുകയാണല്ലൊ. ഈ ഒരു വർഷത്തിനുള്ളിൽ ഓരോ കോൺഫ്രൻസുകളും, എ.സി.കളും ചെയ്ത പ്രവർത്തികളുടെ റിപ്പോർട്ട് ഏ.സി. പ്രസിഡന്റുമാർ അടുത്ത സി.സി.യോഗത്തിൽ രേഖാമൂലം സമർപ്പിക്കേണ്ടതാണ്.
2. പ്രവർത്തനം തുടങ്ങി ഒരു വർഷം തികഞ്ഞ എല്ലാ കോൺഫ്രൻസുകളും (അഗ്രിഗേഷൻ ഇല്ലാത്തവ) അഗ്രിഗേഷന് നിശ്ചിത ഫോറത്തിൽ ഏ.സി. പ്രസിഡന്റുമാർ മുഖേന 2016 ഡിസംബർ 10-നകം അപേക്ഷ നല്കേണ്ടതാണ്.
3. ഒന്നിടവിട്ട മാസങ്ങളിൽ (പ്രത്യേക സാഹചര്യങ്ങളിലൊഴികെ) രണ്ടാം ശനിയാഴ്ചകളിലായിരിക്കും സി.സി.യോഗം ചേരുന്നത്.
4. സി.സി.യോഗതീരുമാനങ്ങൾ കൃത്യമായി കോൺഫ്രൻസുകളിലെത്തേണ്ടതിന് രണ്ടാം ശനിയാഴ്ചക്കുശേഷം വരുന്ന ഞായറാഴ്ചകളിലായിരിക്കണം ഏ.സി.യോഗങ്ങൾ ചേരേണ്ടത്.
5. സി.സി.യോഗങ്ങളിൽ ഏ.സി.പ്രസിഡന്റുമാർ നിർബന്ധമായും പങ്കെടുക്കേണ്ടതാണ്. ഏ.സി.പ്രസിഡന്റിന് (അടിയന്തര സാഹചര്യങ്ങളിൽമാത്രം) പങ്കെടുക്കുവാൻ കഴിയാതെ വരികയാണെങ്കിൽ പകരം ഏ.സി. സെക്രട്ടറിയെയാണ് അയക്കേണ്ടത്.
6. തങ്ങളുടെ ഏ.സി.കളുടെ പരിധിയിൽ വരുന്ന ഇടവകകളിലേതിലെങ്കിലും നമ്മുടെ കോൺഫ്രൻസുകൾ പ്രവർത്തിക്കുന്നില്ലെങ്കിൽ, അഥവാ നിർജ്ജീവ അവസ്ഥയിലാണെങ്കിൽ അവയുടെ വിവരവും എല്ലാ ഏ.സി. പ്രസിഡന്റുമാരും അടുത്ത സി.സി.യോഗത്തിൽ രേഖാമൂലം അറിയിക്കേണ്ടതാണ്.
7. 2015 സെപ്തംമ്പർ ഒന്നു മുതൽ ഓസാനാംഭവനുവേണ്ടി-ഒരംഗം ഒരു ദിവസം ഒരു രൂപ-പദ്ധതിയുടെ കുടിശ്ശികയുണ്ടെങ്കിൽ അവ 2016 ഡിസംബർ 10-നകം സി.സി.യിൽ നേരിട്ടൊ, ഏ.സി. പ്രസിഡന്റുമാർ മുഖേനയൊ നല്കേണ്ടതാണ്.

8. എല്ലാ ചൊവ്വ, ശനി ദിവസങ്ങളിൽ ദ്വാരക പാസ്റ്ററൽ സെന്ററിലെ നമ്മുടെ ഓഫീസ് പ്രവർത്തിക്കുന്നതാണ്. അപേക്ഷാ ഫോറങ്ങൾ, സംഘടനയുമായി ബന്ധപ്പെട്ട റജിസ്റ്ററുകൾ തുടങ്ങിയവ അവിടെനിന്നും വാങ്ങാവുന്നതാണ്.
9. പുതുതായി തെരഞ്ഞെടുക്കപ്പെടുന്ന കോൺഫ്രൻസ്, ഏ.സി. ഭാരവാഹികളുടെ പേര് വിവരങ്ങൾ തൊട്ടടുത്ത സി.സി.യോഗത്തിൽ എ.സി. പ്രസിഡന്റ് രേഖാമൂലം അറിയിക്കേണ്ടതാണ്.

**ഫോൺ നമ്പറുകൾ**

സി.സി. പ്രസിഡന്റ് - ബ്രദർ ജോർജ്ജ് ആക്കാന്തിരിയിൽ–9645430635.
സി.സി.ജനറൽ സെക്രട്ടറി –ബ്രദർ ബാബു നമ്പുടാകം–9447235759, 8606385759.
സെക്രട്ടറി (ഓസാനാംഭവൻ, സ്ഥാപനങ്ങൾ)– ബ്രദർ വിൻസെന്റ് ജോൺ വടക്കുഞ്ചേരി–9447933578, 9946825748.
സി.സി. ട്രഷറർ– ബ്രദർ എൻ.യു.ജോൺ നെടുങ്കൊമ്പിൽ–9495545253.
സി.സി.ഓഫീസ് സെക്രട്ടറി– ബ്രദർ ജോൺ കണ്ണാട്ട്പറമ്പിൽ–9605311631.
ഓസാനാംഭവൻ–04936–210237.

**ബ്രദർ എ.വി. ജോർജ്ജ് ആക്കാന്തിരിയിൽ**
സി.സി.പ്രസിഡന്റ്

# സാമൂഹ്യ സേവനരംഗം (WSSS)

**നബാർഡ് സമഗ്ര ആദിവാസി വികസന പദ്ധതി**

നബാർഡ് വയനാട് ജില്ലയിൽ നടപ്പിലാക്കിവരുന്ന സമഗ്ര ആദിവാസി വികസന പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിന് ജില്ലാതല അവലോകനയോഗം WSSS ൽ വെച്ച് നടന്നു. നബാർഡ് ചീഫ് ജനറൽ മാനേജർ ജില്ലാ മാനേജർ എന്നിവർ പങ്കെടുത്തു. വയനാട്ടിലെ OT സന്നദ്ധ സംഘടനകളിലെ ഡയറക്ടർമാർ, പ്രോഗ്രാം ഓഫീസർമാർ എന്നിവർ പങ്കെടുത്തു.

**ഓണാഘോഷം**

സമഗ്ര ആദിവാസി വികസന പദ്ധതിയിൽ അംഗങ്ങളായവരുടെ ഓണാഘോഷം സെപ്റ്റംബർ 8-ാം തീയതി ബോയ്സ് ടൗണിൽ വെച്ച് നടന്നു. വിവിധ കോളനികളിൽ നിന്നായി 350 പേർ ഓണാഘോഷത്തിൽ പങ്കെടുത്തു. വിവിധ മത്സരങ്ങൾ സംഘടിപ്പിച്ചു.

**ജനകീയ സംഘാടനം SWS**

വനിതാ സ്വാശ്രയ സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമായി നടക്കുന്നു. ഗ്രൂപ്പ് സന്ദർശനം, ക്രഡിറ്റ് ലിംഗ് മീറ്റിംഗ് എന്നിവ നടന്നുപോകുന്നു.

വിവിധ ബാങ്കുകളിൽ നിന്ന് ആറ് ലക്ഷത്തോളം രൂപ ഗ്രൂപ്പുകൾക്ക് ലോൺ ലഭിക്കുകയുണ്ടായി. SWS യൂണിറ്റ് സെക്രട്ടറിമാർ, CDO അംഗങ്ങൾ എന്നിവർക്ക് വേണ്ടി നടത്തിയ ഏകിന സെമിനാറിൽ വിവിധ ക്ഷേമപെൻഷനുകളെക്കുറിച്ച് ശ്രീമതി മിനി ഉണ്ണികൃഷ്ണൻ ക്ലാസ്സെടുത്തു.

**സേവ് എ ഫാമിലി പ്ലാൻ**

സമൂഹത്തിൽ പിന്നോക്കം നിൽക്കുന്ന കുടുംബങ്ങളെ വിവിധങ്ങളായ വരുമാന വർദ്ധക പദ്ധതികളിലൂടെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് നയിക്കുന്ന ഈ പദ്ധതിയിൽ ഇന്ന് മാനന്തവാടി രൂപതയുടെ കീഴിൽ 343 കുടുംബങ്ങൾ അംഗങ്ങളാണ്.

ഈ വർഷത്തെ പുതിയ കുടുംബങ്ങൾക്കായുള്ള തെരഞ്ഞെടുപ്പ് ഒക്ടോബർ 10–ാം തീയതിയോടുകൂടി അവസാനിച്ചു.

SAFP ഇടവകാതല പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ തീരുമാനിച്ചതിന്റെ ഭാഗമായി ഒക്ടോബർ 10–ാം തീയതി ലോക്കൽ സ്പോൺസർമാരായ ബഹുമാനപ്പെട്ട സിസ്റ്റേഴ്സിനായി സ്പോൺസേഴ്സ് മീറ്റ് നടത്തി.

**കേരള ലേബർ മൂവ്മെന്റ് (KLM)**

അസംഘടിത തൊഴിലാളികളുടെ സംഘാടനത്തിനും ശാക്തീകരണത്തിനായി പ്രവർത്തിച്ചു വരുന്നു. കേരള ലേബർ മൂവ്മെന്റിന്റെ മാനന്തവാടി രൂപതയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടു പോകുന്നു.

തൊഴിലാളികളുടെ ആദ്ധ്യാത്മികവും സാംസ്കാരികവും സാമ്പത്തികവും സാമൂഹികവുമായ പുരോഗതിക്ക് വേണ്ടിയും തൊഴിലാളി കുടുംബങ്ങളുടെ ക്ഷേമത്തിനുവേണ്ടിയും പ്രവർത്തിക്കുകയാണ് ഈ പ്രസ്ഥാനത്തിന്റെ ലക്ഷ്യം.

**യൂണിറ്റ് രൂപീകരണം 2016 സെപ്റ്റംബർ മാസത്തിൽ**

പുതുശ്ശേരിക്കടവ്, അമ്പായത്തോട്, ശശിമല, തോമാട്ടുചാൽ, വാളവയൽ എന്നീ ഇടവകകളിൽ KLM ന്റെ യൂണിറ്റ് രൂപീകരണം നടന്നു. 5 അംഗ കമ്മറ്റിയെ ഓരോ സ്ഥലങ്ങളിലും തിരഞ്ഞെടുത്തു. ഇടവക വികാരിമാർ KLM രൂപതാ പ്രസിഡണ്ട്, കോർഡിനേറ്റർ എന്നിവർ നേതൃത്വം നൽകി.

**നേതൃയോഗം**

കെ.എൽ.എം. പ്രവർത്തനങ്ങൾ രൂപതാ തലങ്ങളിൽ സുശക്തമാകുന്നതിനും തൊഴിലാളി ഫോറങ്ങളുടെ പ്രവർത്തനങ്ങൾ ശക്തമാകുന്നതിനും വ്യാപിപ്പിക്കുന്നതിനുള്ള കർമ്മപദ്ധതി തയ്യാറാക്കുന്നതിനായി ഒരു നേതൃയോഗം 2016 സെപ്റ്റംബർ 16, 17 തീയതികളിൽ എറണാകുളത്ത് പി.ഒ.സി യിൽ നടന്നു. രൂപതാ പ്രസിഡണ്ട് ശ്രീ. ബിജു പുയ്ക്കുന്നേൽ പങ്കെടുത്തു.

**കേരള ചെറുകിടതോട്ടം തൊഴിലാളി ഫോറം (KCTTF)**

2016 –ലെ അംശാദായം അടയ്ക്കാത്ത അംഗങ്ങൾ എത്രയും പെട്ടെന്ന് അംശാദായം അടയ്ക്കാൻ ശ്രദ്ധിക്കുമല്ലോ.

**സ്വാവലംബൻ (സുരക്ഷ)**

'സ്വാവലംബൻ' പദ്ധതിയിലെ അംഗങ്ങളായവരുടെ 2016–2017 ലെ

അടവ് 2016 ഡിസംബർ മുതൽ 2017 ഫെബ്രുവരി 10 വരെ സ്വീകരിക്കുന്നതാണ്. കഴിഞ്ഞ വർഷം പുതുക്കാത്തവർ ഈ വർഷം '100' രൂപയോടുകൂടി അംഗത്വം പുനസ്ഥാപിക്കേണ്ടതാണ്.

**വികാസ് പീഡിയ സെപ്റ്റംബർ 2016**

പ്രഥമ സേവനദാതാക്കളുടെ ശാക്തീകരണം വഴി സമൂഹത്തിന്റെ താഴെതട്ടിൽ സേവനങ്ങൾ കൂടുതൽ കാര്യക്ഷമമായി എത്തിക്കുക എന്ന ലക്ഷ്യത്തോടെ മാധ്യമ വിവരസാങ്കേതിക വിദ്യയുടെ സഹായത്തോടെ വിവരശേഖരണം നടത്തി സാധാരണക്കാർക്ക് വിവരങ്ങൾ ലഭ്യമാകുന്നതിനാണ് വികാസ് പീഡിയ പോർട്ടൽ പ്രവർത്തിച്ചുവരുന്നത്. വികാസ് പീഡിയ മലയാളം പോർട്ടലിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കൂടുതൽ ജനകീയമായികൊണ്ടിരിക്കുന്നു.

ആലപ്പുഴ ജില്ലയിൽ ജില്ലാതല ശില്പശാല നടത്തി. 150 ഓളം അംഗങ്ങൾ പങ്കെടുക്കുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്തു. കൂടാതെ ആലപ്പുഴ ജില്ലയിലെ മാധ്യമപ്രവർത്തകർക്കായി വികാസ് പീഡിയയുടെ നേതൃത്വത്തിൽ മാധ്യമ ശില്പശാല സംഘടിപ്പിക്കുകയും ചെയ്തു. കൂടുതൽ അറിയാനും വിവരങ്ങൾ നൽകുന്നതിനുമായി ml. vikaspedia.in സന്ദർശിക്കുക.

## DDU GKY

കേന്ദ്ര ഗ്രാമ വികസന മന്ത്രാലയത്തിന്റെ കീഴിൽ ഗ്രാമങ്ങളിലെ 15 നും 35 നും ഇടയിൽ പ്രായമുള്ള യുവജനങ്ങളെ കൂടുതൽ അഭ്യസ്ഥവിദ്യരാക്കുന്നതിനും തൊഴിൽ നേടികൊടുക്കാൻ പ്രാപ്തരാകുന്നതിനും വേണ്ടിയുള്ള ഒരു പദ്ധതിയാണ് ദിൻ ദയാൽ ഉപാധ്യായ ഗ്രാമീൺ കൗശല്യ യോജന (DDU GKY) തൊഴിലധിഷ്ഠിത കോഴ്സുകൾ നടത്തി 55 ദശലക്ഷം യുവജനങ്ങളെ 2020 ആകുമ്പോഴെക്കും വിവിധ മേഖലകളിൽ പ്രായോഗികരാകുക എന്നതാണ് ഈ പദ്ധതിയിലൂടെ ഭാരത സർക്കാർ ലക്ഷ്യം വെക്കുന്നത്. കേരളത്തിൽ കുടുംബശ്രീ മിഷൻ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി വരുന്നു. വയനാട് സോഷ്യൽ സർവ്വീസ് സൊസൈറ്റിയുടെ കീഴിൽ ഫാഷൻ ഡിസൈൻ ടെക്നോളജി, ഫുഡ് പ്രൊസസ്സിംഗ് എന്നീ കോഴ്സുകൾ നടത്തുന്നു.

ഈ കോഴ്സ് പൂർണ്ണമായും സൗജന്യമാണ്. പഠനം പൂർത്തിയാക്കുന്ന എല്ലാവർക്കും NCVT സർട്ടിഫിക്കറ്റും വിവധ കമ്പനികളിൽ ജോലിയും നൽകുന്നതാണ്. ഈ കോഴ്സിനുവരുന്ന എല്ലാവർക്കും ദിവസം 125 രൂപ വീതം യാത്രാബത്ത നൽകുന്നതാണ്.

ഇതുവരെ 149 കുട്ടികളെ രണ്ടു കോഴ്സുകളിലായി പഠിപ്പിക്കുകയും 125 കുട്ടികൾക്ക് ജോലി നൽകാനും സാധിച്ചു. അതുപോലെ തന്നെ ഫുഡ് പ്രോസസ്സിങ്ങിലെ ഒരു കുട്ടിക്ക് ഗൾഫിൽ (അഹമ്മദ് ഫോഴ്സ് ഓഫീസേർസ് ക്ലബ് & ഹോട്ടൽ) ജോലി നൽകുവാനും സാധിച്ചു. ഫുഡ് പ്രോസസ്സിങ്ങിന്റെ മൂന്നാം ബാച്ചിന്റെ NCVT പരീക്ഷ നടത്തി. നൂറുശതമാനം ഉദ്യോഗനിയമനവും ഉറപ്പാക്കി. ഇപ്പോൾ ഏകദേശം 55 കുട്ടികൾ ട്രെയിനിംഗ് നടത്തുന്നു. ഈ വർഷത്തെ എല്ലാ ബാച്ചുകളും ആരംഭിച്ചു കഴിഞ്ഞു. അടുത്ത വർഷത്തേക്ക് പുതിയ കോഴ്സുകളും ആരംഭിക്കുന്നുണ്ട്. അതിനുള്ള സർക്കാർ അംഗീകാരം കിട്ടിയാൽ ഉടനെ അറിയിക്കുന്നതാണ്.

**ഫാ. ബിജോ കറുകപ്പള്ളി**

ഡയറക്ടർ

# ബയോവിൻ അഗ്രോ റിസർച്ച്

**(ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതിയും അനുബന്ധ മേഖലകളും)**

**ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതി**

ജൈവകൃഷിയിലൂടെ പാരിസ്ഥിതിക സന്തുലനം നിലനിർത്തുക, രാസവസ്തുക്കളുടെ ഉപയോഗം പരമാവധി നിർത്തലാക്കി മണ്ണിന്റെ സ്വാഭാവികത തിരികെ പിടിക്കുക, ചെറുകിട കർഷകരുടെ സ്ഥായിയായ നിലനിൽപ്പ് ഉറപ്പുവരുത്തുക എന്നീ ലക്ഷ്യങ്ങളോടെ നടപ്പിലാക്കുന്ന ജൈവകൃഷി സാക്ഷ്യപത്ര ലഭ്യതാ പദ്ധതിയിൽ സെപ്റ്റംബർ മാസത്തിൽ വിവിധ പ്രവർത്തനങ്ങൾ നടന്നു. പദ്ധതിയിലേക്ക് പുതിയതായി 256 കർഷകർ കൂടി അംഗങ്ങളാവുകയും ഫീൽഡ് കോർഡിനേറ്റർമാർ അവർക്കാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

**വില്ലേജ് ഫാം ക്ലബ് മീറ്റിംഗുകൾ**

കർഷക ഗ്രൂപ്പുകൾ ശക്തിപ്പെടുത്തുന്നതിനും കർഷകർക്ക് ജൈവകാർഷിക വൃത്തിയും രീതികളും കാലഘട്ടത്തിനനുസരിച്ച് ക്രമപ്പെടുത്തുന്നതിനുമാവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിന്റെയും ഭാഗമായി വില്ലേജുതലത്തിൽ വില്ലേജ് ഫാം ക്ലബ്ബുകളുടെ (VFC) മീറ്റിംഗുകൾ വിവിധയിടങ്ങളിലായി നടന്നുവരുന്നു. പിണങ്ങോട്, പുത്തൻകുന്ന്, മുണ്ടക്കൊല്ലി, പഴൂർ, താവണി, ചീരാൽ, കലൂർ, നമ്പ്യാർകുന്ന്, തോമാട്ടുചാൽ, ചെല്ലങ്കോട്, കരിംകുറ്റി, മീനങ്ങാടി, കോട്ടൂർ, അരമ്പറ്റക്കുന്ന്, കല്ലോടി, പുലിക്കാട്, കരിന്തിരിക്കടവ്, തവിഞ്ഞാൽ, കാട്ടിമൂല, പേര്യ, വരയാൽ, വാളാട്, ചാലിക്യം, കാടൻകൊല്ലി, ഇല്ലത്തുംവയൽ, എടയൂർക്കുന്ന്, പനവല്ലി, കൂളിവയൽ, എടമുണ്ട, മക്കിയാട്, വേലിയമ്പം, കേണിച്ചിറ, കബനിഗിരി, മരകാവ്, പാളക്കൊല്ലി എന്നിവിടങ്ങളിൽ നടന്ന മീറ്റിംഗുകളിൽ റീജിയണൽ ഫീൽഡ് ഓഫീസർമാർ പങ്കെടുത്തു.

**റെയിൻ ഫോറസ്റ്റ് അലയൻസ് സർട്ടിഫിക്കേഷൻ**

പരിസ്ഥിതിക്കിണങ്ങുന്ന കൃഷിരീതിയിലൂടെ സ്വാഭാവിക വനങ്ങൾ സംരക്ഷിക്കുക. കൃഷിയിടത്തിലെ ആവാസ വ്യവസ്ഥയെ പരിപോഷിപ്പിക്കുക, ജലം-വായു-മണ്ണ് മലിനീകരണത്തിന് തടയിടുക തുടങ്ങിയ ലക്ഷ്യങ്ങളോടെ നടപ്പിലാക്കുന്ന റെയിൻ ഫോറസ്റ്റ് അലയൻസ് (RFA) സർട്ടിഫിക്കേഷനിൽ ഉൾപ്പെട്ടിട്ടുള്ള രണ്ടായിരം

കർഷകരുടെ കൃഷിയിടങ്ങളിൽ, സർട്ടിഫിക്കേഷൻ ഏജൻസിയായ ഇൻഡോസേർട്ടിൽ നിന്നുമുള്ള ഓഡിറ്റർമാരായ ശ്രീ.മാത്യു, ശ്രീ.എബി വർഗ്ഗീസ് എന്നിവർ പരിശോധന നടത്തുകയും ആവശ്യമായ മാർഗ്ഗ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ശ്രീ. അമൽ ആന്റണി, ശ്രീ.പി.എ. ജോസ് എന്നിവരുടെ നേതൃത്വത്തിൽ ആവശ്യമായ ക്രമീകരണങ്ങൾ നടത്തി.

**EU സർട്ടിഫിക്കേഷൻ റിന്യൂവൽ**

ജൈവകർഷകുടെ ഉത്പന്നങ്ങൾ യൂറോപ്യൻ രാജ്യങ്ങളിൽ വിപണനം നടത്തുന്നതിനാവശ്യമായ EU സർട്ടിഫിക്കേഷൻ പുതുക്കുന്നതിനുവേണ്ടിയുള്ള വാർഷിക ഓഡിറ്റ് നടത്താൻ സാധിച്ചു. എക്സ്റ്റേണൽ സർട്ടിഫിക്കേഷൻ ഏജൻസിയായ ലാക്കോൺ സർട്ടിഫിക്കേഷനിൽ നിന്നും ഓഡിറ്റർ ശ്രീ. നിജു കുമാർ, EU സർട്ടിഫിക്കേഷൻ റിന്യൂവൽ ഓഡിറ്റ് നടത്തുകയും പ്രൊസ്സസ്സിംഗ് യൂണിറ്റിൽ ഇൻസ്പെക്ഷൻ നടത്തുകയും ചെയ്തു. ശ്രീ. ഷാജി ജോസ്, രമ്യ വി.ജെ. എന്നിവർ പങ്കെടുത്തു.

**NPOP, NOP സർട്ടിഫിക്കേഷൻ റിന്യൂവൽ**

ജൈവകർഷകരുടെ ഉത്പ്പന്നങ്ങൾ ഇന്ത്യ, അമേരിക്ക എന്നിവിടങ്ങളിൽ വിപണനം നടത്തുന്നതിനാവശ്യമായ റിന്യൂവൽ ഇൻസ്പെക്ഷൻ 3 ICS (internal control system) കളിലെ 1246 കർഷകരുടെ പൂർത്തീകരിക്കുവാൻ സാധിച്ചു. ലാക്കോണിൽ നിന്നും ഇൻസ്പെക്ടർ ശ്രീ. പ്രകാശ് റായ് ഇൻസ്പെക്ഷൻ നടത്തി. 63 ഓളം കർഷകരുടെ കൃഷിയിടങ്ങൾ സന്ദർശിക്കുകയും വേണ്ട മാർഗ്ഗനിർദ്ദേശങ്ങളും പോരായ്മകളും ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തു. ICS കോ-ഓർഡിനേറ്റർ അമലിന്റെ നേതൃത്വത്തിൽ റീജിയനൽ കോർഡിനേറ്റേഴ്സ് കൃഷിയിടങ്ങൾ തയ്യാറാക്കുകയും, ഡോക്യുമെന്റേഷൻ ഓഫീസർ രമ്യയുടെ നേതൃത്വത്തിൽ ഡോക്യുമെന്റുകൾ ക്രമീകരിക്കുകയും ചെയ്തു. 15 ദിവസങ്ങൾകൊണ്ടാണ് ഇൻസ്പെക്ഷൻ പൂർത്തീകരിച്ചത്. അവശേഷിക്കുന്ന കർഷകരുടെ കൃഷിയിടങ്ങളിൽ ഒക്ടോബർ മാസം ഇൻസ്പെക്ഷൻ നടത്തുന്നതിനുവേണ്ട ക്രമീകരണങ്ങൾ ആരംഭിച്ചു.

**വോഫാ**

**സംഭരണം, സംസ്കരണം, വിപണനം**

വോഫെയിലെ കർഷകരിൽ നിന്നും സെപ്റ്റംബർ മാസം കാപ്പി, കുരുമുളക് എന്നിവ - കാപ്പി കിലോയ്ക്ക് 78 രൂപ, കുരുമുളക് കിലോ 730 രൂപ എന്നീ നിരക്കിൽ സംഭരിച്ചു.

സംഭരിച്ച ഉത്പ്പന്നങ്ങൾ സംസ്കരിച്ച് മൂല്യവർദ്ധിത ഉത്പ്പന്നങ്ങളാക്കി വിദേശ രാജ്യങ്ങളിലേക്ക് കയറ്റുമതി ചെയ്യുകയും ആവശ്യാനുസരണം ഇന്ത്യയിലെ വിവിധ കമ്പനികൾക്ക് വിൽപ്പന നടത്തുകയും ചെയ്തു വരുന്നു.

**ചികിത്സാ സഹായം വിതരണം**

വോഫായുടെ വാർഷിക പൊതുയോഗ തീരുമാനമനുസരിച്ച് നിർദ്ധനരായ രോഗികൾക്ക് ചികിത്സാ സഹായം നൽകുന്നതിനായി ലഭ്യമായ അപേക്ഷകളിൽ നിന്നും 103 പേരെ വോഫ എക്സിക്യൂട്ടീവ് കമ്മിറ്റി തിരഞ്ഞെടുക്കുകയും സഹായം ഒക്ടോബർ മാസത്തിൽ തന്നെ വിതരണം ചെയ്യുവാനും തീരുമാനിച്ചു.

ഭവന പുനരുദ്ധാരണ സഹായത്തിനായി വോഫെയ്ക്ക് ലഭ്യമായ അപേക്ഷകളിൽ നിന്നും അർഹരായവരെ കണ്ടെത്തുന്നതിനായി വോഫാ കോർഡിനേറ്റർ ശ്രീ. ബിനീഷ് വണ്ടന്നൂർ, ശ്രീ. ഷാജി ജോസ് എന്നിവർ സന്ദർശനം നടത്തുകയും എത്രയും വേഗത്തിൽ സഹായം നൽകുന്നതിനുള്ള നടപടികൾ ആരംഭിക്കുകയും ചെയ്തു.

**സന്ദർശകർ**

വിവിധ എക്സ്പോർട്ടിംഗ് കമ്പനികളുടെ പ്രതിനിധികൾ ഫാക്ടറിയും കൃഷിയിടങ്ങളും സന്ദർശിച്ചു.

**അഡ്വ. ഫാ. ജോൺ ചൂരപ്പുഴയിൽ**
ചെയർമാൻ, ബയോവിൻ അഗ്രോ റിസർച്ച്

**കമ്മ്യൂണിറ്റി റേഡിയോ മാറ്റൊലി – പാഠ്യ പദ്ധതിയിൽ**

സംസ്ഥാനത്തെ ഹയർസെക്കണ്ടറി ജേർണലിസം പാഠപുസ്തകത്തിൽ 62–ാം പേജിൽ റേഡിയോ മാറ്റൊലി പഠന വിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ കോഴ്സ് പഠനവിഷയമായ വിദ്യാർത്ഥികൾക്ക് മാറ്റൊലി കാണുന്നതിനും സൗജന്യ പരിശീലനം നേടുന്നതിനും സൗകര്യം ഒരുക്കിയിട്ടുണ്ട്.

**മാറ്റൊലി മനുഷ്യാവകാശ പുരസ്കാരം**

മനുഷ്യാവകാശ പ്രവർത്തനങ്ങൾക്ക് ദിശാബോധവും ഗതിവേഗവും പകരാൻ **മാറ്റൊലി മനുഷ്യാവകാശ പുരസ്കാരം** എന്ന പേരിൽ ഒരു പുതിയ മാധ്യമ പുരസ്കാരം ഏർപ്പെടുത്തുന്നു. വയനാട് ജില്ലയിലെ മനുഷ്യാവകാശ പ്രശ്നങ്ങൾ പൊതുജനശ്രദ്ധയിൽ കൊണ്ടുവരുന്ന, മാധ്യമ പ്രവർത്തകരെ അംഗീകരിക്കാനും പ്രോത്സാഹിപ്പിക്കുവാനുമാണ് റേഡിയോ മാറ്റൊലി ഈ പുരസ്കാരം പ്രഖ്യാപിച്ചിരിക്കുന്നത്. റേഡിയോ മാറ്റൊലിയുടെ പ്രഥമ ഡയറക്ടർ ഫാ. തോമസ് ജോസഫ് തേരകമാണ് ഈ അവാർഡിനുള്ള തുക സംഭാവന ചെയ്തിരിക്കുന്നത്. വയനാട് ജില്ലയിലെ വിവിധ മനുഷ്യാവകാശ ധ്വംസനങ്ങളെ ആസ്പദമാക്കി 2015 നവംബർ 1 നും 2016 ഒക്ടോബർ 31 നും ഇടയിൽ പ്രസിദ്ധീകരിച്ച സൃഷ്ടികളാവണം പുരസ്കാരത്തിനായി അയക്കേണ്ടത്. പത്രങ്ങൾ, റേഡിയോ, ടെലിവിഷൻ എന്നിവയിൽ ഏതിലെങ്കിലും പ്രസിദ്ധീകരിയ്ക്കപ്പെട്ടിട്ടുള്ള പരമ്പര, വാർത്താചിത്രം, റിപ്പോർട്ട് എന്നിവയാണ് പരിഗണിയ്ക്കുക. എൻട്രികൾ 2016 നവംബർ 5 നകം റേഡിയോ മാറ്റൊലിയിൽ ലഭിച്ചിരിക്കണം. ഏറ്റവും നല്ല എൻട്രിക്ക് പതിനായിരം (10,000/–) രൂപയും മെമന്റോയും പ്രശസ്തി പത്രവുമാണ് നൽകുക.

**ഗ്രാമമാറ്റൊലി – ഗ്രാമഹൃദയങ്ങളിലൂടെയുള്ള ഒരു സഞ്ചാരം.**

ജില്ലയിലെ വിവിധ ഗ്രാമങ്ങളിൽ ചെന്ന് അവരുടെ സ്വപ്നങ്ങളും പ്രതീക്ഷകളും റെക്കോർഡ് ചെയ്യുകയും റേഡിയോ മാറ്റൊലിയിലൂടെ അനേകായിരം കാതുകളിലേക്ക് എത്തിക്കുകയും ചെയ്യുന്നു. മൊതക്കര

ഗ്രാമത്തിൽ ആദ്യ ഗ്രാമമാറ്റൊലി വെള്ളമുണ്ട പഞ്ചായത്ത് പ്രസിഡന്റ് പി.തങ്കമണി ഉദ്ഘാടനം ചെയ്തു. വയൽനാട്, ക്ഷീരവാണി, ഞങ്ങൾക്കുമുണ്ട് പറയാൻ, പൊൻപുലരി, അടുക്കളവിശേഷം, നാട്ടുവഴികളിടെ ഈണങ്ങൾ, എന്റെ ഇഷ്ടഗാനങ്ങൾ എന്നീ പരിപാടികളാണ് റെക്കോർഡ് ചെയ്യുന്നത്. പരിപാടിയിൽ പങ്കെടുത്തവരിൽ നിന്നും നറുക്കെടുപ്പിലൂടെ ഒരാൾക്ക് റേഡിയോ സെറ്റ് നല്കി. മാറ്റൊലി ശ്രോതാക്കളുടെ പ്രാദേശിക കൂട്ടായ്മയായ മാറ്റൊലിക്കൂട്ടം ഇതോടൊപ്പം ആരംഭിച്ചു.

**Use Me Please ശുചിത്വ ബോധവത്കരണ വീഡിയോ**

സ്വച്ഛ് ഭാരത ക്യാമ്പെയ്ൻെറ ഭാഗമായി റേഡിയോ മാറ്റൊലിയും മാനന്തവാടി രൂപത മീഡിയാ കമ്മീഷനും ചേർന്ന് Use Me Please എന്ന ഹ്രസ്വചിത്രം പുറത്തിറക്കി. മീഡിയ കമ്മീഷൻ ഡയറക്ടർ ഫാ. ജെയ്സ് ബേബി ചെട്ട്യാശ്ശേരി ആണ് ആശയരൂപീകരണം നടത്തി ചിത്രം നിർമ്മിച്ചത്. സോഷ്യൽ മീഡിയകളിലും യൂ ട്യൂബിലും ചിത്രം ലഭ്യമാണ്.

**പാനൽ ചർച്ചകൾ**

വരൾച്ചയെ നേരിടാൻ ജല സംരക്ഷണം എന്ന വിഷയത്തിൽ പാനൽ ചർച്ച സംഘടിപ്പിച്ചു. കാലവർഷം കുറഞ്ഞസാഹചര്യത്തിൽ വരൾച്ച പ്രതിരോധിക്കുന്നതിന് തോടുകളിലേയും പുഴകളിലേയും വെള്ളം പരമാവധി സംരക്ഷിക്കണമെന്ന് ചർച്ച അഭിപ്രായപ്പെട്ടു. ജില്ലാ മണ്ണു സംരക്ഷണ ഓഫീസർ പി.യു. ദാസ്, നടവയൽ എച്ച്.എസ്. എസിലെ മുൻ പ്രിൻസിപ്പൽ എം.എം.ടോമി, പരിസ്ഥിതി പ്രവർത്തകനായ സുധീഷ് കരിങ്ങാരി എന്നിവർ ചർച്ചയിൽ പങ്കെടുത്തു. കണിയാരം ടി.ടി.ഐ.യിലെ മുൻ അധ്യാപകൻ പി.സി.മാത്യു മോഡറേറ്ററായിരുന്നു.

ആദിവാസി ക്ഷേമത്തിനായി വിവിധ സംഘടനകൾ നടത്തുന്ന പ്രവർത്തനങ്ങളെകുറിച്ച് പാനൽ ചർച്ച നടത്തി. ഏച്ചോം തുടി ഡയറക്ടർ ഫാ.ബേബി ചാലിൽ എസ്. ജെ, നീതിവേദി ഡയറക്ടർ അഡ്വ.ഫാ.സ്റ്റീഫൻ മാത്യു, വാടി കോ ഓർഡിനേറ്റർ ഷാജുമോൻ എം.ആർ എന്നിവർ ചർച്ചയിൽ പങ്കെടുത്തു. റിട്ടയർഡ് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ ഇ.ജി. ജോസഫ് മോഡറേറ്ററായിരുന്നു.

**സന്ദർശനങ്ങൾ**

കമ്മ്യൂണിറ്റി ബ്രോഡ്കാസ്റ്റിംഗ് അസോസിയേഷൻ ഓഫ് ഓസ്ട്രേലിയ (CBAA)എന്ന റേഡിയോ സംഘടനയുടെ ദേശീയ ഡയറക്ടർ ജോൺ ബിസ്സെറ്റുമായി സ്റ്റേഷൻ ഡയറക്ടർ സിഡ്നിയിൽ

കൂടികാഴ്ച നടത്തുകയും റേഡിയോ മാറ്റൊലിയുടെ കർമ്മപദ്ധതികൾ അവതരിപ്പിച്ച് ചർച്ച നടത്തുകയും ചെയ്തു.

അടൂർ ശ്രീനാരായണ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, കൊല്ലം യൂനസ് കോളേജ് ഓഫ് എൻജിനീയറിംഗ് & ടെക്നോളജി, വാഴപ്പള്ളി സെന്റ് തെരേസാസ് TTI, കേരള യൂണിവേഴ്സിറ്റി, തൃശ്ശൂർ ചേതന കോളേജ് ഓഫ് മീഡിയ & പെർഫോമിംഗ് ആർട്സ് എന്നിവിടങ്ങളിലെ വിദ്യാർത്ഥികൾ പഠനത്തിന്റെ ഭാഗമായി റേഡിയോ മാറ്റൊലി സന്ദർശിച്ചു.

തൃശ്ശൂർ ചേതന കോളേജ് ഓഫ് മീഡിയ & പെർഫോമിംഗ് ആർട്സ് ഡയറക്ടർ ഫാ.ബെന്നി, നീർമാതളം ബുക്സ് ഉടമ ശ്രീ. അനിൽ കുറ്റിച്ചിറ, സ്വാമി തന്മയ എന്നിവർ റേഡിയോ മാറ്റൊലി സന്ദർശിച്ചു.

ആഫ്രിക്കയിലെ ഘാനയിൽ നിന്നും ശ്രീ. ഐസക്കും സിക്കിമിൽ നിന്നും ശ്രീ. പ്രകാശ് റായും സാമൂഹ്യപ്രവർത്തന പരിശീലനത്തിന്റെ ഭാഗമായി റേഡിയോ മാറ്റൊലി സന്ദർശിച്ചു.

കേരള പബ്ലിക് എക്സ്പെൻഡിചർ റവന്യൂ ചെയർപേഴ്സൺ ശ്രീമതി മേരി ജോർജ്ജ് മാറ്റൊലി സന്ദർശിക്കുകയും ജില്ലയുടെ സാമ്പത്തിക മേഖലയെ കുറിച്ചുള്ള വീക്ഷണങ്ങൾ റേഡിയോ മാറ്റൊലിയിലൂടെ പങ്കുവെയ്ക്കുകയും ചെയ്തു.

**ഫാ. മനോജ് കാക്കോനാൽ**
അസി. ഡയറക്ടർ

## MARY MATHA ARTS & SCIENCE COLLEGE

The College reopened after Onam vacation on 20 September 2016. The Academic Excellence Day was observed on 29 September 2016 in which Mar Jose Porunnedom, our Patron and the Bishop of the Diocese of Mananthavady addressed the college community and sought God's benediction. Ms Nimmy Francis of BA English, who was adjudged the Best Outgoing student of 2016, and Dr Selven S, Assistant Professor at Mar Athanasius College Kothamangalam and an illustrious old student of ours, were honoured on the occasion along with many others who achieved excellence in academic and allied activities. Some of the students won prizes in various competitions held at state and university levels. The achievement of the Quiz Team comprising Arun MS and Anusha Tom that won the second prize in the state level competition conducted by the Forest Department is worth mentioning. The college union elections were held on 7 October 2016.

**Dr. Savio James V**
Principal

**സെഡോം അക്കാദമിക്ക് കൗൺസിൽ**

സെഡോം അക്കാദമിക്ക് കൗൺസിൽ അംഗങ്ങളുടെ മീറ്റിംഗ് ഒക്ടോബർ 15 ശനിയാഴ്ച്ച രാവിലെ കോർപ്പറേറ്റ് ഓഫീസിൽവച്ച് നടത്തപ്പെട്ടു. കോർപ്പറേറ്റ് മാനേജരുടെ നേതൃത്വത്തിൽ നടത്തിയ മീറ്റിംഗിൽ, ഹൈസ്ക്കൂൾ പ്രധാനദ്ധ്യാപകരും കൗൺസിൽ അംഗ ങ്ങളും കൂടി 30 ഓളം പേർ പങ്കെടുക്കുകയും വിദ്യാർത്ഥികളുടെ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ കാര്യങ്ങൾ ചർച്ച ചെയ്യു കയും ചെയ്തു. കുടാതെ എല്ലാ മാസവും നടന്നുവരുന്ന യൂണിറ്റ് ടെസ്റ്റുകൾക്കുള്ള ചോദ്യപേപ്പറുകൾ തയ്യാറാക്കുകയും കൂടുതൽ ഊർജ്ജിതവും ഉപകാരപ്രദവുമായ രീതിയിൽ പരീക്ഷകൾ നടത്തുന്നതിനാവശ്യമായ ക്രമീകരണങ്ങൾ സജ്ജമാക്കുകയും ചെയ്തു.

**ദേശജ്യോതി – 2016**

മാനന്തവാടി രൂപത കോർപ്പറേറ്റ് ടീച്ചേഴ്സ് ഗിൽഡിന്റെ ആഭിമു ഖ്യത്തിൽ ദേശജ്യോതി –2016 എന്ന പേരിൽ ക്വിസ് മൽസരം നടത്തി. സ്ക്കൂൾതല മൽസരം ഒക്ടോബർ 4 ചൊവ്വാഴ്ച്ചയും, സോണൽ മൽസരം ഒക്ടോബർ 15 ശനിയാഴ്ച്ചയും, മെഗാഫൈനൽ ക്വിസ് മൽസരം നവംമ്പർ 3 വ്യാഴാഴ്ച്ച ദ്വാരക പാസ്റ്ററൽ സെന്ററിലും വച്ച് നട ത്തപ്പെട്ടു. വിജയികൾക്ക് സെഡോം ഫാമിലിയുടെ അനുമോദനങ്ങൾ.

**അഭിനന്ദനങ്ങൾ**

അനേകം ദീപങ്ങൾ തെളിക്കാൻ കത്തിച്ച് വച്ച മെഴുകുതിരി പോലെ ഒരു ജനതതിയെ മുഴുവനും സ്വപ്നങ്ങൾ കാണാൻ പ്രേരിപ്പിച്ചുകൊണ്ട് അറിവിന്റെ വിശാലമായ ലോകം അവർക്കായി തുറന്ന് വച്ച്, വ്യക്തിത്വങ്ങളെ രൂപപ്പെടുത്തി, ലോകത്തിന്റെ വെളിച്ചമാകാൻ തക്കവിധത്തിൽ അവരെ വളർത്തി... ചരിത്രത്തിന്റെ ഏടുകൾ തിരിക്കുമ്പോൾ അഭിമാനത്തിന്റെയും സംതൃപ്തിയുടെയും 75–ാം വാർഷികം ആഘോഷിക്കുന്ന സെന്റ് കാതറിൻസ് എച്ച്.എ സ്.എസ്. പയ്യംമ്പള്ളി സ്ക്കൂളിനും, 60–ാം വാർഷികം ആഘോഷി ക്കുന്ന നടവയൽ സെന്റ് തോമസ് ഹൈസ്ക്കൂളിനും സെഡോം ഫാമിലിയുടെ അഭിനന്ദനങ്ങൾ.

**സ്കൂളുകളുടെ പ്രവർത്തന റിപ്പോർട്ട്**

**അസംപ്ഷൻ യു.പി,സ്കൂൾ സു.ബത്തേരി**

**SEEP-** ഇംഗ്ലീഷ് ഭാഷ ഉപയോഗി ക്കുന്നതിൽ കുട്ടികൾക്ക് ആത്മ വിശ്വാസം വളർത്തുക എന്ന ലക്ഷ്യത്തോടെ Student English Empowerment programme എന്ന പേരിൽ ഇംഗ്ലീഷ് പഠന പദ്ധതി ആരംഭിച്ചു. എല്ലാ ബുധനാഴ്ച്ചയും ഇംഗ്ലീഷ് ഡേ – ICT ബാങ്ക് ഫോർ ടീച്ചേഴ്സ്, ഈസി ഇംഗ്ലീഷ് എന്നിവയും നടത്തുന്നു.

**ഉണർവ്** – അദ്ധ്യാപകർക്കായി ഒക്ടോബർ 15 ശനിയാഴ്ച്ച ഉണർവ് ഏകദിന പരിശീലന പരിപാടി സംഘടിപ്പിച്ചു. കയ്യൂന്നി ഹയർസെക്കണ്ടറി സ്ക്കൂൾ വൈസ് പ്രിൻസിപ്പാൾ റവ. ഫാ. നോബിൾ പരിശീലനത്തിന് നേതൃത്വം നൽകി.

**കാരുണ്യ പൂർവ്വം–** ഓണത്തോടനുബന്ധിച്ച് കാരുണ്യപൂർവ്വം പദ്ധതി നടത്തി കുട്ടികളും, അദ്ധ്യാപകരും ചേർന്ന് ശേഖരിച്ച 34000 രൂപ ഉപയോഗിച്ച് 35 കുട്ടികൾക്ക് ഓണക്കോടിയും 10 കുടുംബത്തിന് ഓണക്കിറ്റും കട്ടയാട് അങ്കൺവാടി കുട്ടികൾക്ക് ഓണസമ്മാനവും നൽകി.

**പൊതിച്ചോർ–** എല്ലാ വെള്ളിയാഴ്ച്ചയും ബത്തേരി തപോവന ത്തിലെ 35 അന്തേവാസികൾക്ക് ഉച്ചഭക്ഷണം നൽകുന്നു.

**കാർഷിക പ്രദർശനം–** കാർഷിക ദിനത്തോടനുബന്ധിച്ച് കാർഷിക പ്രദർശനം, കാർഷിക സെമിനാർ, കർഷകനെ ആദരിക്കൽ, കുട്ടികർഷകനെ കണ്ടെത്തൽ എന്നീ പരിപാടികൾ നടത്തി.

**സീബ്രലൈൻ–** സ്ക്കൂളിന് മുൻവശം ദേശീയപാതയിൽ പി.റ്റി.എ യുടെ നേതൃത്വത്തിൽ സീബ്രലൈൻ വരച്ചു.

**ഫാ. ജോൺ പൊൻപാറയ്ക്കൽ**

കോർപ്പറേറ്റ് മാനേജർ

## രൂപതാ-ഫൊറോന കമ്മിറ്റികൾ നിലവിൽ വന്നു

ഡി.എഫ്.സി. മാനന്തവാടി രൂപതയിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടക്കുന്നു. രൂപതയിലെ വിവിധ ഫൊറോനകളിൽ കോ-ഓർഡിനേറ്റർ ഫാ. സുനിൽ വട്ടുകുന്നേലിന്റെ നേതൃത്വത്തിൽ രൂപതാ, ഫൊറോന സമിതി അംഗങ്ങളും ദീപികാസ്റ്റാഫും ചേർന്ന് ഇടവകകൾ സന്ദർശിച്ച് ഡി.എഫ്.സി. യൂണിറ്റുകൾ രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടത്തിവരുന്നു. പ്രസ്തുത പ്രവർത്തനങ്ങൾക്ക് വികാരിയച്ചന്മാർ നൽകിവരുന്ന എല്ലാവിധ സഹകരണങ്ങളേയും നന്ദിയോടെ ഓർക്കുന്നു.

### ഫൊറോനാസമിതികൾ

രൂപതയിലെ പത്ത് ഫൊറോനകളിൽ ഫൊറോന സമിതികൾ രൂപീകരിച്ചു. ഇടവകാതലത്തിൽ ദീപികയുടെ സർക്കുലേഷൻ വർദ്ധിപ്പിക്കുന്നതിനായി പ്രവർത്തനങ്ങൾ പ്ലാൻ ചെയ്ത് നടപ്പിലാക്കിവരുന്നു. കൊളവയൽ, മൂലങ്കാവ്, ചിത്രഗിരി, മഞ്ഞൂറ, മക്കിയാട് ഇടവകകളിലായി 250 ഓളം പുതിയവരിക്കാരെ കണ്ടെത്തി പത്രവിതരണം നടത്തുന്നു.

### ഫൊറോനാ ഭാരവാഹികൾ

1. ഫൊറോന : മാനന്തവാടി, പ്രസിഡണ്ട്: ഫ്രാൻസീസ് പള്ളിക്കമ്യാലിൽ, വൈസ്പ്രസിഡണ്ട്: റോയി മുണ്ടാടൻ, സെക്രട്ടറി: തോമസ് പാരിയത്ത്, ജോയന്റ് സെക്രട്ടറി: മനോജ് പാത്താനിക്കുഴിയിൽ, ട്രഷറർ: ബെന്നി മഴുവഞ്ചേരിൽ

2. ഫൊറോന: കല്ലോടി, പ്രസിഡണ്ട്: വിൻസെന്റ് മോളത്ത്, വൈസ് പ്രസിഡണ്ട്: സണ്ണി പുതുപ്പള്ളി, സെക്രട്ടറി: ഷാബു ചക്കാലക്കുടി, ജോയന്റ് സെക്രട്ടറി: ജോയി മനേക്കൽ, ട്രഷറർ: റോണി കാരക്കമ്മൽ

3. ഫൊറോന : പയ്യമ്പിള്ളി, പ്രസിഡണ്ട്: ബെന്നി പുതറയിൽ, വൈസ് പ്രസിഡണ്ട്: ഷിബു കരിമ്പനാക്കുഴി, സെക്രട്ടറി: സുജിത്ത് ചെവരനാക്കുഴി, ജോയന്റ് സെക്രട്ടറി: ഷാജി കണിയാടിക്കൽ, ട്രഷറർ: ജോയിസ് പുരുപറമ്പിൽ.

4. ഫൊറോന : നടവയൽ, പ്രസിഡണ്ട്: പീറ്റർ ഞരളക്കാട്ട്, വൈസ് പ്രസിഡണ്ട്: ഷാജു കൂവക്കാട്ടിൽ, സെക്രട്ടറി: സജി ജോർജ് പൂവാറ്റിൻചിറ, ജോയന്റ് സെക്രട്ടറി: ഷെറിൻ കുറിച്ച്യാത്ത്, ട്രഷറർ: ജെയിംസ് കളർതൊട്ടിയിൽ

5. ഫൊറോന : ബത്തേരി, പ്രസിഡണ്ട്: അഗസ്റ്റിൻ കൊടിയംകുന്നേൽ, വൈസ് പ്രസിഡണ്ട്: തോമസ് പട്ടമന, സെക്രട്ടറി: സാം അഗസ്റ്റിൻ കാട്ടുവിള, ജോയന്റ് സെക്രട്ടറി: ജോസ് കെ.എം. കാരക്കുന്നേൽ, ട്രഷറർ: സിബിച്ചൻ കരിക്കേടം

6. ഫൊറോന : മുള്ളൻകൊല്ലി, പ്രസിഡണ്ട്: ജിജോ മറ്റംപറമ്പിൽ, വൈസ് പ്രസിഡണ്ട്: തങ്കച്ചൻ പുത്തൻതറ, സെക്രട്ടറി: ഷാജി കടുവാപ്പാറയിൽ, ജോയന്റ് സെക്രട്ടറി: ബിജു മണ്ടപത്തിൽ , ട്രഷറർ: സജി നമ്പുടാകത്ത്

7. ഫൊറോന : കൽപ്പറ്റ, പ്രസിഡണ്ട്: പ്രിൻസ് വടക്കേഓലക്കൽ, വൈസ് പ്രസിഡണ്ട്: കാതറിൻ വലിയപറമ്പിൽ, സെക്രട്ടറി: ഷാജി അഴകനാൽ, ജോയന്റ് സെക്രട്ടറി: ജോസഫ് അറയ്ക്കൽ, ട്രഷറർ: റോയി മഠംപറമ്പിൽ

8. ഫൊറോന : തരിയോട്, പ്രസിഡണ്ട്: സണ്ണി ജോർജ് മുത്തങ്ങാപറമ്പിൽ, വൈസ് പ്രസിഡണ്ട്: ജോസ് റ്റി.പി. തൊട്ടിയിൽ, സെക്രട്ടറി: ജോസ് ജെ മലയിൽ, ജോയന്റ് സെക്രട്ടറി: അന്നമ്മ കാവാലം, ട്രഷറർ: ഷിന്റോ നാമറ്റത്തിൽ

9. ഫൊറോന : മണിമൂളി, പ്രസിഡണ്ട്: അലക്സാണ്ടർ കൂടക്കാട്ട്, വൈസ് പ്രസിഡണ്ട്: ജൂഡി തോമസ് കാട്ടാംകോട്ടിൽ, സെക്രട്ടറി: ആന്റണി ഈട്ടാഞ്ചേരി, ജോയന്റ് സെക്രട്ടറി: മേരി ജോസഫ് പുതിയകുളങ്ങര, ട്രഷറർ: ജെബി മനാടൻ

10. ഫൊറോന : നിലമ്പൂർ, പ്രസിഡണ്ട്: ജോയി ചെട്ടിമാട്ടേൽ, വൈസ് പ്രസിഡണ്ട്: വർഗീസ് കോക്കാട്ട്, സെക്രട്ടറി: സെബാസ്റ്റ്യൻ ഇഞ്ചനാൽ, ജോയന്റ് സെക്രട്ടറി: ഷാന്റി തോമസ് പുരയിടത്തിൽ, ട്രഷറർ: ഷാന്റോ കരോട്ടുചക്കുങ്കൽ

**രൂപതാ ക്യാമ്പ്**

ഡി.എഫ്.സി. ഭാരവാഹികൾക്കായി രൂപതാതല ക്യാമ്പ് നടത്തുവാൻ തീരുമാനിച്ചു. 2016 നവംബർ 25, 26 തീയതികളിലായി രണ്ടുദിവസത്തെ ക്യാമ്പാണ് നടക്കുക. പ്രസ്തുത ക്യാമ്പിൽ ഇടവക, മേഖല, രൂപതാ സമിതികളിലെ അംഗങ്ങളാണ് പങ്കെടുക്കേണ്ടത്. അഭിവന്ദ്യ ജോസ് പൊരുന്നേടം പിതാവ് ക്യാമ്പ് ഉദ്ഘാടനം ചെയ്യുന്നതാണ്.

**ചുമതലകൾ**

ഫൊറോനകളിലെ ഡി.എഫ്.സി. യുടെ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി രൂപതാ സമിതി അംഗങ്ങൾക്ക് ഫൊറോനകളുടെ ചുമതലകൾ വിഭജിച്ച് നൽകി. അലക്സാണ്ടർ കൂടക്കാട്ട് - മണിമൂളി, നിലമ്പൂർ ഫൊറോന. ഫ്രാൻസീസ് പള്ളിക്കമാലിൽ - മാനന്തവാടി, കല്ലോടി ഫൊറോന. സജി പൂവാറ്റിൻചിറ-നടവയൽ, മുള്ളൻകൊല്ലി ഫൊറോന, കാതറിൻ വലിയപറമ്പിൽ-കൽപ്പറ്റ, തരിയോട് ഫൊറോന. ബെന്നി പൂത്തറയിൽ - പയ്യമ്പിള്ളി, ബത്തേരി ഫൊറോന.

**സാമൂഹ്യസേവനം**

മണിമൂളി ഫൊറോനയിലെ അഞ്ച് ഇടവകകളിൽ കിഡ്നി ഫെഡറേഷന്റെ സഹകരണത്തോടെ കിഡ്നി രോഗനിർണ്ണയ ക്യാമ്പ് നടത്തി. ആയിരത്തോളം ആളുകൾ പങ്കെടുത്ത ക്യാമ്പ് വൻ വിജയമായിരുന്നു. കർഷക സെമിനാറുകൾ, ഗവൺമെന്റിൻ നിന്ന് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്നിവയെക്കുറിച്ച് ബോധവത്ക്കരണ ക്ലാസ് എന്നിവ നടത്തുവാൻ കഴിഞ്ഞു. തൊഴിലന്വേഷകരായ യുവജനങ്ങൾക്കായി പി.എസ്.സി. കോച്ചിംഗ് ക്ലാസ് നടത്തുന്നു.

**സംസ്ഥാന സമിതി യോഗം**

സെപ്റ്റംബർ 28 ന് കോട്ടയത്ത് ദീപികയുടെ ഓഫീസിൽ ചേർന്ന സംസ്ഥാന സമിതിയോഗത്തിൽ നമ്മുടെ രൂപതയെ പ്രതിനിധീകരിച്ച് പ്രസിഡണ്ട് അലക്സാണ്ടർ കടൈക്കാട്ട്, സെക്രട്ടറി ഫ്രാൻസീസ് പള്ളിക്കമ്യാലിൽ എന്നിവർ പങ്കെടുത്തു. പ്രസ്തുതയോഗത്തിൽ വിവിധ രൂപതകളിലെ ഡി.എഫ്.സി. പ്രവർത്തനങ്ങളുടെ റിപ്പോർട്ടിംഗ് നടന്നു. ഡി.എഫ്.സി, മാധ്യമ ജാഗ്രതാ സമിതിയായി പ്രവർത്തിക്കേണ്ടതിന്റെ ആവശ്യകത മാനേജിംഗ് ഡയറക്ടർ മോൺ. മാണി പുതിയിടം എടുത്തുപറഞ്ഞു.

2016 ഒക്ടോബ് 11 ന് മേജർ ആർച്ചുബിഷപ്പ് ജോർജ് ആലഞ്ചേരി പിതാവുമായി ഡി.എഫ്.സി. രൂപതാ, സംസ്ഥാന ഭാരവാഹികൾ

കൂടിക്കാഴ്ച നടത്തി. നമ്മുടെ രൂപതയെ പ്രതിനിധീകരിച്ച് പ്രസ്തുത യോഗത്തിൽ ഫ്രാൻസീസ് പള്ളിക്കമ്യാലിൽ പങ്കെടുത്തു. ഡി.എഫ്. സി. യുടെ പ്രവർത്തനങ്ങൾക്ക് പിതാവ് പൂർണ്ണപിന്തുണ വാഗ്ദാനം ചെയ്തു.

**ചുങ്കക്കുന്ന് ഫൊറോന കൺവെൻഷൻ**

ഡി.എഫ്.സി. ചുങ്കക്കുന്ന് ഫൊറോന കൺവെൻഷൻ നവംബർ 6 ന് ഉച്ചകഴിഞ്ഞ് 3 മണിക്ക് ചുങ്കക്കുന്ന് ഫാത്തിമമാതാ ഫൊറോനാ പാരീഷ്ഹാളിൽ നടക്കും. ഫൊറോനയിലെ എല്ലാ ഇടവകകളിൽ നിന്നും ഡി.എഫ്.സി.യുടെ തെരഞ്ഞെടുക്കപ്പെട്ട ഭാരവാഹികളും എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളും കൺവെൻഷനിൽ പങ്കെടുക്കണമെന്ന് ഫൊറോന വികാരി ഫാ. തോമസ് മണക്കുന്നേലും ഫൊറോന ഡയറക്ടർ ഫാ. സണ്ണി കൊല്ലാർതോട്ടവും അറിയിച്ചു.

**ഫ്രാൻസീസ് പള്ളിക്കമ്യാലിൽ**
സെക്രട്ടറി

## അറിയിപ്പുകൾ

**SEMINARS AND COURSES AT NBCLC - 2017**

| No. | Date | COURSES AND EVENTS | TARGET GROUP |
|---|---|---|---|
| | Jan 01 (Sun) | **Hearty Welcome to 2017**<br>Look up hopefully, go forward prayerfully<br>The year ahead promises to be: Yours Truly. | |
| 01 | Jan 10-16 (Tue-Mon) | **Lay Leaders' Seminar**<br>Blessed with a noble vocation and mission<br>Learn, live and lead with true vision. | Laity Tamil |
| 02 | Jan 21-22 (Sat - Sun) | **Inter-faith Meeting**<br>The one and only true God we all adore<br>What if His name and form is one or more? | Open to all |
| 03 | Jan 26-28 (Thu-Sat) | **Ecumenical Theologians' Seminar**<br>One Lord and Saviour, one faith, one Book<br>United we live, with no divisions to brook. | Theolo- gians |
| 04 | Feb 05 (Sun) | **NBCLC Day. We Celebrate with Friends - Far and Near**<br>Fifty years of growth and grace<br>We remember God with thanks and praise. | |
| 05 | Feb 14 - 16 (Tue-Thu) | **Meeting of Sui Iuris Regional / Pastoral Centre Directors**<br>Pastoral care, a vital duty of all the Churches<br>NBCLC plays an important role in the process. | Delegates of Regions and Dioceses |
| 06 | Feb 17-19 (Fri-Sun) | **Seminar for Priests on Spirituality**<br>In the strength of God, on we march<br>That the light of Christ may shine forth. | Diocesan Priests |
| 07 | Feb 25 -26 (Sat - Sun) | **Week-end Seminar for Couples**<br>God in his providence put them together<br>May no power on earth keep them asunder. | Married people |
| 08 | Mar 01 (Wed) | **Ash Wednesday - A Prayerful Preparation for Lent**<br>We begin forty days of prayer-penitence | Open to all |

| | | | |
|---|---|---|---|
| | | journey And accompany the Lord of love to Calvary. | |
| 09 | Mar 04-05 (Sat-Sun) | **Week-end Seminar for Couples**<br>God in his providence put them together<br>May no power on earth keep them asunder. | Married people |
| 10 | Mar 06-12 (Mon-Sun) | **Atma Purna Anubhava (Retreat)**<br>In the cave of our hearts our God resides<br>We will find him in prayer and silence. | Open to all |
| 11 | Mar 18-19 (Sat - Sun) | **Sacred Triduum. Prayer and Reflection on Holy Thursday, Good Friday**<br>Days to remember our compassionate Lord in pain<br>As He hangs upon the cross, our soul to gain. | Open to all |
| 12 | Mar 25-26 (Sat-Sun) | **Prayerful Days of Easter Glory and Paschal Mystery**<br>Our Lord rises as a Victor Crowned<br>No power can keep Him in earthly bond. | Open to all |
| 13 | Apr 01-07 (Sat-Fri) | **Lay Leaders' Seminar**<br>Blessed with a noble vocation and mission<br>Learn, live and lead with true vision. | Laity Malayalam |
| 14 | Apr 03-08 (Mon-Sat) | **Seminar on Various Prayer Methods**<br>Whether failures frown or success smiles<br>Let's be on our knees before the throne of grace. | Open to all |
| 15 | April | **Conclusion of Golden Jubilee Celebration**<br>NBCLC recalls countless blessings of yore<br>The ecstasies and aches of years bygone<br>The glorious 50 years of God's guidance and care<br>As she marches towards beckoning Diamond Years. | |
| 16 | May 01-13 (Mon-Sat) | **Two Week Course for Young Religious**<br>The world is in need of daring fools of sanctity<br>With passion for Christ and compassion for humility. | Junior Religious |
| 17 | May 09-15 (Tue-Mon) | **Lay Leaders' Seminar**<br>Blessed with a noble vocation and mission<br>Learn, live and lead with true vision. | Laity Tamil |

| | | | |
|---|---|---|---|
| 18 | May 18-26<br>(Thu-Fri) | **Catechizing - a Ministry and a Vocation**<br>Let us love our faith and live it to the full<br>And help everyone to know our God well. | Open to all |
| 19 | Jul 08-09<br>Sat-Sun | **Research Seminar: "Religious Fanaticism vis-a-vis Religious Freedom**<br>Secularism, democracy, pluralism our nation's strength<br>Religious freedom, a citizen's inalienable right by birth | Delegates |
| 20 | Jul 13-19<br>(Thu-Wed) | **Seminar on Midlife Transition Issues**<br>Midlife, the beginning of decline? Planning to rest?<br>Oh, No! It's a time to reach for the highest and the best | Open to all |
| 21 | Jul 21-28<br>(Fri-Fri) | **Seminar for Formators/ Religious Animators (Batch I)**<br>A leader is great not because of her/his power<br>But for her/ his ability to others empower. | Religious Superiors and Formators |
| 22 | Jul 31-Aug 07<br>(Mon-Mon) | **Counselling Skills for Formators / Animators**<br>Set your goals high, help others to set theirs right<br>Be on the growth path, switch gear fast and straight | Religious Superiors and Formators |
| 23 | Aug 09-16<br>(Wed-Wed) | **Seminar for Formators/Religious Animators (Batch II)**<br>A leader is great not because of her/his power<br>But for her/ his ability to others empower | Religious Superiors and Formators |
| 24 | Aug 21- 25<br>(Mon-Fri) | **Course for Nurses**<br>Nurses dispense care and cure, comfort and compassion<br>Angels with stethoscope, their love need no prescription | Nurses |
| 25 | Aug 28-Sep23<br>(Mon-Sat) | **Four Week Intensive Course on Bible**<br>Within the covers of the holy Bible<br>Are witnesses to God's care from the cradle | Open to all |
| 26 | Sep 27- Oct 01<br>(Wed-Sun) | **Lay Leaders' Seminar**<br>Blessed with a noble vocation and mission<br>Learn, live and lead with true vision | Laity Kannada |

| | | | |
|---|---|---|---|
| 27 | Oct 05-11<br>(Thu-Wed) | Retreat-cum-Seminar on Eco-Spirituality<br>God is engaged with the cosmos and the earth<br>Eco-spirituality binds the earth with our faith. | Open to all |
| 28 | Oct 16-24<br>(Mon-Tue) | **Lay Leaders' Seminar**<br>Blessed with a noble vocation and mission<br>Learn, live and lead with true vision | Laity<br>Marathi |
| 29 | Oct 27-29<br>(Fri-Sun) | **Social Media and the Youth**<br>Young, talented, they have wings to fly<br>Need to be helped to soar higher into the sky. | Youth and youth animators |
| 30 | Nov 07-10<br>(Tue- Fri) | **Homiletical Skills - From Biblical Study to Biblical Spirituality**<br>An inspiring homily delivered rightly<br>Helps the faithful to live faithfully. | Priests |
| 31 | Nov 12- 15<br>(Sun-Wed) | **Workshop on Women Empowerment in Family, Church and Society**<br>God created us in his own image: male and female<br>None inferior or superior, for His own breath we inhale. | Open to all |
| 32 | Nov 19-26<br>(Sun-Sun) | **Indian Contemplative Retreat**<br>To be effectively present to the Ever Present One<br>Prayer and contemplation, a need for everyone. | Open to all |
| 33 | Dec 04-09<br>(Mon-Sat) | **Inter-novitiate Programme**<br>With discussions, questions, clarifications, sharing<br>Together we grow aspiring, inspiring, caring. | Novices |
| 34 | Dec 11 - 13<br>(Mon-Wed) | **Seminar on Arts and Media**<br>Music and dance, arts and crafts, e-mail and mob<br>To spread the Word, use all these to do God's job. | Open to all |

**NBCLC**

The National Biblical, Catechetical and Liturgical Centre (NBCLC) is a National Centre of the Catholic Bishops' Conference of India (CBCI). It was founded in the year 1967, after the Second Vatican Council to promote the renewal of the Church in an Indian context. It seeks to serve the three Ritual Churches in the country.

**REGISTRATION**

Applicants may reserve their places by sending a demand draft in favour of "Director NBCLC" or M.O. for Rs. 200/- (for courses of 7 days duration) and Rs. 300/- (for courses above 7 days) as Registration Fee (non-refundable). Course fees may be paid on arrival.

Applications addressed to

The Director
NBCLC, Post Bag 8426, Hutchins Road 2nd Cross
Bangalore - 560 084, INDIA
Tel: 080-25472369; Fax: 080-25460194
e-mail: dirnbclc@yahoo.com / seminar@nbclcindia.in
For further details: web: www.nbclcindia.org

**For details of our programme, activities, feedback and online registration kindly visit www.nbclcindia.org (revised website).**

**SCHOLARSHIP**

**Priests & Religious**

Scholarship will be granted to Priests and Religious by the Central Pool of Funds (CPF). It will be offered to those who are in on-going formation or in the pastoral ministry. For further details please contact:

Secretary General
CPF Office, CBCI Centre
1 Ashok Place, Goledakkhana
New Delhi - 110 001.

**Irrespective of the application for scholarship, the participants are expected to make an advance payment of fees to the National Centre.**

**Lay Persons**

For Lay people, NBCLC will offer partial scholarship. They should register themselves by an advance payment of a Registration Fee of Rs. 300/- (non-refundable).

**Fr. Sagaya John**
Director, NBCLC

# Pastoral Centre Programme



**November 2016**

| | |
|---|---|
| 3 | Corporate Quiz Programme |
| 5 | Zion |
| 9 | Marian Singles |
| 10 | SMMA -Joint Executive |
| 11 | KCYM Syndicate |
| 13-17 | Zion Retreat |
| 15 | Department of Youth Ministry Meeting |
| 18-21 | Marriage Preparation Course |
| 25-26 | DFC Camp |

**Fr. Mathew Periappuram**
Director, Pastoral Centre



# *Bishop's Programme*

***November 2016***

| | | |
|---|---|---|
| *1* | *Tue 4 Fri ...........* | *Out of Station* |
| *5* | *Sat ....................* | *Adikolly: Blessing of the newly constructed church* |
| *6* | *Sun ..................* | *Minor Seminary: Benefactors' Day* |
| *7* | *Mon .................* | *Birikulam* |
| *8* | *Tue Morning......* | *Deacons' & Parents' Meet* |
| | *Evening ......* | *Norbert House* |
| *9* | *Wed .................* | *Visitors' day* |
| *10* | *Thu 11 Fri .........* | *Out of station* |
| *12* | *Sat Afternoon....* | *Dwaraka: Catechism Teachers' Meeting* |
| | *Evening ......* | *Kaniyaram: CML State Competition* |
| *13* | *Sun ..................* | *Dwaraka: Sunday School Teachers' Convention* |
| *14* | *Mon ...............* | *Visitors' Day* |
| *15* | *Tue .................* | *Joint Meeting of Consultors, Forane Vicars and Directors* |
| *16* | *Wed .................* | *Vestition of FCC Novices* |
| *17* | *Thu ................* | *Bishop's House: Jubilee of Priests* |
| *18* | *Fri 19 Sat ........* | *Out of Station* |
| *20* | *Sun Morning ...* | *Valavayal: Holy Communion* |
| | *Afternoon ...* | *Kelakam: Convention* |

| | | |
|---|---|---|
| *21* | *Mon ................* | *MMC Home Day* |
| *22* | *Tue Morning.....* | *SKD Generalate- 60th Anniversary of the Priestly Ordination of Mar Jacob Thoomkuzhy* |
| | *Afternoon.....* | *Meeting with Jesus Youth Team* |
| *23* | *Wed .................* | *Manimooly* |
| *24* | *Thu Morning ...* | *Nilambur: Blessing of new school building* |
| | *Afternoon .........* | *Thalanji: Jubilee of Carmelgiri School* |
| *26* | *Sat ...................* | *DFC Convention* |
| *27* | *Sun ..................* | *Rippon: Holy Mass* |
| *28* | *Mon .................* | *Parathottam: Blessing of the newly constructed church* |
| *29* | *Tue ................* | *Out of Station* |
| *30* | *Wed ..................* | *Engaged* |

***December 2016***

| | | |
|---|---|---|
| *2* | *Fri ...................* | *Out of Station* |
| *3* | *Sat ...................* | *Payyampally: Grotto blessing* |
| *4* | *Sun ..................* | *Thalanji: blessing of renovated Madbaha* |
| *5* | *Mon 9 Fri .........* | *Eranakulam: K C B C* |
| *10* | *Sat ...................* | *Kayyunni* |
| *11* | *Sun ..................* | *Charity: Pastoral Visit* |
| *12* | *Mon 13 Tue ......* | *Engaged* |
| *14* | *Wed ...................* | *Meeting with CMC Novices* |
| *16* | *Fri ....................* | *Out of Station* |
| *17* | *Sat ....................* | *Engaged* |
| *18* | *Sun Morning ....* | *Vadakkanad: Pastoral Visit* |
| | *Evening ...* | *Pulpally: Ecumenical Christmas Meeting* |

| | |
|---|---|
| *20 Tue Afternoon....* | *Rogationist: Parents' Meet* |
| *21 Wed 22 Thu ......* | *Visitors' day* |
| *25 Sun ................* | *CHRISTMAS* |
| *26 Mon ...................* | *Thomattuchal: Ordination of Dn. Thomas(Saneesh) Vadassery* |
| *27 Tue .................* | *Chungakkunnu: Ordination of Dn. Mathew( Jibin) Vattukulathil and Dn. Kurian (Athin) Manackaparambil CST* |
| *28 Wed ................* | *Palankara: Ordination of Dn. Joseph (Anto) Chirayilparambil* |
| *29 Thu ..................* | *Sisumala: Ordination of Dn. Varghese (Deepu) Kassamkuttiyil CST* |
| *Afternoon .......* | *Cathedral: Ordination of Dn. Varkey Nambyarmalil MCBS* |
| *31 Sat ..................* | *Perumbunna: Ordination of Dn. George Kalapurackal MCBS* |